
# കാർമ്മെൽ

ഒക്ടോബർ 1961

ത്രൈമാസികം

C A R M E L



Q U A R T E R L Y

OCTOBER 1961

കാർമ്മൽ

വർഷം 14 പു. 14 } ഒക്ടോബർ 1961 { ലക്കം 4

# ചിരപ്രതീക്ഷിതമായ ഒരു ജൂബിലിവർഷം

വി. അമ്മ ത്രേസ്യായുടെയും അവളുടെ സഹായിയായി ദൈവം തിരഞ്ഞെടുത്ത വി. യോഹന്നാൻ ക്രൂസിന്റെയും പരിശ്രമഫലമായി കർമ്മലസഭ നവീകരിച്ചിട്ട് നാലു നൂററാണ്ടുകൾ തികയുവാൻ പോകുകയാണ്, 1962 ആഗസ്റ്റ്മാസം 24-ാംതീയതി. ജൂബിലി വർഷം ഇതാ ആരംഭിച്ചിരിക്കുന്നു. ഇതു കെങ്കേമമായി കൊണ്ടാടുന്നതിനുള്ള പരിപാടികൾ എല്ലാ രാജ്യങ്ങളിലും കർമ്മലീത്തരുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വരുന്നുണ്ട്.

കർമ്മലസഭാ സുപ്പീരിയർ ജനറലിന്റെ തെരഞ്ഞെടുപ്പിന് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ റോമായിൽ സമ്മേളിച്ച പൊതുസംഘം ജൂബിലിയാഘോഷപരിപാടികൾ തയ്യാറാക്കുന്നകാര്യത്തിൽ ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. അവയുടെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ട്, ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ പിതാവ് ആ പൊതു സമ്മേളനത്തെ നാമകരണം ചെയ്തത് "കർമ്മലസഭാ നവീകരണത്തിന്റെ നാലാം ശതാബ്ദപൊതുസമ്മേളന"മെന്നാണ്.

മേൽ പറഞ്ഞ ജൂബിലി തികച്ചും യോഗ്യമായ വിധത്തിൽ ആഘോഷിക്കുന്നതിന് ആന്തരികവും ബാഹ്യവുമായ ഒരു തയ്യാറെടുപ്പാണ് വിഭാവനചെയ്തിരിക്കുന്നത്.

ഈ ജൂബിലിവർഷത്തിൽ സഭാംഗങ്ങൾ കൂടുതൽ ശ്രദ്ധയോടും തീക്ഷ്ണതയോടുംകൂടി മാനസിക പ്രാർത്ഥനയിൽ വ്യാപൃതരായിരിക്കണം; ഏകാന്തവാസം ആഗ്രഹിക്കുന്നവരെ അതിനനുയോജ്യമായ ആശ്രമങ്ങളിൽ താമസിക്കുവാൻ അനുവദിക്കണം. യഥാർത്ഥ കർമ്മലീത്താ ജീവിതം ഉദാഹരിക്കുന്നതിനും പോഷിപ്പിക്കുന്നതിനും പോരുന്ന ധ്യാനപ്രസംഗങ്ങൾ നടത്തപ്പെടണം. ഈ ജൂബിലിയുടെ സ്മരണ നിലനിറുത്തുന്നതിനും, കർമ്മലസഭാ നവീകരണകർത്താക്കൾ മാർഗ്ഗനിദർശനം നൽകിയിട്ടുള്ള അഗാധമായ ആദ്ധ്യാത്മിക ജീവിതത്തിൽ വിശ്വാസികളെ കൂടുതൽ പങ്കാളികളാക്കുന്നതിനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഉടലെടുക്കുന്നതാണ്. ബാഹ്യമായ ആഘോഷപരിപാടികൾ തയ്യാറാക്കുന്നതിന് പൊതു കമ്മററികളും, പ്രത്യേക കമ്മററികളും അവശ്യാനുസരണം രൂപീകരിക്കപ്പെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ജൂബിലിവർഷത്തിൽ പ്രത്യേകം പ്രകടമാക്കേണ്ട മൂന്നു കാര്യങ്ങൾ കൃതജ്ഞത, പ്രാർത്ഥനാചൈതന്യം, മിഷ്യൻ പ്രവർത്തന തീക്ഷ്ണത എന്നിവയാണെന്ന് പരിശുദ്ധ പിതാവ് പൊതു സംഘാംഗങ്ങളോടുപദേശിക്കുകയുണ്ടായി. കർമ്മലസഭാ നവീകരണത്തിന്റെ ചതുർ ശതാബ്ദപൂർത്തി എപ്രകാരം ഏതു ലക്ഷ്യങ്ങൾക്കുവേണ്ടി ആഘോഷിക്കപ്പെടണമെന്ന് പരിശുദ്ധ പിതാവിന്റെ ഈ നിർദ്ദേശത്തിൽനിന്ന് നമുക്കനുമാനിക്കാം.

പ്രാർത്ഥനാ ചൈതന്യവും ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള തീക്ഷ്ണതയും കർമ്മലസഭയുടെ വിശേഷ ലക്ഷണങ്ങളാണ്.

സ്നേഹംവഴി ദൈവത്തോടു നിരന്തരമായി ഐക്യപ്പെട്ട്, ജീവിതവിശുദ്ധിയിൽ അവിടുത്തെ സദാ ആരാധിക്കുക, അവിടുത്തോടു നന്ദിപറയുക, മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരംചെയ്തു മാപ്പു ചോദിക്കുക, ലോകം മുഴുവന്റെ മേലും ദൈവാനുഗ്രഹങ്ങൾ യാചിക്കുക—ഇവ കർമ്മലസഭാംഗങ്ങളുടെ ദൈവവിളിയാകുന്നു. ഇതു ശരിക്കു നിർവ്വഹിക്കുന്നതിനു സഹായിക്കുന്ന പ്രാർത്ഥനാ ചൈതന്യം സമാർജ്ജിക്കു

# സന്ന്യാസ സാമൂഹ്യജീവിതം

I

## ഐക്യം, സമൂഹത്തിൽ

(P. L.)

സാമൂഹ്യജീവിതത്തിന് ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ അഭംഗം പാലിക്കപ്പെടാതെ സാമൂഹ്യജീവിതത്തിൽ സമാധാനമുണ്ടാകയില്ല. ഏററവും പ്രധാനമായ വ്യവസ്ഥ അംഗങ്ങൾക്ക് ഐക്യമുണ്ടായിരിക്കുക എന്നതാണ്. വ്യക്തികൾക്ക് യോജിപ്പില്ലാതെ ഒരു സാമൂഹ്യജീവിതവും സാധ്യമല്ല. ആത്മാർത്ഥതയും പരസ്പരധാരണയും നീതിനിഷ്ഠയും നിസ്വാർത്ഥസേവനവും കൂടാതെ ഈ ഐക്യം നിലനിൽക്കുകയുമില്ല. എന്നാൽ ഇവയെല്ലാം വിശ്വസ്തതയോടെ പാലിച്ച് സാമൂഹ്യജീവിതത്തിൽ ശാശ്വതസമാധാനവും സൗഭാഗ്യവും സംതൃപ്തിയും അനുഭവിക്കണമെങ്കിൽ സമാധാനദായകനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം സമൂഹത്തിലുണ്ടായിരിക്കണം. സാമൂഹ്യജീവിതം ക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കണം. അതിന് വ്യക്തികൾ ക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ചുകൂടുക ആവശ്യമാണ്. "എന്റെ നാമത്തിൽ രണ്ടോ, മൂന്നോ പേർ ഒരുമിച്ചുകൂടിയാൽ ഞാൻ അവരുടെ മദ്ധ്യേയുണ്ട്" എന്നാണല്ലൊ അവിടുന്നു വാഗ്ദാനം ചെയ്തിട്ടുള്ളത്.

ക്രിസ്തുവിന്റെ നാമത്തിൽ വ്യക്തികൾ ഒരുമിച്ച് ജീവിക്കുക. അതാണ് വാസ്തവത്തിൽ സന്ന്യാസസാമൂഹ്യജീവിതം. ക്രൈസ്തവരെല്ലാവരും ക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ചു കൂടിയിട്ടുള്ളവരാണ്. എങ്കിലും

---

വാൻ അഗാധമായ ആത്മപരിത്യാഗം അത്യന്താപേക്ഷിതമാണ്. അതിനാൽ, പൂർവ്വാപരി സ്വയം പരിത്യജിച്ചുകൊണ്ട് യഥാർത്ഥ പ്രാർത്ഥനാരൂപി സമ്പാദിക്കുകയും വിശുദ്ധിയുടെ തെററാത്ത മാർഗ്ഗത്തെ അതിനുവേണ്ടി ദാഹിക്കുന്ന ആത്മാക്കൾക്കു കാണിച്ചുകൊടുക്കുകയും ചെയ്യാനുള്ള ഒരു വിശേഷ സന്ദർഭമാണ്, ഓരോ കർമ്മലീത്തനെ സംബന്ധിച്ചും, ഈ ജൂബിലിവർഷം.

"വേദപ്രചാര ശുഷ്കാന്തി സഭയുടെ ഒരു ബഹുമാന ബിരുദമാണ്" എന്നത്രേ പരിശുദ്ധ പിതാവ് പ്രസ്താവിച്ചിരിക്കുന്നത്. മെക്സിക്കോ മുതൽ ചൈനാവരെയുള്ള വിസ്തൃത ഭൂവിഭാഗങ്ങളിൽ കർമ്മലീത്താമിഷ്യനറിമാർ കൊളുത്തിയിട്ടുള്ള സത്യവിശ്വാസ ദീപനാളം ഇന്നും അണയാതെ കത്തിക്കൊണ്ടിരിക്കുന്നു. ഇതു നാൾക്കുനാൾ വർദ്ധമാനമായി പ്രകാശിച്ചു കാണുവാൻ അവരുടെ അനന്തരഗാമികൾ പരിശ്രമിക്കേണ്ടതല്ലേ? പ്രാർത്ഥനയുടേയും ത്യാഗത്തിന്റെയും ചൈതന്യത്താൽ പ്രേരിതരായി ദൈവമഹത്വം മാത്രം അന്വേഷിക്കുന്ന ആത്മാക്കൾക്ക് മററാത്മാക്കളുടെ രക്ഷ ആഗ്രഹിക്കാതിരിക്കുന്നതിനോ അതിനുവേണ്ടി ആവുംവിധം പ്രവർത്തിക്കാതിരിക്കുന്നതിനോ സാധ്യമല്ല.

സഭാനവീകരണ കർത്താക്കളായ വി. അമ്മത്രേസ്യായിലും, കുരിശിന്റെ വി. യോഹന്നാനിലും വിളങ്ങിയിരുന്ന യഥാർത്ഥ ആന്തരികജീവിതത്തിന്റെ ഈദൃശഗുണങ്ങൾ അവരുടെ മക്കൾ അഭ്യസനംകൊണ്ടെമ്മാത്രം സ്വായത്തമാക്കിയിരിക്കുന്നെന്നും തങ്ങളുടെ സ്വാധീനവലയത്തിൽ വരുന്ന ആത്മാക്കളിൽ അവ എപ്രകാരം ബീജാവാപം ചെയ്യുന്നെന്നും ഒരാത്മപരിശോധന ചെയ്യേണ്ട സന്ദർഭംകൂടിയാണ് ഈ ജൂബിലിവർഷം.

ദൈവ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും കത്തോലിക്കാസഭയുടെ അഭിവൃദ്ധിക്കും വേണ്ടി കർമ്മലീത്തർ ചെയ്യുന്ന ആദ്ധ്യാത്മികവും ബുദ്ധിപരവും വേദപ്രചാരപരവുമായ നിസ്തുല സേവനങ്ങൾ തുടന്നു കൊണ്ടുപോകുന്നതിന് ഉദാരമതികളും ത്യാഗസന്നദ്ധരുമായ യുവാക്കന്മാരെ കൂടുതലാവശ്യമുണ്ട്. അതിനുവേണ്ടി കർമ്മലസഭ വാഗ്ദാനംചെയ്യുന്ന യഥാർത്ഥ ആന്തരിക ജീവിതത്തിന്റെ വില ഗ്രഹിച്ച് പ്രസ്തുത സഭയിൽ ചേർന്ന് പരിശുദ്ധ കന്യകയുടെ സംരക്ഷണത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നവരുടെ സംഖ്യ ഈ ജൂബിലിവർഷത്തിൽ വർദ്ധിച്ചുവരട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

സന്യാസ സാമൂഹ്യജീവിതത്തിലാണ് അതു പൂർണ്ണമായി അന്വർത്ഥമാകുന്നതു്. സന്യാസസമൂഹങ്ങളാണ് ക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തുവിന്റെ മഹത്വത്തിനു വേണ്ടിമാത്രം നിലകൊള്ളുക, ഒന്നിച്ചു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ദൈവമഹത്വത്തിനായി പലർ ഒരുമിച്ച് ഒരു ഭവനത്തിൽ ഒരു മേലധികാരിയുടെ കീഴിൽ ഒരേ ഒരു നിയമാവലയ്ക്കു വിധേയരായി ജീവിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണ് സന്യാസസാമൂഹ്യജീവിതാദർശം. അംഗങ്ങൾക്കു പരസ്പരമുള്ള ഐക്യത്തിന്റെ പരിശുദ്ധിയും പരിപൂർണ്ണതയുമനുസരിച്ച് ക്രിസ്തുനാഥന്റെ സാന്നിദ്ധ്യവും അവിടുന്ന് വാഗ്ദാനം ചെയ്യുന്ന സമാധാനവും സമൂഹത്തിൽ അനുഭവപ്പെടുകയും ചെയ്യും.

## ഐക്യത്തിന്റെ ആദർശം

ക്രൈസ്തവർക്കു പരസ്പരം ഉണ്ടായിരിക്കേണ്ട ഐക്യം ഏററവും പാവനവും പൂർണ്ണവും ആയിരിക്കണമെന്നാണ് ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നതു്. സഭയ്ക്കു വേണ്ടി അവിടുന്നു പിതാവിനോടു പ്രാർത്ഥിച്ചു. "പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നു ....പോലെ അവരും നമ്മിൽ ഒന്നാകേണ്ടതിന് .... നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ........അവർ ഐക്യത്തിൽ പൂർണ്ണരാകേണ്ടതിന്........ നിനക്ക് എന്നിലുള്ള സ്നേഹം അവരിൽ ഉണ്ടാകുവാനും ഞാൻ അവരിൽ ആയിരിക്കുവാനും വേണ്ടി നിന്റെ നാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു; അറിയിക്കുകയും ചെയ്യും" (യോഹ XVII; 21, 22, 26)

പിതാവും സുതനും തമ്മിലുള്ള ഐക്യം, ഏററവും പരിപൂർണ്ണവും പരിപാവനവുമായ ഐക്യം, പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യം, ഏകസ്വഭാവത്തിൽ മൂന്നു ദൈവാളുകളും യോജിച്ചിരിക്കുന്ന ദിവ്യമായ ഐക്യം, ഇതാണ്. ക്രിസ്തുനാഥൻ നമ്മുടെ മുമ്പിൽ വയ്ക്കുന്ന ഐക്യത്തിന്റെ ആദർശം ഒരേ ഒരു സ്വഭാവത്തിൽ മൂന്നാളുകൾ ഒന്നിച്ചു ജീവിക്കുന്ന ഒരു സാമൂഹ്യജീവിതമാണ് ദൈവത്തിന്റെ ജീവിതം. അതുല്യവും സർവ്വസമ്പൂർണ്ണവുമായ ഈ സാമൂഹ്യജീവിതം ക്രൈസ്തവ സാമൂഹ്യജീവിതത്തിന്റെ മാതൃകയായി ക്രിസ്തുനാഥൻ നിർദ്ദേശിക്കുകയാണ്. ക്രൈസ്തവർക്കു പൊതുവേ ഉണ്ടായിരിക്കേണ്ട ഈ ഐക്യം ക്രൈസ്തവപരിപൂർണ്ണതയ്ക്കു പരിശ്രമിക്കുന്ന സന്യാസസഭാംഗങ്ങളിൽ എത്ര പൂർണ്ണമായിരിക്കേണ്ടതാണ്.

## ആന്തരികഐക്യം പ്രധാനം

സന്യാസസാമൂഹ്യജീവിതത്തിൽ ആർക്കും സ്വന്തമായി ധനമില്ല, വീടില്ല, മുറിയില്ല, കിടക്കയുമില്ല. വിവിധ നിയമങ്ങളുടെ വ്യത്യാസമനുസരിച്ച് വൈവിദ്ധ്യങ്ങളുണ്ടെങ്കിലും സമ്പാദ്യമെല്ലാം പൊതുവായിരിക്കണമെന്നുണ്ട്. ജീവിതരീതിയിലും ഭക്ഷണത്തിലും വസ്ത്രത്തിലുമെല്ലാം കഴിയുന്നതും ഐകരൂപ്യമുണ്ടായിരിക്കും. എല്ലാ സന്യാസസഭകളിലും ഇവയെല്ലാം ഏറെക്കുറെ പൂർണ്ണമായി പാലിക്കപ്പെടുന്നുമുണ്ട്. പക്ഷെ, കേവലം ബാഹ്യമായ ഐക്യവും ഐകരൂപ്യവും ഉണ്ടായതുകൊണ്ടുമാത്രം സമൂഹത്തിൽ ശരിയായ സമാധാനവും സൗഭാഗ്യവും കൈവരുകയില്ല. ആന്തരിക ഐക്യമാണ് പ്രധാനം. അതിൽനിന്നുവേണം ബാഹ്യമായതു രൂപമെടുക്കുവാൻ. ആന്തരിക ഐക്യത്തിന്റെ അഭാവം, അംഗങ്ങളുടെയിടയിൽ അസമാധാനത്തിനും അസംതൃപ്തിക്കും, സമൂഹത്തിന്റെ അധഃപതനത്തിനും വഴിതെളിക്കും. ആന്തരിക ഐക്യം ഹൃദയങ്ങളുടേയും മനസ്സുകളുടേയും യോജിപ്പാണ്. വ്യക്തികൾ തമ്മിൽ ചിലപ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടാകാം. അതു് സ്വാഭാവികമാണ്. കാര്യങ്ങളുടെ വിവിധ വശങ്ങളും ശരിയായി ഗ്രഹിക്കുന്നതിന് അവ സഹായകവുമാകും. പക്ഷെ, അഭിപ്രായവ്യത്യാസങ്ങൾ മൂലം വ്യക്തികളുടെ ആന്തരിക ഐക്യവും സമാധാനവും നഷ്ടപ്പെടാതിരിക്കാൻ സൂക്ഷിക്കണം. വ്യക്തികൾ കൂടി ആലോചിച്ച് ഒരു തീരുമാനത്തിലെത്തി പൊതു നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സന്നദ്ധരാകുകയും വേണം. അവയവങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം ശരീരാരോഗ്യത്തിനത്യാവശ്യമായിരിക്കുന്നതുപോലെ അംഗങ്ങളുടെ ആന്തരിക ഐക്യവും, ബാഹ്യപ്രവർത്തനവും സമൂഹത്തിന്റെ ആരോഗ്യത്തിനും ആവശ്യമാണ്. ഓരോരുത്തരുടേയും ആദ്ധ്യാത്മികവും, മാനസികവും, കായികവുമായ കഴിവുകളെല്ലാം ഒന്നിച്ചുകൂട്ടി പ്രവർത്തിക്കുമ്പോൾ സമൂഹത്തിന് അഭിവൃദ്ധിയുണ്ടാകും. അത്ഭുതകരമായിരിക്കും അവരുടെ പ്രവർത്തനഫലം.

## അതിസ്വാഭാവിക ഐക്യം

സഹോദരങ്ങൾ തമ്മിലുള്ള ഐക്യം അതിസ്വാ

# സമാധാന മാർഗ്ഗം

(ഫാദർ യൗനാൻ)

"നീ എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം വിശ്വസിക്കുവാൻ അവർ എവരും ഒന്നാകേണ്ടതിന് എൻെറ പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (വി. യോഹ. 17 : 21) "നിങ്ങൾ എന്നിൽ വസിപ്പിൻ, ഞാനും നിങ്ങളിൽ വസിക്കും. കൊമ്പു മുന്തിരിവള്ളിയിൽ ഇരിക്കുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു തനിയെ കഴിയാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല" (വി. യോഹ. 15 : 4). "അവൻ സഭയുടെ വാക്കു കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ". (വി. മത്താ. 18 : 17).

ക്രിസ്തുനാഥൻെറ ദിവ്യപ്രബോധനങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും ക്രിസ്തുവിനാൽ സംസ്ഥാപിതമായ തിരുസഭയാണ് സമാധാനമാർഗ്ഗമെന്ന്. അതിൽനിന്നു വിഭിന്നമായി ജീവിക്കുന്നതു തെററാണെന്നും ദിവ്യഗുരു ചൂണ്ടിക്കാണിക്കുന്നു. ലോകത്തെ രക്ഷിക്കുവാൻ മനുഷ്യജന്മം സ്വീകരിച്ച ദൈവകുമാരനായ ക്രിസ്തു ഏക സത്യതിരുസഭയെ ലോകത്തിൽ സ്ഥാപിച്ചു. വിശ്വൈക മഹാകുടുംബമായ തിരുസഭ വഴിയായി എവരും നിത്യരക്ഷ പ്രാപിക്കണമെന്ന് അവിടുന്നു പഠിപ്പിച്ചു. ക്രൈസ്തവസഭകളുടെ ഭിന്നതയും അപഥമാർഗ്ഗസഞ്ചരണവും ലോകരക്ഷകനു വേദനാജനകമാണ്. എവരും ഏകസത്യതൊഴുത്തിലേയ്ക്കു വരുവാൻ അവിടുന്നു പ്രാർത്ഥിക്കുന്നു.

---

ഭാവികമായിരിക്കണം. അതായത്, അതിസ്വാഭാവിക സ്നേഹത്തിൽ അടിയുറച്ചതായിരിക്കണം. കേവലം സ്വാഭാവിക സ്നേഹവും ഐക്യവും, അതെത്ര ദൃഢമാണെങ്കിലും ശാശ്വതമല്ല. സന്യാസസമൂഹങ്ങളിൽ അതിനു സ്ഥാനവുമില്ല. ക്രിസ്തുവിൻെറനാമത്തിൽ ഒന്നിച്ചു ജീവിക്കുന്നവർക്കുണ്ടായിരിക്കേണ്ടതു്, ദൈവ സ്നേഹത്തിൽനിന്നും ക്രൈസ്തവസാഹോദര്യത്തിൽനിന്നും ഉത്ഭൂതമാകുന്ന ഐക്യമാണ്. പിതാവിനും സുതനും തമ്മിലുള്ള ഐക്യത്തിൻെറ ഒരു സാധർമ്മ്യം ഈ അതിസ്വാഭാവിക ഐക്യത്തിൽ മാത്രമാണുണ്ടാകുക.

സമൂഹത്തിലെ വ്യക്തികൾ പലതരക്കാരാണ്. പ്രായത്തിലും, ആരോഗ്യത്തിലും, സ്വഭാവഗതിയിലും വിശുദ്ധിയിലും വിജ്ഞാനത്തിലുമെല്ലാം വൈവിധ്യങ്ങളുണ്ടു്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടു് പരസ്പരം സഹായിച്ചും സഹകരിച്ചും തെററുകൾ തിരുത്തിയും കുററങ്ങളും കുറവുകളും പരസ്പരം ക്ഷമിച്ചും സഹിച്ചും എല്ലാവർക്കും എല്ലാമാകുവാൻ ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുമ്പോൾ സുശക്തവും വിശുദ്ധവുമായ ഒരു സന്യാസ സമൂഹം രൂപമെടുക്കും. അതിസ്വാഭാവിക സ്നേഹവും ഐക്യവും മാത്രമേ ഇവിടെ വിജയം വരിക്കൂ.

പലതരം ലോഹങ്ങൾ ഒരുമിച്ച് ഉരുകിച്ചേരുമ്പോൾ ഒരു പുതിയ ലോഹക്കൂട്ടുണ്ടാകുന്നു. ലോഹങ്ങൾ ഓരോന്നും തനിച്ചു നിന്നാലുണ്ടാകാത്ത ചില പ്രത്യേക ഗുണവിശേഷങ്ങൾ ആ പുതിയ ലോഹത്തിനു ലഭിക്കുന്നു. അതേസമയം ഓരോന്നിനുമുള്ള കറയും കരടും പൊടിയും പൊട്ടുമെല്ലാം പോയി കുറവുകൾ പലതും പരിഹരിക്കപ്പെടുകയും ചെയ്യുന്നു. ഇതുപോലെ അതിസ്വാഭാവിക സ്നേഹത്തിൽ — സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയത്തിൽ—വ്യക്തികൾ ഒന്നിച്ചു കൂടുമ്പോൾ, സ്നേഹത്തിൽ ഉരുകിച്ചേരുമ്പോൾ, വ്യക്തികളുടെ സ്വാർത്ഥതയും, സ്വകാര്യതാല്പര്യങ്ങളും മാറി കുറവുകളും കുററങ്ങളുമെല്ലാം പരിഹരിക്കപ്പെടുന്നു. സ്വാഭാവിക കഴിവുകളും ഗുണങ്ങളും കൂടുതൽ പ്രശോഭിക്കുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

ഇങ്ങനെ വ്യക്തികൾ ക്രിസ്തുവിൻെറ നാമത്തിൽ ഒന്നിച്ചുകൂടി ആന്തരികവും അതിസ്വാഭാവികവുമായ സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുമ്പോൾ സങ്കീർത്തകനോടുകൂടി ആത്മാർത്ഥമായി അവർക്കു പാടാം:

"കണ്ടാലും, സഹോദരങ്ങൾ ഒരുമിച്ച് ഐക്യത്തിൽ വസിക്കുന്നതു് എത്രയോ നല്ലതും മനോഹരവുമാകുന്നു". (സങ്കീ. 132).

സത്യവും അസത്യവും തമ്മിലുള്ള സമരം ലോകാന്ത്യം വരെയും ഉണ്ടായിരിക്കും. ക്രിസ്തുവിൻെറ ജീവിതം സകലരുടേയും വിസ്മയത്തിനും, വിദ്വേഷത്തിനും, വിവാദത്തിനും, വിമർശനത്തിനും വിഷയമായിരുന്നതുപോലെ സത്യതിരുസഭയുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനു ലഭിച്ച സ്വീകരണം തന്നെ ജനതാമദ്ധ്യത്തിൽ സഭയ്ക്കും സിദ്ധിക്കുന്നു. ക്രിസ്തുവിൻെറ പ്രബോധനത്തിനും പ്രാർത്ഥനയ്ക്കും അഭിലാഷത്തിനും വിപരീതമായി ഇന്നു ഭൂമുഖത്തു് പരസ്പര വിരുദ്ധങ്ങളായ വിവിധ ക്രൈസ്തവസഭകളെ ദർശിക്കുമ്പോൾ യഥാർത്ഥ ക്രൈസ്തവൻെറ ഹൃദയം വ്രണിതമാകാതിരിക്കുകയില്ല. നിർഭാഗ്യമെന്നു പറയാതെ നിവൃത്തിയില്ല; എല്ലാമതങ്ങളുടേയും സമുദായങ്ങളുടേയും മൗലികതത്വങ്ങൾ ഒന്നുതന്നെയാണെന്നും നിത്യരക്ഷയ്ക്കു അവയിലേതായാലും മതിയെന്നുമുള്ള സാഹസിക നിഗമനത്തിൽ ലോകം ഇന്നെത്തിക്കഴിഞ്ഞു. അവയ്ക്കു വില കല്പിക്കുവാൻ സുബുദ്ധിയുള്ളവർക്കു സാദ്ധ്യമല്ല. യഥാർത്ഥക്രിസ്തുമതം ഒരു ദിവ്യശിശുവിൻെറ അവതാരത്തോടുകൂടെ ആരംഭിച്ചതാണു്. "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ" മതസ്ഥാപകനാകുന്നു. ഇതരക്രൈസ്തവ സമുദായങ്ങളാവട്ടെ പ്രായപൂർത്തി വോട്ടവകാശമുള്ളവരുടെ സ്ഥാപിതതാല്പര്യങ്ങളിലും ശിക്ഷണങ്ങളിലും കെട്ടിപ്പടുത്തതാണു്. ശാശ്വതസമാധാനത്തിനു് അവ മതിയായവയല്ല. ഭാരതം പാരതന്ത്ര്യത്തിൻെറ ശൃംഖലകൾ പൊട്ടിച്ചെറിഞ്ഞു. പ്രായപൂർത്തിവോട്ടവകാശവും കിട്ടി. മതത്തിൻെറ കാര്യത്തിലും ഇതായിരിക്കണമോ ജനതയുടെ നിലപാടു്? ഒരിക്കൽ ഒരു ക്രിസ്തീയ വകുപ്പിൻെറ സ്തോത്രപ്രാർത്ഥനയുടെ ഒരു ഭാഗം ഏതാണ്ടി പ്രകാരമായിരുന്നു. "കർത്താവേ, ഞങ്ങൾ നിനക്കു് സ്തോത്രം തരുന്നു. എന്തുകൊണ്ടെന്നാൽ യാതൊരു പരമാധികാരത്തിനും ഞങ്ങൾ വിധേയരല്ലല്ലോ". പുനരൈക്യപ്പെട്ട രണ്ടു വൈദികരോടു നവീകരണക്കാരിയായ ഒരു മാന്യവനിത ഒരിക്കൽ സങ്കടത്തോടുകൂടി പറഞ്ഞതാണു്. "പുതിയ പുതിയ സഭകൾ ഉണ്ടായിരിക്കുന്ന ഈ കാലത്തു് പഴയ സഭയിൽ അച്ചന്മാർ ചേർന്നതു് മോശമായിപ്പോയി" യെന്നു് ഒരു സംഭാഷണമദ്ധ്യേ ഒരുപദേശി തട്ടിമൂളിച്ചു. കോഴഞ്ചേരി ചന്തയിൽവച്ചു് അയാൾ മാപ്പാപ്പായെ കണ്ടുപോലും. ഒരു കാറിൽ വന്നിറങ്ങിയ ഏതോ യൂറോപ്യനെ മാപ്പാപ്പായാണെന്നു് പാവം വിശ്വസിച്ചുപോയി. വിവിധ ക്രൈസ്തവരുടെ ഇടയിലുള്ള അജ്ഞത കമ്മ്യൂണിസത്തെക്കാൾ ഭയങ്കരമായ നാശങ്ങൾ വരുത്തിക്കൂട്ടുന്നുണ്ടു്. കേരളത്തിലെ ഒരു അകത്തോലിക്ക മതാദ്ധ്യക്ഷൻെറ കല്പന കുറെ വർഷങ്ങൾക്കുമുമ്പു് വായിക്കാനിടയായി. 1954 നവംബർ 28–ാം തീയതി ഓർത്തഡോക്സ്പള്ളിയിലെ പ്രജാസംഘയങ്ങൾക്കു അദ്ദേഹമതയച്ചു. ഉള്ളടക്കം ഇതായിരുന്നു. തൻെറ ആത്മജർ നോമ്പിലും പ്രാർത്ഥനയിലും നിഷ്ഠയുള്ളവരായിരിക്കണം. ദൈവത്തെക്കാൾ കൂടുതൽ പണത്തെ സ്നേഹിക്കരുതു്. റീത്തുകാരോടു് സമ്പർക്കം പുലർത്തരുതു്. അവർ പണം കൊടുത്തു ആളുകളെ സഭയിൽചേർക്കുന്നു. മാർതോമ്മാ ശ്ലീഹായുടെ മലങ്കര സിംഹാസനത്തെ അവർ നശിപ്പിക്കുന്നു. അവരുടെ കുർബ്ബാന ശരിയായിട്ടുള്ളതല്ല. അനുഭവിച്ചാൽ ഗുണമില്ല. ഇങ്ങനെയൊക്കെ പോകുന്നു തുക്കരംവിളയാട്ടങ്ങൾ. "പ്രിയപ്പെട്ടവരേ റോമ്മാക്കാർ നമ്മുടെ കർത്താവിനെ ക്രൂശിച്ചവരാണു്. അതുകൊണ്ടു് നിങ്ങളാരും റോമ്മാസഭയിൽ പോകരുതെ" എന്നു് ഈ അഭിവന്ദ്യ മതാദ്ധ്യക്ഷൻ ഒരു പള്ളിയിൽ പ്രസംഗിച്ചതായും കേട്ടിട്ടുണ്ടു്. മേല്പട്ടക്കാരൻെറ കല്പനയിൽ ഒന്നു രണ്ടു നല്ല ആശയങ്ങൾ ഉണ്ടു്. നോമ്പും നമസ്കാരവും നിറവേററണമെന്നും പണത്തെ സ്നേഹിക്കരുതെന്നും. കല്പനയിലെ മററുഭാഗങ്ങളെക്കുറിച്ചു് പറഞ്ഞാൽ അജ്ഞത നിറഞ്ഞ കൈത്തലം ഉയർത്തിക്കാണിക്കുന്നതിനു മാത്രമേ ആവിഷ്കൃത മതത്തിൻെറ ദുർവെളിച്ചത്തിൽ നിന്നകന്നു ജീവിക്കുന്ന മതാദ്ധ്യക്ഷന്മാർക്കു കഴിയുന്നുള്ളുവെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ ആന്തരിക ക്ഷേത്രത്തിൽ യാതൊരു സമ്പാദ്യവുമില്ലാതെ ആദ്ധ്യാത്മിക പാപ്പരത്വം എഴുതിപിടിച്ചിരിക്കുന്ന മതാദ്ധ്യക്ഷന്മാർക്കും ആചാര്യന്മാർക്കും സമുദായപ്രവർത്തകർക്കും ജനസമുദായത്തിനു ഗുണപ്രദങ്ങളായ പ്രബോധനങ്ങൾ നൽകാനോ സമാധാനമാർഗ്ഗം ചൂണ്ടിക്കാണിക്കാനോ കഴിയുന്നതല്ല.

മാതൃസഭയിൽ അഭയം പ്രാപിക്കുന്നതുകൊണ്ടു് യാതൊരു ദോഷവും ആർക്കും ഉണ്ടാകുന്നതല്ല. പ്രത്യുത, ദൈവാനുഗ്രഹത്താൽ ഭൗതികാപാരത്രിക നന്മകൾ സിദ്ധിക്കുന്നു. ഈശ്വരനിവേശിതമായ മതത്തോടുള്ള ഐക്യവും വിശുദ്ധജീവിതവും അനശ്വരസമാധാനം കൈ വരുത്തുന്നു. പരത്തിൽ നിത്യഭാഗ്യവും തരുന്നു.

# ആവിലാനഗരത്തിൻെറ അമ്പരപ്പ്*

(റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

അന്ന് ആവിലാനഗരത്തിൽ ഒരു വലിയ കോളിളക്കമുണ്ടായി. "അവരെ ശിക്ഷിക്കണം; അവരെ പോലീസിൽ ഏല്പിക്കണം; അവർ അഹംഭാവികൾ! ധിക്കാരികൾ! കപടഭക്തർ! അവരുടെ മഠത്തിനു തീവയ്ക്കണം; അവരെ ജയിലിലടക്കണം" എന്നിങ്ങനെ ഇരമ്പിമറിഞ്ഞു, ആ നഗരവാസികളുടെ ചിന്തകളും അഭിപ്രായപ്രകടനങ്ങളും. തെരുവീഥികളിലും കള്ളുഷാപ്പുകളിലും പള്ളിമുററത്തും കച്ചവടസ്ഥലത്തും വീടുകളിലും സന്യാസാശ്രമങ്ങളിലും എവിടെയും ഈ ഒരു സംഭാഷണമേ കേട്ടിരുന്നുള്ളു.

എന്താണ് ആവിലാ നിവാസികളെ ഇത്ര സംഭ്രാന്തരാക്കിയ സംഭവം? ആരൊക്കെയായിരുന്നു ഈ ധിക്കാരികളും അഹങ്കാരികളും ?

* നിഷ്പാദുക കർമ്മലസഭയുടെ നിർമ്മാതാക്കൾ എന്ന പേരിൽ ഉടനെ പ്രസിദ്ധീകരിക്കുവാൻ പോകുന്ന പുസ്തകത്തിൽനിന്നു്.

1562, ആഗസ്റ്റുമാസം 24-ാം തിയതി ആ പട്ടണത്തിൽ ഒരു ചെറിയ മഠം സ്ഥാപിതമായി. ഇൻകാർണേഷൻ മഠാംഗമായിരുന്ന അമ്മത്രേസ്യായും വേറെ നാലു കന്യകകളുംകൂടെ അങ്ങോട്ടു മാറിത്താമസിച്ചു. കർമ്മലസഭയുടെ പൂർവനിയമം പ്രാബല്യത്തിൽ കൊണ്ടുവരണമെന്നും തദനുസരണം കഠിനമായ ക്രമാനുഷ്ഠാനങ്ങളും തപശ്ചര്യകളും അവലംബിച്ച് ആ പുതിയ മഠത്തിൽ ജീവിതം നയിക്കണമെന്നും മാത്രമായിരുന്നു ആ കന്യകകളുടെ അഭിലാഷം. ഈ ചെറിയ സംഭവമാണ് ആവിലാ നഗരത്തെ ഇളക്കിമറിച്ചതു്.

സാധാരണ ജനങ്ങൾമാത്രമല്ല നഗരസഭതന്നെ ഇക്കാര്യത്തിൽ മുൻകൈ എടുത്തു പ്രവർത്തിക്കാൻ നിശ്ചയിച്ചു. ദൈവത്തെ സ്തുതിച്ചുകൊണ്ടു് ആ ചെറുകുടിലിൽ താമസിച്ചിരുന്ന നാലു സാധുകന്യകകൾ അത്രക്ക് അപകടകാരികളായിട്ടാണ് അവരുടെ ദൃഷ്ടിയിൽ പെട്ടതു്. മൂറുകളോ മഹമ്മദീയരോ വലിയ ഒരു പട്ടാളവുമായി ആ നഗരത്തെ വലയം ചെയ്തിരുന്നെങ്കിൽപോലും ആ നഗരവാസികൾ ഇത്ര ഉൾക്കണ്ഠാകുലരാകുമയിരുന്നെന്നു തോന്നുന്നില്ല.

നഗരസഭാധിപൻ കുറെ ആളുകളെയും കൂട്ടിക്കൊണ്ടു മഠത്തിലെത്തി. ഉടനെ ആ കന്യകകളെ അവിടെ നിന്ന് ബഹിഷ്ക്കരിക്കണമെന്നായിരുന്നു അയാളുടെ ഉദ്ദേശ്യം. അവർ സ്വമനസാ അവിടെ നിന്ന് പോകുവാൻ തയ്യാറാകുന്നില്ലെന്നു കണ്ടപ്പോൾ ബലാൽക്കാരമായി പുറത്താക്കണമെന്നു അയാൾ നിശ്ചയിച്ചു. വാതിൽ തല്ലിപൊളിക്കാനായിരുന്നു അയാളുടെ അനന്തരയത്നം. പക്ഷെ വിശുദ്ധകുർബ്ബാന പുറംവാതിലിനോട് തൊട്ടടുത്തുള്ള കപ്പേളയിൽ പരസ്യാരാധനയ്ക്കു സ്ഥാപിച്ചിരിക്കുന്നെന്നു കണ്ടപ്പോൾ ആ സാഹസകൃത്യത്തിൽനിന്നും അയാൾ പിന്തിരിഞ്ഞു. പോരെങ്കിൽ മഠം, സ്ഥലത്തെ മെത്രാൻെറ അനുവാദത്തോടുകൂടെയാണ് സ്ഥാപിതമായതെന്നും അവിവേകം പ്രവർത്തിച്ചാൽ ചോദിക്കാനാളുണ്ടാകുമെന്നും അയാൾക്ക് അറിയാമായിരുന്നു.

സ്വതന്ത്രസഭയുടെ ജനയിതാക്കൾ അവരുടെ തെററുകൾ മനസ്സിലാക്കി നല്ല കള്ളനെപ്പോലെ മോക്ഷം മോഷ്ടിച്ചെടുക്കട്ടെ. ഇടതുഭാഗത്തെ കള്ളൻ സ്വയം പാപിയാണെന്ന് ഏററുപറയാൻ തയാറില്ലായിരുന്നു. അവൻെറ ആത്മാവു നശിച്ചു. എല്ലാവരും കള്ളന്മാരാണ്. മോക്ഷം കിട്ടാൻ നല്ല കള്ളന്മാരായേ മതിയാവൂ. തെററുകൾ ഏററുപറയണം. ശീശ്മയും ഇടത്തുട്ടം മഹാപാപമാണെന്ന് വേദാഗമം നമ്മെ പഠിപ്പിക്കുന്നു. ഒന്നിച്ചാൽ വിജയിക്കും. ഭിന്നിച്ചാൽ നശിക്കും. അപ്പസ്തോലന്മാരോടും അനന്തരഗാമികളോടും യാതൊരു ബന്ധവുമില്ലാത്ത ക്രൈസ്തവ സമുദായങ്ങൾ എത്രയെത്ര പ്രോജ്വലങ്ങളായ പ്രഭാഷണങ്ങൾ നൽകിയാലും തീക്ഷ്ണതാപൂർവ്വം ഉപവാസയജ്ഞം അനുഷ്ഠിച്ചാലും ഫലമൊന്നുമില്ല. അടിയുറപ്പില്ലാത്ത ചേററുകുണ്ടിൽ പതിച്ചവൻ അതിൽനിന്ന് കയറാൻ ചെയ്യുന്ന പാടുകൾ കൂടുതൽ അപകടഹേതുകമായി തീരുന്നു. യഥാർത്ഥസമാധാനമാർഗ്ഗം അവർ അവലംബിച്ചെങ്കിൽ കൊള്ളാമായിരുന്നു.

(തുടരും)

ആ പാവപ്പെട്ട കന്യകകളെ ഉപദേശിച്ചോ, ഭയപ്പെടുത്തിയോ അവിടെനിന്നു ഇറക്കാമോ എന്ന് ഒരിക്കൽക്കൂടെ അയാൾ പരിശ്രമിച്ചുനോക്കി. പക്ഷെ അയാളുടെ പ്രതീക്ഷ അസ്ഥാനത്തായി. തങ്ങളെ അവിടെ കൊണ്ടുവന്നാക്കിയ ആൾ പറയാതെ അവിടെനിന്നിറങ്ങാൻ തങ്ങൾ സന്നദ്ധരല്ലെന്നും, വാതിൽ ചവിട്ടിപ്പൊളിക്കുന്നതിൽ തങ്ങൾക്കു വിരോധമില്ലെന്നും, പക്ഷെ അതു് ചെയ്യാനുദ്യമിക്കുന്നവൻ അതിന്റെ ഭവിഷ്യത്തുകളെപ്പററി ചിന്തിച്ചിട്ടു പ്രവർത്തിച്ചാൽ നന്നായിരിക്കുമെന്നും അവർ ധൈര്യസമേതം മറുപടി നൽകി. ഇതുകേട്ടു് ആ ഉദ്യോഗസ്ഥൻ ലജ്ജിച്ചു് പിന്തിരിയേണ്ടിവന്നു.

എങ്കിലും ഇതുകൊണ്ടൊന്നും നഗരമോ നഗരസഭയോ സമാധാനപ്പെട്ടില്ല. നഗരത്തിലെ പ്രഭുക്കളും സന്യാസസഭാംഗങ്ങളും ഇടവകകളും സാമാന്യജനങ്ങളും ഒത്തൊരുമിച്ചു മുന്നോട്ടു നീങ്ങുകയായിരുന്നു ആ ചെറിയ മഠം നാമാവശേഷമാക്കുന്നതിനു്.

നഗരാധിപൻ ഉടൻതന്നെ ഒരു വലിയ യോഗം വിളിച്ചുകൂട്ടി. ആവിലാ പട്ടണത്തിലെ സകല സന്യാസാശ്രമങ്ങളിൽനിന്നും ഈരണ്ടു അംഗങ്ങൾ അതിലേക്കു ക്ഷണിക്കപ്പെട്ടു. കൂടാതെ മെത്രാന്റെയും ഇടവകപ്പള്ളികളുടേയും പ്രതിനിധികളും പട്ടണത്തിലെ എല്ലാ പ്രമാണികളും അവിടെ സന്നിഹിതരായി. ആ പാവപ്പെട്ട കന്യകകൾ ഇങ്ങനെ ഒരു മഠം സ്ഥാപിച്ചതു് ആവിലാപട്ടണത്തോടു ചെയ്ത വലിയ അക്രമമാണെന്നും, വിശുദ്ധ കർബ്ബാന അവിടെനിന്നു് നീക്കം ചെയ്ത ശേഷം ആ കന്യകകളെ ഉടൻതന്നെ അടിച്ചോടിക്കണമെന്നുമായിരുന്നു ആ യോഗത്തിലെ പൊതുവായ അഭിപ്രായഗതി.

എന്നാൽ ബുദ്ധിമാനും തപോനിഷ്ഠനും ദൈവസ്നേഹിയുമായ ഒരു വന്ദ്യവൈദികൻ ആ സദസ്സിൽ എഴുന്നേററുനിന്നു. അതു ഡോമിനിക്കൽ സഭാംഗമായ ഫാ. ഡോമിനിക്കു് ബാഞ്ഞസ് ആയിരുന്നു. യോഗാംഗങ്ങളുടെ അഭിപ്രായം ബാലിശമാണെന്നും, ഏതാനും കന്യകകൾ ദൈവത്തെ സ്തുതിച്ചുകൊണ്ടു് ഒരു മഠത്തിൽ താമസിക്കുന്നതുകൊണ്ടു് ആവിലാപട്ടണത്തിന്റെ മതിലുകൾ ഇടിഞ്ഞുവീഴുകയില്ലെന്നും. ആ കന്യകകളെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുന്നതു് ദൈവശാപത്തിനു കാരണമാകുമെന്നും അദ്ദേഹം യുക്തിയുക്തം വാദിച്ചു. ശക്തിമത്തായ ആ വാഗ്ധോരണി യോഗാംഗങ്ങളെ ഹഠാദാകർഷിച്ചു. അവർ ഗൗരവതരമായ ഈ വിഷയത്തെപ്പററി ഗാഢമായി ചിന്തിച്ചു. തൽഫലമായി ആ മഠം ഉടൻതന്നെ നശിപ്പിക്കേണ്ടതില്ലെന്നു് അവർ തീരുമാനിച്ചു.

ഇവിടെയും കാര്യം അവസാനിച്ചില്ല. പുതിയ മഠത്തെ സംബന്ധിച്ച സകല വിവരങ്ങളും രാജാവിന്റെ മന്ത്രിസഭയിലേക്കു് അയയ്ക്കപ്പെട്ടു. സംഗതികളുടെ സകല സാഹചര്യങ്ങളും അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനു് ഒരു കല്പന പ്രസ്തുത മന്ത്രിസഭ പുറപ്പെടുവിച്ചു. ഇതു ഒരു കേസിലാണു് ചെന്നവസാനിച്ചതു്. അങ്ങനെ നഗരസഭയ്ക്കെതിരായി മഠത്തിന്റെ അനുഭാവികൾ കോർട്ടിൽ ഹാജരായി ആ സ്ഥാപനം രക്ഷിക്കുന്നതിനുവേണ്ടി വാദിക്കുവാൻ നിർബന്ധിതരായി. കേസ് കുറച്ചുനാൾ നീണ്ടു നിന്നു. സ്ഥലത്തെ മെത്രാനും, ഡോമിനിക്കു് ബാഞ്ഞസ്, ഡോക്ടർ ദാസാ, ജൂലിയൻ ദെ ആവിലാ, എന്ന വന്ദ്യവൈദികരും മഠത്തിനും അമ്മത്രേസ്യായ്ക്കും വേണ്ടി നിലകൊണ്ടു. കേസിൽ നഗരസഭയാണു് പരാജയമടഞ്ഞതു്. വിശുദ്ധയൗസേപ്പിന്റെ നാമത്തിൽ സ്ഥാപിതമായ പ്രഥമ നിഷ്പാദുക കർമ്മലമഠം ഇങ്ങനെ വിജയശ്രീലാളിതമായി വിലസി.

ഏതാനും സാധുകന്യകകൾ, ആ നഗരത്തിന്റെ ഒരു മൂലയിൽ സ്ഥാപിതമായ ഒരു ചെറിയ ഭവനത്തിൽ നിവസിച്ചു ദൈവത്തെ സ്തുതിക്കുകയും തപഃക്രിയകൾ അനുഷ്ഠിക്കുകയും ചെയ്യുന്നതുമൂലം ആവിലാ പട്ടണം തകിടം മറിയാൻ പോകുന്നില്ലെന്നു് ആ നഗരവാസികൾ അചിരേണ മനസ്സിലാക്കി. അന്നു് അവരുടെ അപവാദങ്ങൾക്കും അവഹേളനങ്ങൾക്കും പാത്രമായ അമ്മത്രേസ്യാ ആവിലാനഗരത്തിന്റെ തേജഃപുഞ്ജമായി ഇന്നു പരിലസിക്കുന്നു. അവർ നാമാവശേഷമാക്കുന്നതിനു് അന്നു് വെമ്പൽ കൊണ്ട ആ വിനീതമഠം ഇന്നു് ശാഖോപശാഖകളായി ലോകമാസകലം വ്യാപിച്ചു മനുഷ്യവർഗ്ഗത്തിനു് അഭൗമ ജീവിതത്തിന്റെ മാദകമായ മാധുര്യം പകർന്നുകൊടുത്തുകൊണ്ടു മഹത്തരമായ ഒരു സന്യാസ സഭയായി പരിലസിക്കുന്നു.

# ക്രിസ്തീയ ജീവിതത്തിന്റെ രണ്ടു നീരുറവകൾ

(ഫാ: എലിസേവൂസ് ഒ. സി. ഡി.)

രണ്ടായി ഗണിക്കപ്പെട്ടന്നെങ്കിലും ക്രിസ്തീയ ജീവിതത്തിന്റെ നീരുറവകളായ ദിവ്യകാരുണ്യവും ദിവ്യബലിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. മനുഷ്യർക്കു വേണ്ടി നിത്യപിതാവിനു് ബലിയായി അർപ്പിച്ച സ്വന്ത മാംസരക്തങ്ങളാണു് ദിവ്യരക്ഷകൻ നമ്മുടെ ആത്മാവിന്റെ ഭക്ഷണപാനീയങ്ങളായി നൽകുന്നതു്. അവിടുന്നു് കുരിശുമരണത്തിനു മുമ്പു് പ. കുർബാന സ്ഥാപിച്ചെങ്കിലും, ആ മരണമല്ലയോ തന്നെത്തന്നെ നമുക്കു് നൽകുന്നതിനു് നമ്മുടെ ദിവ്യ രക്ഷകനെ സഹായിച്ചതും അവിടുത്തെ സ്വീകരിക്കുന്നതിനു നമ്മെ യോഗ്യരാക്കിയതും? തന്റെ മരണം മൂലം നമ്മെ രക്ഷിച്ചില്ലായിരുന്നെങ്കിൽ നാമിന്നും ആത്മനാ മൃതപ്രായരായിരുന്നേനെ, മൃതിയടഞ്ഞവർക്കുള്ളതല്ലല്ലോ ഈ ഭക്ഷണം. താൻ സമ്പാദിച്ച വരപ്രസാദത്തിൽ ജീവിക്കുന്നവരോടുമാത്രമേ ദിവ്യരക്ഷകനു പ. കുർബാനവഴി സംയോജിക്കുന്നതിനു് സാധിക്കയുള്ളു. അതിനാൽ അവിടുത്തെ മരണമാണു് നമ്മുടെ ആത്മജീവന്റെയും അതിനുള്ള പ്രധാന പോഷകമാർഗ്ഗത്തിന്റേയും നിദാനമായിരിക്കുന്നതു്. ഇന്നും നമ്മുടെ അൾത്താരകളിൽ ആ കുരിശുബലി ആവർത്തിക്കപ്പെടുന്നില്ലെങ്കിൽ ദിവ്യകാരുണ്യവും ഉണ്ടായിരിക്കയില്ല. രണ്ടും ദൈവത്തിന്റെ പരമസ്നേഹത്തിൽ നിന്നു പുറപ്പെടുന്നു; രണ്ടും നമ്മുടെ ആത്മജീവനെ ഉദ്ദേശിച്ചു് സ്ഥാപിതമായിരിക്കുന്നു.

ഇതു് ഈശോമിശിഹായുടെ വാക്കുകളിൽ നിന്നു സ്പഷ്ടമാകുന്നു. പ. കുർബാന സ്ഥാപിക്കുന്നതിനു വളരെ മുമ്പുതന്നെ അവിടുന്നു് തന്റെ അനുയായികളെ അറിയിച്ചിരുന്നു, താൻ നൽകാൻ പോകുന്ന ജീവന്റെ അപ്പം എന്താണെന്നും അതിന്റെ ഫലം എത്ര വിശിഷ്ടമാണെന്നും അന്നവർക്കാർക്കും ആ വാക്കുകൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. മിശിഹായിലുള്ള പരിപൂർണ്ണ വിശ്വാസം കൊണ്ടാണിന്നും അവയെ നാം സ്വീകരിക്കുന്നതു. അവിടുന്നരുളിചെയ്യുന്നു; "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ നൽകുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി അർപ്പിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു." (1) ഈ വാക്കുകളുടെ അർത്ഥം ശരിക്കു ഗ്രഹിച്ച ശ്രോതാക്കൾ അന്യോന്യം ചോദിക്കയും വാദിക്കയും ചെയ്തു എപ്രകാരം ഇയാൾക്കു സാധിക്കും തന്റെ ശരീരം ഭക്ഷണമായി തരുന്നതിനു് എന്നു്. എന്നാൽ നമ്മുടെ ദിവ്യരക്ഷകൻ പറഞ്ഞതുതന്നെ ശക്തിമത്തായ ഭാഷയിൽ വീണ്ടും സമർത്ഥിക്കയാണു് ചെയ്തതു്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു് നിങ്ങളിൽതന്നെ ജീവനില്ല; എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാന നാളിൽ അവനെ ഞാൻ ഉയിർപ്പിക്കുകയുംചെയ്യും"(2)

താൻ അതിയായി ആഗ്രഹിച്ചിരുന്ന അന്ത്യ അത്താഴത്തിന്റെ ശുഭമുഹൂർത്തത്തിൽ ഈ വാഗ്ദാനം അവിടുന്നു് നിറവേററി. തന്റെ ശരീര രക്തങ്ങൾ കൊണ്ടു് ശിഷ്യന്മാരെ സൽക്കരിക്കമാത്രമല്ല ചെയ്തതു്; അപ്രകാരം ചെയ്യുന്നതിനുള്ള അധികാരവും അവർക്കും അവരുടെ പിൻഗാമികൾക്കും നൽകി. അതിനാലത്രേ അപ്പോസ്തലന്മാർ പങ്കെടുത്ത ആ സ്വർഗ്ഗീയ വിഭവങ്ങളാൽതന്നെ നമ്മുടെ ആത്മാക്കളും ഇന്നു് പോഷിപ്പിക്കപ്പെടുന്നതു്. യഥാർത്ഥജീവൻ വരപ്രസാദംവഴി മിശിഹായിലുള്ള ജീവനാകുന്നു. അതു് വികസിച്ചു് നിത്യജീവനിലവസാനിക്കുന്നതുവരെ ആത്മാവിൽ നില നിറുത്തിക്കൊണ്ടു പോരുന്നതു പ. കുർബാനയുമാണു്. നമ്മുടെ കർത്താവു് യൂദന്മാരോടു് പറഞ്ഞ അവസാനവാക്കുകൾ അസന്നിഗ്ദ്ധങ്ങളത്രേ. "ജീവിക്കു

(1) St. John IV/ 51-53; (2) ib. 54-57;

# ഇനി എങ്ങനെ?

P. X.

സ്വന്തം ആത്മാവിൽ ദൈവവിളി അനുഭവപ്പെട്ടുന്നവരും ഏതെങ്കിലും വിധത്തിൽ തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നവരും അടുത്തപടി ശ്രദ്ധിക്കേണ്ടതു് ഇനി എങ്ങനെ തങ്ങളെത്തന്നെ മറ്റൊരു ക്രിസ്തുവായി വാർത്തെടുക്കുമെന്നാണു്. ദൈവികമായ അന്തസ്സിൽ പ്രവേശിക്കുന്നവർ ലൗകികമായ അന്തസ്സിൽ പ്രവേശിക്കുന്നവരെക്കാൾ വിശുദ്ധിയിൽ മുൻ പന്തിയിൽ എത്തേണ്ടവരാണു്. ദൈവം പരിശുദ്ധിതന്നെയാകുന്നു. അതുകൊണ്ടു ദൈവത്തോടു് അടുത്തു സമ്പർക്കം പുലർത്തുവാൻ അഭിലഷിക്കുന്നവരും ആവുന്നത്ര പരിശുദ്ധരായേ കഴിയൂ. നിർമ്മലമായ തടാകത്തിൽ സുന്ദരമായ നീലാംബരവും കൂലസ്ഥിതങ്ങളായ തരുലതാദികളും പ്രസ്പഷ്ടം പ്രതിബിംബിക്കുന്നു. തടാകം ഇടിഞ്ഞു കലങ്ങിയതാണെങ്കിൽ പ്രതിബിംബവും വിവർണ്ണമായേ വരൂ. ഇതിൻവണ്ണംതന്നെ പാപകലുഷമായ മനുഷ്യഹൃദയത്തിലും ദൈവത്തിന്റെ ചേതനയും പൂർണ്ണിമയും അസ്പഷ്ടമായേ പ്രതിഫലിക്കൂ. ആകയാൽ നാം നമ്മുടെ ആത്മാവിനെ ആവുന്നത്ര വെടിപ്പും, വെണ്മയും, ദീപ്തിയും, തിളക്കവും ഉള്ളതാക്കണം.

കിഴക്കു കിള്ളിവെളുക്കുമ്പോൾ കളകളം പൊഴിയുന്ന കിളിയിണകളോടൊത്തു് നാമും ഉണരണം. 'ഈശോ മറിയം യൗസേപ്പേ', നിങ്ങളുടെ സങ്കേതത്തിൽ എന്റെ കണ്ണുകൾ ഞാൻ തുറക്കുന്നു എന്നരുവിടണം. തുടന്നു് ത്രിസന്ധ്യജപവും, പ്രഭാതസമർപ്പണവും നടത്തുക. ഭൂഗോളത്തിന്റെ ഒരററം മുതൽ മറേറ അററംവരെ അതിന്റേതായ എല്ലാ വളവുകളിലും അനസ്യൂതം പ്രതിനിമിഷം ദിവ്യബലി സമർപ്പിക്കപ്പെടുന്നുണ്ടു്. ഈ ദിവ്യബലികളോടു് അരൂപിയിൽ ഐക്യമടഞ്ഞുകൊണ്ടു ലോകപരിത്രാണാർത്ഥം അവയെ സമർപ്പിക്കുക. എല്ലാ ദിവസവും നേരിട്ടു് ദൈവാലയത്തിൽ ദിവ്യബലിയിൽ സംബന്ധിക്കുക. സാധിക്കുന്നെങ്കിൽ അൾത്താരയിൽ കുർബാനയ്ക്കു് ശുശ്രൂഷിക്കുക.

ദൈവാലയത്തിൽ ദിവ്യസക്രാരിയുടെ മുന്നിൽ പ്രാർത്ഥനയിൽ സ്നേഹൈക്യത്തിൽ ദീർഘസമയം ചെലവിടുവാൻ പരിശീലിക്കുക. ഈശോയോടുള്ള വ്യക്തിഗതമായ സ്നേഹമാണു് ആന്തരികജീവിതത്തിന്റെ കെടാവിളക്കു്. പ്രിയം നിറഞ്ഞ ഈശോയോടുള്ള ഇമ്പമേറിയ സംഭാഷണത്തിന്റെ സ്നേഹമാധുരി കുരുന്നായ നാളിലേതന്നെ ആസ്വദിച്ചുതുടങ്ങുക എന്തൊരാനന്ദമാണു്. അപ്പോൾ ഭക്തിപരമായ കാര്യങ്ങളിൽ ഒട്ടുംതന്നെ നമുക്കു് വിരസത അനുഭവപ്പെടുകയില്ല.

ആഫ്റിക്കയിൽ ഒരു ചെറിയ കപ്പേള ഉണ്ടായിരുന്നു. വൈദികൻ വൈകുന്നേരത്തു് വിസീത്തയ്ക്കു പോകുമ്പോൾ സക്രാരിയോടു തൊട്ടടുത്തു് ഒരു ഏത്തപ്പഴം കാണുമായിരുന്നു. അതെങ്ങനെ അവിടെ വരുന്നെന്നു് അദ്ദേഹം വിസ്മയിച്ചു. ഒരു ദിവസം ഒളിച്ചിരുന്നു ആ രഹസ്യം കണ്ടുപിടിക്കുവാൻ. ഉച്ചയ്ക്കു് പള്ളിക്കൂടം വിടുമ്പോൾ ഒരു പാവപ്പെട്ട കുട്ടി അതു് അവിടെ പതിവായി കൊണ്ടുവയ്ക്കുന്നതു് അദ്ദേഹം കണ്ടുപിടിച്ചു. 'കുഞ്ഞേ ഇതെന്തിനു്?' എന്നു വൈദികൻ ചോദിച്ചു. സക്രാരിയിൽ ഇരിക്കുന്ന ഈശോയ്ക്കു വിശക്കുകില്ലേ? എനിക്കു് ഉച്ചഭക്ഷണമായി അമ്മച്ചി തരുന്നതാണു് ഈ പഴം. ഞാൻ അതു് ഈശോയ്ക്കു കൊടുക്കുന്നു, എനിക്കു് വീട്ടിൽ ചെന്നാലും തിന്നാൻ കിട്ടുമല്ലോ. ഈശോ എവിടെ പോകും?" അതായിരുന്നു ആ കൊച്ചു കുട്ടിയുടെ സമാധാനം. എത്ര നിഷ്കളങ്കവും ആർജ്ജവവുമായ സ്നേഹം. ഇമ്മാതിരി സ്നേഹം വേണം നമുക്കു് ഈശോയുടെ നേർക്കു് ഉണ്ടാകേണ്ടതു്.

സ്നേഹം ത്യാഗത്താലാണു് ഉപോഷിതമാവുക. ത്യാഗസമേതമല്ലാത്ത സ്നേഹം നിഷ്പന്ദമാണു്, നിർജ്ജീവമാണു്. ഈശോയോടുള്ള സ്നേഹത്തെപ്രതി ചെറുപ്പം തുടങ്ങി കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തു ശീലിക്കുക, കയ്പ്പുള്ള മരുന്നു കുടിക്കേണ്ടിവരുമ്പോൾ സ്വാഭാവികമായി വിരസത തോന്നുമെങ്കിലും ഈശോയോടുള്ള സ്നേഹത്തെപ്രതി ഞാൻ ഇതുകുടിക്കും

എന്നു പറയുക, കടിക്കുകയും ചെയ്യുക. വെളുപ്പിനു നല്ല തണുപ്പുള്ളപ്പോൾ ഉണരാൻ വിഷമം തോന്നുമെങ്കിലും ഈശോയോടുള്ള സ്നേഹത്തെപ്രതി ഉണരുക. നല്ല മഴ ഉള്ളപ്പോൾകൂടി മടികൂടാതെ പള്ളിയിൽ പോവുക. അല്പം അസുഖം ഉണ്ടായിരുന്നാലും സ്കൂൾ മുടക്കാതിരിക്കുക. ഇതെല്ലാം ഈശോയോടുള്ള സ്നേഹത്തെപ്രതി നിർവഹിക്കുക. നമ്മെ കൂട്ടുകാർ ഗോഷ്ടി കാണിക്കുമ്പോൾ, കളിയാക്കുമ്പോൾ, പരിഹസിക്കുമ്പോൾ, ചീത്തവാക്കുകൾ പറയുമ്പോൾ, ദേഹോപദ്രവമേല്പിക്കുമ്പോൾ, അവർ നമ്മെക്കുറിച്ച് അപവാദങ്ങളും ദൂഷ്യങ്ങളും പറയുമ്പോൾ അതിനുമുന്നുംതന്നെ നാം അങ്ങോട്ടും വേണം എന്ന പ്രതികാരചിന്ത നൈസർഗ്ഗികമായിത്തന്നെ നമ്മിൽ തല പൊന്തിക്കും. പക്ഷേ, നാം ഈശോയോടുള്ള സ്നേഹത്തെ ഓർത്ത് ഉള്ളുകൊണ്ടു അതിനെ അമർത്തുന്നപക്ഷം നമുക്ക് അതു വലിയൊരു നേട്ടമായി പരിണമിക്കുന്നതാണ്. പകരം വീട്ടുക മാനുഷികദൃഷ്ടിയിൽ പ്രശംസ്യമായി നിൽക്കുമെങ്കിലും, ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നതിലാണ് ആത്മീയമഹത്വം. അപ്പോഴാണ് മനഃശ്ശക്തി വർദ്ധിക്കുക. അടിക്കുന്നവനെ പകരം അടിക്കുക ദൗർബല്യമാണ്. അടിക്കാതിരിക്കുക ശക്തിയാണ്. ഇതിനു നമ്മോടുതന്നെ നാം വലിയ ബലം പ്രയോഗിക്കേണ്ടിയിരിക്കുന്നു. മഹാത്മജി തന്റെ പല്ല് ചവുട്ടി താഴെ ഇട്ട ശിപായിയോട് പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചത് എന്താണ്? ബൂട്ട്സിന് എന്തെങ്കിലും കേടു പററിയോ എന്ന്. ക്രിസ്തു തന്നെ കുരിശിൽ തറച്ചവർക്കു വേണ്ടി 'പിതാവേ, അവരോടു ക്ഷമിക്കണമേ' എന്നല്ലേ പ്രാർത്ഥിച്ചത്?

ത്യാഗവും സേവനവുമായിരിക്കണം ഒരു ഭാവിപ്രേഷിതന്റെ ജീവിതത്തിലെ ഊടും പാവും. സ്വാർത്ഥം തീർത്തും ത്യജിക്കണം. വിത്ത് നിലത്തുവീണ് ദീർണ്ണമാകുന്നില്ലെങ്കിൽ ഫലം പുറപ്പെടുത്തുന്നില്ല. അതിനുമുന്നുംതന്നെ സ്വയം സംത്യജിക്കാത്തവനും മററുള്ളവർക്ക് ഉപകാരം വരുത്തുന്നതിനു സാധിക്കുന്നതല്ല. അതുകൊണ്ടാണ് ക്രിസ്തുനാഥൻ ആവശ്യപ്പെട്ടത് എന്നെ അനുഗമിക്കുന്നവൻ തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ എന്ന്.

ദൈവസാന്നിദ്ധ്യ സ്മരണയാണ് നല്ല കുട്ടികളായി വളരുവാൻ നമ്മെ സഹായിക്കുന്ന മറെറാരു മാർഗ്ഗം. ദൈവം സ്നേഹമുള്ള പിതാവാണ്. ദൈവം അങ്ങകലെ ആകാശത്തിൽ ഒളിഞ്ഞിരിക്കുന്ന ഒരു ഭീകരസത്വമല്ല. ദൈവം സദാപി നമ്മോടൊത്തുണ്ട്: മത്സ്യം ജലത്തിലെന്നപോലെ നാം അങ്ങിൽ ചരിക്കുകയും, ശ്വസിക്കുകയും, ആയിരിക്കുകയും ചെയ്യുന്നു. നാം ജീവിക്കുന്നതും, ശ്വസിക്കുന്നതും, ഭക്ഷിക്കുന്നതും, കളിക്കുന്നതും, പ്രാർത്ഥിക്കുന്നതും, പ്രവർത്തിക്കുന്നതുമെല്ലാം ദൈവത്തിന്റെ ശക്തി നമ്മിലൂടെ പ്രവർത്തിക്കുകകൊണ്ടാണ്. നമ്മുടെ എല്ലാ വികാരങ്ങളും ദൈവം സശ്രദ്ധം പരിശോധിക്കുന്നു. നമ്മുടെ എല്ലാ വിചാരങ്ങളും ഏററം നിഗൂഢമായവകൂടെയും ദൈവത്തിനു വ്യക്തമാണ്. നാം പ്രതാപവാനും പരമ പരിശുദ്ധനും സ്നേഹോജ്ജ്വലനുമായ ദൈവത്തിന്റെ സന്നിധിയിലാണു എപ്പോഴും വ്യാപരിക്കുന്നത് എന്നറിയുക നമുക്ക് എത്രതന്നെ അഭിമാനകരമല്ല! രാജാവിന്റെ മുമ്പിൽനിൽക്കുന്ന രാജകുമാരൻ രാജാവിന്റെ പദവിക്കു നിരക്കാത്ത ഹീനകർമ്മങ്ങളിൽ ഏർപ്പെടുമോ? തീർച്ചയായും ഇല്ല. എങ്കിൽ നാമും കുലീനമായിത്തന്നെ പെരുമാറണം. ആണയിടരുത്. കള്ളംപറയരുത്. ചീത്ത വാക്ക് ഉച്ചരിക്കരുത്, ഉച്ചരിക്കുന്നതു കേൾക്കാൻ നില്ക്കുകപോലും ചെയ്യരുത്. ഒരിക്കൽ മറിയ ഗൊരേററി വെള്ളം കോരാൻ പോയി. അവിടെ പെണ്ണുങ്ങൾ കൂടിനിന്ന് അശ്ലീലമായവിഷയങ്ങളെക്കുറിച്ചു സംഭാഷിക്കുന്നതു കേട്ടു. ശുദ്ധതയെ ഹൃദയപൂർവ്വം സ്നേഹിച്ചിരുന്ന ആ പെൺകുട്ടിക്ക് അതു കേട്ടുനിൽക്കുവാൻ കഴിഞ്ഞില്ല. അവൾ മൂർഖൻപാമ്പിനെ കണ്ടാലെന്നവണ്ണം വിരണ്ടോടി. നാമാണെങ്കിലോ രസം പിടിച്ചു കേട്ടുനിൽക്കില്ലേ? ചീത്ത കൂട്ടുകാരാണ് നല്ല കുട്ടികളെ വഷളാക്കുന്നത്. നല്ല മാമ്പഴം ഇരിക്കുന്ന കുട്ടയിൽ ഒരു ചീഞ്ഞ മാമ്പഴം ഉണ്ടായാൽമതി ക്രമേണ എല്ലാ പഴങ്ങളും ചീഞ്ഞതായിക്കൊള്ളും. ഒരു ക്ലാസ്സിലോ, ക്ലബ്ബിലോ, സമൂഹത്തിലോ ഒരു വഷളൻ പ്രവേശിച്ചാൽ മതി പ്രായേണ മററു കുട്ടികളും വഷളായിക്കൊള്ളും. അതുകൊണ്ടാണ് ദുഷ്ടസംസർഗ്ഗം വരാതെയായീടണം എന്നു നാം പ്രാർത്ഥിക്കുന്നത്. 'നിന്റെ കൂട്ടുകാരൻ ആരെന്നു പറയുക; എന്നാൽ നിന്റെ സ്വഭാവം എന്തെന്നു ഞാൻ പറയാം' എന്നല്ലേ അഭിജ്ഞോക്തി. സ്വഭാവരൂപവത്കരണത്തിൽ സുഹൃത്തുക്കൾക്കുള്ള സ്വാധീനത വലുതാണ്. അറിയാതെതന്നെ, നാം നമ്മുടെ സഹചാരികളുടേതായ

സ്വഭാവദൂഷ്യങ്ങളിലേയ്ക്കു വഴുതിപ്പോവുകയാണ്. മനുഷ്യനിൽ അടിസ്ഥാനപരമായി കുടികൊള്ളുന്ന അനുകരണ വാസനയാണ് ഇതിനു കാരണം. ഒരിക്കൽ ഡോൺ ബോസ്കോയുടെ ഭവനത്തിൽ കുറെ ചീത്ത കുട്ടികൾ വന്നു. തന്റെ കുട്ടികളുടെ മുമ്പിൽവച്ച് അവർ അസഭ്യം പറയുന്നത് മാതാവായ മാർഗരററിനു രസിച്ചില്ല. അവരെ അവിടംവിട്ടു പോകുവാൻ അവർ ശാസിച്ചു. അവർ കൂട്ടാക്കിയില്ല. ഒടുവിൽ മമ്മാ മാർഗരററിന് അവരുടെ മാതാപിതാക്കന്മാരെ കൂട്ടിക്കൊണ്ടുവന്ന് അവരെ പിരിച്ചുവിടേണ്ടിവന്നു. ഇങ്ങനെയാണ് ഉത്തമമാതാക്കൾ ചെയ്യേണ്ടത്.

ഇന്ന് യുവജനങ്ങളെ വഷളാക്കുന്ന വഴികൾ പലതാണ്. സിനിമയും സിനിമാ മാസികകളുമാണു അവയിൽ പ്രധാനം. പിശാചിന്റെ പണിപ്പുരയാണ് സിനിമാശാലകൾ. പൊതുവേ കഥയിൽ ഒരാദർശം അഥവാ ഗുണപാഠം ഉണ്ടായിരിക്കുമെങ്കിലും (അവ മിക്കപ്പോഴും കത്തോലിക്കാ സിദ്ധാന്തങ്ങളോടു യോജിക്കാത്തവയാണ്) വിശദാംശങ്ങൾ, വേണ്ടത്ര പാകം വന്നിട്ടില്ലാത്ത ബോധങ്ങളിൽ പതിയുമ്പോൾ ആ ചിത്രങ്ങൾ പ്രതിലോമമായ പ്രതികരണമായിരിക്കും സൃഷ്ടിക്കുക. വികാരങ്ങളെ ഇക്കിളിയിടുന്നതും ആശ്ലീലങ്ങളുമായ രംഗങ്ങൾ നവ ചേതനയോടേ നമ്മുടെ ബോധമണ്ഡലത്തിൽ ഉയിർത്തെഴുന്നേൽക്കുകയും അവ നമ്മുടെ ഉപ ബോധമനസ്സിൽ പതിയിരിക്കുകയും പ്രായേണ നമ്മുടെ ഓർമ്മയേയും ചിന്തയേയും ഹൃദയത്തിന്റെ സ്നേഹവിഷയങ്ങളേയും ദൂഷിപ്പിക്കുകയും ചെയ്യുന്നു. നഗ്നചിത്രങ്ങളും അശ്ലീലസാഹിത്യവും ചീത്ത പാട്ടുകളും ഒട്ടല്ല യുവഹൃദയത്തെ ചീയിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ദുർഗ്ഗന്ധം നെയ്ലോണിഴകളിലൂടെയും പൗഡർ അണുകങ്ങളിലൂടേയും സുഗന്ധതൈലങ്ങളിലൂടേയും ബഹിർഗമിക്കുന്നുമുണ്ട്.

അടക്കമില്ലാത്ത വസ്ത്രധാരണവും മദ്യാദമാനവും സൽസ്വഭാവത്തിനു തുരങ്കം വയ്ക്കുന്നവതന്നെ.

ശുദ്ധത എന്ന പുണ്യത്തിന്റെ കാര്യത്തിലും നോട്ടക്കുറവുണ്ട്. ഇരിപ്പിലും നില്പിലും നടത്തത്തിലും, നോട്ടത്തിലും അശുദ്ധപാപം തെളിഞ്ഞുകാണാം. മുഖം ഹൃദയത്തിന്റെ കണ്ണാടിയാണെങ്കിൽ മുഖത്തു മിഴികളിൽ തെളിയുന്ന ഭാവങ്ങൾ നിഷ്കളങ്കങ്ങളല്ല. ആശാസ്യങ്ങളുമല്ല. ദൂഷിച്ച ആശകളുടേയും കാമവികാരങ്ങളുടേയും തിളച്ചുപൊങ്ങലാണ്. ഭാവനയും വിചാരവും ശുദ്ധമാക്കിവയ്ക്കണം. ഭാവനയും ചിന്തയും ശുദ്ധമായെങ്കിൽമാത്രമേ വാക്കും പ്രവൃത്തിയും ജീവിതവും ശുദ്ധമാകൂ. വിചാരിക്കുന്നതുപോലെ സംസാരിക്കുകയും സംസാരിക്കുന്നതുപോലെ പ്രവർത്തിക്കുകയും വേണം. അതിനാണ് സത്യം എന്നു പറയുന്നത്. സത്യം നമ്മിലുണ്ടായിരിക്കണം. സത്യത്തെ നാം സ്നേഹിക്കണം. അകത്തൊന്നു പുറത്തൊന്നു (duplicity) എന്ന പദ്ധതി നന്നല്ല. നയതന്ത്രത്തെക്കാൾ നന്നു ഋജുബുദ്ധിതന്നെയാണ്.

ദൈവവിളിയുള്ളവർ തങ്ങളെത്തന്നെ ശുചീകരിക്കണം. അവർ സദാപി ദൈവപ്രസാദവരത്തിൽ അമർന്നിരിക്കുവാൻ പരിശ്രമിക്കണം. പ്രതിദിനം ദിവ്യകാരുണ്യം തക്ക ഒരുക്കത്തോടും യോഗ്യതയോടും കൂടി കൈക്കൊള്ളുവാൻ യത്നിക്കണം. ദുസ്സഴക്കങ്ങളെ കടപുഴകുവാൻ, ശുദ്ധതയെ സംരക്ഷിക്കുവാൻ കന്യകകളെ മുളപ്പിക്കുന്ന വീഞ്ഞിനോളം—ക്രിസ്തുനാഥന്റെ തിരുരക്തത്തോളം ശക്തിമത്തായ മറെറാരൗഷധമില്ല.

അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണവും ദിവ്യകാരുണ്യസന്ദർശനവും വഴിയായും നമ്മിൽ ദിവ്യമായ ആ സ്നേഹജ്വാല പോഷിപ്പിക്കാവുന്നതാണ്. കുരിശിന്റെ വഴികഴിക്കുന്നതും ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ കുറിച്ചു ധ്യാനിക്കുന്നതും, നിദ്രക്കുമുമ്പ് ആത്മപരിശോധന നടത്തി പാപങ്ങളെക്കുറിച്ച് അനുതപിച്ചു സക്രാരിയിലെ ഈശോയുമായുള്ള സ്നേഹസഹവാസത്തിൽ, നിത്യനിദ്രയിലേക്കുമെന്നോക്കാവുന്ന താല്ക്കാലികനിദ്ര തുടങ്ങുന്നതും ഭദ്രമാണ്.

മറിയം നമ്മുടെ അമ്മയാണെന്ന കാര്യവും മറക്കരുത്. ആ അമ്മ നമ്മെ പുതപ്പിച്ചു സൂക്ഷിക്കുന്ന തിരുവുത്തരീയം നാം ധരിക്കണം. അവിടുത്തെ ജപമാല നാം എത്തിക്കണം. കൊന്ത ജപിക്കാത്ത ദിവസമാകുന്ന ഒരു മണിയും നമ്മുടെ ജീവിത ജപമാലയിലുണ്ടാകരുത്. ക്ഷീണംകൊണ്ടുറങ്ങിപ്പോയാലും ഓർമ്മ തെളിയുമ്പോൾ നാം ജപക്കണം. ഇങ്ങനെയായാൽ മറിയം നമ്മെ ഒരിക്കലും കൈവിടുകയില്ല. അശുദ്ധ പാപങ്ങളിൽനിന്നും ദുസ്സഴക്കങ്ങളിൽ നിന്നും നമ്മെ കാത്തുകൊള്ളുവാൻ മറിയത്തിന്റെ അമലോത്ഭവത്തെ അനുസ്മരിച്ചു നിത്യം മൂന്നു നന്മ നിറഞ്ഞ മറിയം എങ്കിലും ചൊല്ലി നിലത്തു ചുംബിക്കുന്നത് സ്തുത്യർഹമാണ്.

സ്വന്തം തള്ളയോടുള്ള സ്നേഹമാണ് സ്വർഗ്ഗീയജനനിയായ മറിയത്തോടും നമുക്കു വേണ്ടതു്. എല്ലാ ആവശ്യങ്ങളിലും നാം അവളെ അഭയം അണയണം. നമ്മുടെ എല്ലാസങ്കടങ്ങളും പ്രയാസങ്ങളും പരമാർത്ഥതയോടെ നാം അവളോടുണർത്തിക്കണം. അവൾ ഒരിക്കലും നമ്മുടെ ഇംഗിതം സാധിച്ചുതരാതെ വരില്ല. മറിയം പാപികളുടെ സങ്കേതമാണ്. ക്ലേശിതർക്കാശ്വാസമാണ്. അവൾ സാഗരതാരകമാണ്. ജീവിതനീരാഴിയിലൂടെയുള്ള പ്രയാണത്തിൽ നിരപായമായ നേർവഴി ഈ അമ്മ നമുക്കു വിരല് ചൂണ്ടുന്നു. മറിയം മാർഗ്ഗദർശനമരുളുമ്പോൾ നാം തെററിപ്പോകുന്നില്ല.


അടുത്തു, അടിയന്തിരമായി വേണ്ടതു ആത്മാക്കളെക്കുറിച്ചുള്ള നീറുന്ന ദാഹമാണ്. ദൈവം മനുഷ്യനായി പിറന്നിട്ടും അപമാനവും വേദനയും മൃത്യുവും സ്വയംവരിച്ചിട്ടും, രണ്ടായിരം സംവത്സരങ്ങളായി ക്രിസ്തുവിൻെറ ധർമ്മഭടന്മാർ അവിരളം ശ്രമം നടത്തിയിട്ടും ഇനിയും 'വഴിയും ജീവനും സത്യ'വുമാകുന്ന യഥാർത്ഥ ദൈവത്തെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത അനാഗത ലക്ഷങ്ങളെക്കുറിച്ച് നാം ചിന്തിക്കണം. അവരുടെ രക്ഷക്കുവേണ്ടി നാം ദാഹിക്കണം. നാം ഉഴറണം. നമ്മുടെ അയൽവാസികളെ, സഹപാഠികളെ, സഹപ്രവർത്തകരെ കാണുമ്പോൾ, അവരെ നാം സല്ക്കരിക്കുകയും ഉപചരിക്കുകയും ചെയ്യുമ്പോൾ ആ റഷീദിനേയും രഘുവിനേയും റമീലയേയും രേവമ്മയേയും കുറിച്ചുകൂടെ നാം ചിന്തിച്ചിട്ടുണ്ടോ? മരിച്ചാൽ അവരുടെ ആത്മാവു എവിടെ പോകും? തിരുസഭക്കുപുറമെ രക്ഷയില്ലെന്നു നമുക്കറിയാമല്ലോ. നമ്മുടെ വാക്കും പ്രവൃത്തിയും സന്മാതൃകയും നമ്മോടു സഹവസിക്കുന്ന അക്രൈസ്തവരിൽ എമ്മാത്രം സ്വാധീനത ചെലുത്തുന്നു. പ്രേഷിതാഗ്നിയുടെ സ്ഫുലിംഗങ്ങളെങ്കിലും നമ്മുടെ ആത്മാവിൽ അവശേഷിക്കുന്നുണ്ടോ? ഇനിയൊരു ഇഗ്നേഷസ് ലയോളയും ഫ്രാൻസിസ് സേവ്യറും തെയോഫിൻ വെർന്നാർഡും നമ്മിൽ ഒളിഞ്ഞിരിപ്പില്ലെന്നാരറിഞ്ഞു? നാം എല്ലാ ദിവസവും അക്രൈസ്തവരുടെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കണം; പ്രോട്ടസ്റ്റൻറ വിഭാഗങ്ങളുടെ പുനരൈക്യത്തിനുവേണ്ടിയും. ഏകതൊഴുത്തും ഏക ഇടയനും ആകുവാൻതന്നെ. കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തു് ആത്മാക്കളുടെ മാനസാന്തരത്തിനായി കാഴ്ചയണക്കുക എന്ന ശീലം നാം സമ്പാദിക്കണം. വലിയ ത്യാഗങ്ങളും ചെയ്തുകൂടായ്കയില്ല. പക്ഷേ അതു വിവേകപൂർവ്വം മതി. ദാഹിച്ചാൽ അല്പസമയം വെള്ളം കുടിക്കാതിരിക്കുവാൻ ആർക്കാണ് കഴിയാത്തതു? കുളിരു, വിയർപ്പു ഇതൊക്കെ തെല്ലൊന്നു സഹിച്ചുകൂടെ? മധുരപലഹാരത്തിലൊരംശമോ രുചികരമായ കറിയുടെ ഒരു ഭാഗമോ ഊണിൽ ഒരുരുളയോ ആത്മാക്കൾക്കുവേണ്ടി ഉപേക്ഷിച്ചുകൂടേ. ഒരു സിനിമാ കാണണ്ടാ എന്നു വയ്ക്കുകയോ ഒരു സിഗററ പുകയ്ക്കണ്ടെന്നു വയ്ക്കുകയോ, ഒരു റിബൺ ധരിയ്ക്കണ്ടെന്നു വയ്ക്കുകയോ ഒക്കെ ചെയ്താൽ എത്രയെത്ര അവസരങ്ങളാണ് നമുക്കു ആത്മത്യാഗത്തിനു കൈവരുക. ഈ വക ത്യാഗങ്ങളുടെ ഗോവണിയിലൂടെവേണം നാം ദൈവസ്നേഹത്തിൻെറ മണിമച്ചിലേക്കു കയറിപ്പോകേണ്ടതു്. ആ സ്നേഹത്തെ അങ്ങനെ സ്വാധീനിച്ചിട്ടുവേണം ആത്മാക്കളെ നേടിയെടുക്കേണ്ടതു്. ഈശോ സർവ്വശക്തനാണ്- ഈശോയോടു കൂട്ടുകൂടിയാൽ നമുക്കു എന്തും തട്ടിയെടുക്കാം പുണ്യവതിയായ ചെറുപുഷ്പം തൻെറ കടിഞ്ഞൂൽ പുത്രനായ ഫ്രാൻസീനിയുടെ കാര്യത്തിലും ഇതുതന്നെയല്ലെ ചെയ്തതു്.

സമയത്തിനു നാം വില കല്പിക്കണം. സദാസമയം പ്രാർത്ഥിക്കണം. പ്രാർത്ഥന വെറും വാചികമല്ല. അതു ആന്തരികമായ ഒരു ചിത്തവൃത്തിയാണ്. പ്രാർത്ഥനയുടെ അരൂപിയിൽ എല്ലാ പ്രവൃത്തികളും നിർവഹിക്കുക. എല്ലാം ആത്മാക്കളുടെ രക്ഷയ്ക്കും ദൈവത്തിൻെറ ഉപരിമഹത്വത്തിനും എന്ന നിയോഗംകൂട്ടിത്തുന്നിയാൽ മതി. ദൈവത്തോടു് ഐക്യം പ്രാപിച്ചു ദൈവസ്നേഹത്തിൽ ചൂടുപിടിച്ച നിർമ്മലമായ ഒരു ഹൃദയം ഉള്ളവർക്കേ ഇതു സാധിക്കൂ. എല്ലാ വിപത്തുകളിലും ദൈവത്തോടു സഹായമർത്ഥിക്കുകയും എല്ലാ അനുഗ്രഹങ്ങളിലും ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്ന പൊതുമനോഭാവം നമുക്കുണ്ടാവണം. മടിയോ അലസതയോ ഉദാസീനതയോ മൂലം സമയം നഷ്ടപ്പെടുത്തരുതു്. അമൂല്യമായ ജീവിതനിമിഷങ്ങൾ തിട്ടപ്പെട്ടവയാണ്. അവ കൂട്ടുവാൻ നമുക്കു സാധിക്കുകയില്ല. വാങ്ങുവാനും കിട്ടുകയില്ല. കിട്ടുന്നതിനെ— ഈ നിമിഷത്തെ അങ്ങേ അററം പ്രയോജനപ്പെടുത്തുക. കർത്തവ്യങ്ങൾ ചിന്താപൂർവം തെരഞ്ഞെടുക്കുന്നതു് ഏകാഗ്രമായി ആവുന്നത്ര നന്നായി അനുഷ്ഠിക്കുക.

# "സമുദായ ജീവിതം"

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ

(വിവ: പി. എസ്സ്. ജോസ്സ്, പുത്തൻതോപ്പ്)



ലേഖകൻ

സാമുദായിക ജീവിതത്തിൻെറ പ്രഥമവും പ്രധാനവുമായ ഉദ്ദേശം മനുഷ്യൻെറ ഭൗതികവും ആത്മികവുമായ വളർച്ചയും പൂർണ്ണതയിലേയ്ക്കു നയിക്കുന്ന ഒരു മിതജീവിതവുമാണ്. സാമുദായിക പഠനത്തിൽ വ്യാപൃതരായിരിക്കുന്നവരും, സാമുദായിക പുനരുദ്ധാരണ സംഘക്കാരും. മനുഷ്യനുവേണ്ടി സ്രഷ്ടാവായ ദൈവത്തിൽനിന്നു വരുന്ന മതം, സംസ്കാരം മുതലായവയുടെ വിലയും, അർത്ഥവും, പൂർണ്ണമായും, അല്ലെങ്കിൽ ഭാഗികമായെങ്കിലും പഠിക്കുവാൻ കടപ്പെട്ടവരാണ്. അത്യന്താപേക്ഷിതമായ ദൈവികബന്ധം ആന്തരികമായിട്ടാണെങ്കിൽപോലും നിഷേധിക്കുകയോ ക്ഷതപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ അവർ മനുഷ്യനിൽ മതത്തെപ്പററി തെററായ ധാരണ ഉളവാക്കുകയാണ്. ഒരു കൈകൊണ്ടു കെട്ടിപ്പടുക്കുമ്പോൾ, അവർ മറെറാരു കൈകൊണ്ട് ആ മനോഹരശില്പത്തെ തകർക്കുവാനുള്ള വഴി ഒരുക്കുകയാണ്.

മനുഷ്യൻെറ മൗലികമായ അവകാശങ്ങൾക്ക് രാജ്യത്തിൻെറ നിയമാവലികളിലും മററു ചട്ടമണ്ഡലങ്ങളിലും മാത്രമല്ല മററു സംഘടനകളിലും പരിഗണന നൽകാതിരിക്കുന്നിടത്തോളം കാലം, അവർ സമുദായത്തെ സഹായിക്കുകയല്ല, പിന്നെയോ ഉപദ്രവിക്കുകയാണു ചെയ്യുന്നത്. സാമുദായിക ചിന്താഗതിയെ ഉദ്ദീപിപ്പിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനും പകരം—സമുദായത്തിൻെറ ആശകളും, ആഗ്രഹങ്ങളും നിറവേററുന്നതിനും പകരം—സമുദായത്തിൻെറ ശരിയായ വിലയെ പാടെ നിർമ്മാജ്ജനം ചെയ്യുകയും, സമുദായത്തെ വെറുമൊരു ഉപകരണമായി തരംതാഴ്ത്തുകയുമാണു ചെയ്യുന്നത്. അങ്ങനെയുള്ള ഒരു വ്യവസ്ഥിതിയെ ഭീമമായൊരു ജനവിഭാഗം നിരന്തരമായി എതിർത്തുകൊണ്ടിരിക്കുകയാണ്.

വിശുദ്ധ പള്ളി, മതപരമായ പല കാരണങ്ങളാൽ, വിവിധ ചട്ടയണിഞ്ഞ മാർക്സിയൻ സോഷ്യലിസ്റ്റ് ചിന്താഗതികളെ ശക്തിമത്തായി എന്നും എതിർക്കുന്നു. കാരണം, മനുഷ്യരാശിയുടെ ആത്മിക വിമുക്തിയിൽ ആശങ്കാകുലയാണ് പള്ളി. അതിനു വിലങ്ങുതടിയായി നിൽക്കുന്ന ഏതു ശക്തിയേയും എതിർക്കുവാനുള്ള അധികാരവും അവകാശവും വിശുദ്ധ പള്ളിക്കുണ്ട്. എന്നാൽ പള്ളിക്ക് തൊഴിലാളികളെക്കുറിച്ചുള്ള ചില പരമാർത്ഥങ്ങളെ നിരസിക്കുവാനോ,

---

നല്ല പുസ്തകങ്ങൾ നാം വായിക്കണം. വേദപുസ്തകം, ക്രിസ്ത്വനുകരണം, തിരുഹൃദയാനുകരണം, വിശുദ്ധന്മാരുടെ ജീവചരിത്രം, ക്രിസ്തീയപരിപൂർണ്ണത, ഭക്തിമാർഗ്ഗപ്രവേശിക ഇവയെല്ലാം വായിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും.

സുവിശേഷത്തിൻെറ ഓരോ പുറവും ഓരോ ദിവസം വായിക്കുന്നപക്ഷം അന്നന്നു ജീവിതവിശുദ്ധീകരണത്തിനുതകുന്ന സൂചനകൾ നമുക്കു ലഭിക്കും. വചനം തന്നെയായ ക്രിസ്തുവിൻെറ ശബ്ദത്തിനു തന്നെയാണു മറെറല്ലാ ധർമ്മഗീതികളേയുംകാൾ ശക്തി. അദ്ധ്വാനം, കഠിനമായ അദ്ധ്വാനം വിശ്രമമില്ലാത്ത അദ്ധ്വാനം--ഫലേഛയില്ലാത്ത അദ്ധ്വാനം—നിസ്വാർത്ഥമായ അദ്ധ്വാനം—അതായിരിക്കണം ഒരു പ്രേഷിതൻെറ മുദ്രാവാക്യം.

ആർക്കു എന്തുപകാരവും സന്തോഷപൂർവം ചെയ്യുന്നതിനു സന്നദ്ധതയുള്ളവർക്കു മാത്രമേ ദൈവത്തിൻെറ ഭടന്മാരാകുവാൻ സാധിക്കു. ഇവ്വിധം ഓരോ ഭാവിപ്രേഷിതനും പ്രാർത്ഥന പരിത്യാഗം സേവനം ഇവയുടെ മൂശയിൽ തങ്ങളെത്തന്നെ വാർത്തെടുക്കട്ടെ.

# കൊന്തയും ചിന്തയും

ബ്രദർ പീയൂസ്, സി. എസ്. റ്റി.

(തുടർച്ച)

## ദുഃഖമായ രഹസ്യങ്ങൾ

**രക്ഷകൻ ഗദസേമ്മനിൽ പ്രാർത്ഥിക്കുകയും രക്തം വിയർക്കുകയും ചെയ്യുന്നു.**

ദുഃഖാർത്തനായി ഊട്ടുശാലവിട്ടിറങ്ങി, പാതിരാവോടടുത്ത സമയത്ത് പൗർണ്ണമിനാളിലെ ചന്ദ്രികാധോരണിയേററ്, ഒലീവുവൃക്ഷങ്ങളുടെ ഇടയിലൂടെയുള്ള ആ നടക്കാവിലൂടെ മന്ദം മന്ദം പോകുന്ന നാഥനെ നമുക്കും അനുഗമിക്കാം. അന്തരീക്ഷത്തിലെ ശോകമൂകത ഏതോ ഭീകരസംഭവത്തെ പ്രദ്യോതിപ്പിക്കുന്നുണ്ട്. ഒലിവു വൃക്ഷനിബിഡമായ ഗദസേമ്മനി; അതിൻെറ പ്രവേശനത്തോടടുത്ത് ഒരു ഗുഹാപ്രദേശമുണ്ട്. അവിടെയാണ് ഈശോയും അവിടുത്തെ ശിഷ്യരും പല രാവുകളും ചിലവഴിക്കാറുള്ളത് പ്രാർത്ഥനയിൽ. ഈശോയും പതിനൊന്നു ശിഷ്യരും അങ്ങനെ പന്ത്രണ്ടുപേർ സാവധാനം നടന്നുവരികയാണ്. മ്ലാനത എല്ലാവരിലും ഭരണം നടത്തുന്നുണ്ട്, അതിനുകൂട്ടായി മൗനവും, അവരിൽ എട്ടുപേരേയും തോട്ടത്തിൻെറ കവാടത്തുങ്കൽ വിട്ടുകൊണ്ട് തനിക്കേററം ഇഷ്ടപ്പെട്ടവരായ പത്രോസിനേയും, യോഹന്നാനേയും, യാക്കോബിനേയും കൂട്ടിക്കൊണ്ട്, ഇതു സാധാരണ പതിവിനു വിരോധമാണ്, തോട്ടത്തിൻെറ ഉള്ളിലേയ്ക്കു അല്പംകൂടി നടന്നു. തനിയേയാണ് സാധാരണ താൻ പ്രാർത്ഥിക്കാറുള്ളത്. ഇന്നത്തെ പ്രത്യേകതയ്ക്കു കാരണമില്ലായ്കയില്ല. ഇനിമേൽ താനവിടെ പ്രാർത്ഥിക്കുകയില്ല; അവരും തങ്ങളുടെ നാഥനോടുകൂടി അവിടെ വരികയില്ല ഇനിമേൽ. ഒരു മാംസള ഹൃദയമാണ് മിശിഹാക്കുണ്ടായിരുന്നത്. അതു സ്നേഹത്തിനുവേണ്ടി പിടയുന്ന ഒന്നായിരുന്നു. അതു കിട്ടുവാൻ ആ ഹൃദയം അഭിലഷിച്ചു. അതിനുവേണ്ടിയാണ് താൻ അവരെ തന്നോടൊത്തു കൊണ്ടുപോയത്.

അവിടത്തെ നിശബ്ദതയ്ക്കു് ഒരു അന്ത്യം വരുത്തിക്കൊണ്ടു നാഥൻ അരുൾ ചെയ്കയാണ്. എൻെറ ആത്മാവ് മരണംവരെ ദുഃഖിതയായിരിക്കുന്നു എന്ന്. ഇതിൽക്കവിഞ്ഞ ദുഃഖം ഇനി സഹിക്കുക അസാദ്ധ്യമെന്നല്ലേ ഈ വാക്യം സൂചിപ്പിക്കുന്നത്. തൻെറ ജീവശക്തി മരവിപ്പിക്കപ്പെട്ടു. അവിടുന്നു തൻെറ ശിഷ്യരോട് പരീക്ഷയിൽ ഉൾപ്പെടാതിരിപ്പാൻ ഉണർന്നി

---

അവ കണ്ടില്ലെന്നു കരുതുവാനോ സാദ്ധ്യമല്ല. അവൻ അവൻെറ ജീവിതനിലവാരം ഉയർത്തുവാൻ ശ്രമിക്കുമ്പോൾ അവനെ ഒരുതരം സംഘടിതശ്രമത്തിൽ ചിലർ അമർച്ചചെയ്യുവാൻ ശ്രമിക്കുകയാണ്. അതു് സ്വതവേ പ്രകൃതിവിരുദ്ധമാണെന്നു മാത്രമല്ല ദൈവത്തിൻെറ നീതിക്കും, ദൈവം നമ്മെ എന്തു് നല്ല ഉദ്ദേശത്തിനുവേണ്ടി സൃഷ്ടിച്ചുവോ അതിനും വിരുദ്ധമാണ്. അവർ പിൻതുടരുന്ന വഴികൾ തെററാകുന്നുവെങ്കിലും അക്കാരണത്താൽതന്നെ നിരോധിക്കേണ്ടവയാണെങ്കിലും, മനുഷ്യനു്, വിശേഷിച്ച് പുരോഹിതനു് മാത്രമല്ല, എല്ലാ ക്രൈസ്തവനും, നീതിമാനായ ദൈവം ഭരിക്കുന്ന ഒരു ലോകത്തിൽ നീതിക്കുവേണ്ടിയും, സഹോദരചൈതന്യത്തിനു വേണ്ടിയുമുള്ള മനുഷ്യൻെറ നിലവിളിക്കു മുമ്പിൽ ഒരു ചെകിടനെപ്പോലെ കഴിയുവാൻ സാധിക്കുമോ? ദൈവത്തിൻെറ മുമ്പിൽ അങ്ങനെയുള്ള നിശബ്ദത കുററകരവും, നീതീകരിക്കുവാൻ സാധിക്കാത്തതുമാണ്. മാത്രമല്ല അപ്പോസ്തലന്മാർ പഠിപ്പിച്ച തത്വങ്ങൾക്കു വിരുദ്ധവുമാണ്. തെററിനെ എതിർക്കുക. എന്നാൽ തെററു ചെയ്യുവനോട് അനുകമ്പ കാണിക്കുക. അവരുടെ ആഗ്രഹങ്ങളും, ആശകളും, മററ് അഭിലാഷങ്ങളും മനസ്സിലാക്കുവാനുള്ള വിശാലഹൃദയം നമുക്ക് ഉണ്ടാവണം.

രുന്നു പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞിട്ടു് അല്പംകൂടി മുമ്പോട്ടുനീങ്ങി കമിഴ്ന്നുവീണു. സഹനവും ദുഃഖവും അവിടുത്തെ മഥിക്കുകയാണ്. താൻ ഒററിക്കൊടുക്കപ്പെട്ടതുമുതൽ തന്റെ മരണംവരെയുള്ള രംഗങ്ങൾ ഒരു തിരസ്കരണിയിലെന്നവണ്ണം അവിടുത്തേയ്ക്കു ദൃശ്യമായി. തന്റെ മാനുഷികത്വം ഈ കാഴ്ചയിൽ അമ്പരന്നു പിൻമാറുവാൻ ശ്രമിക്കുകയാണ്. എന്നാൽ തന്റെ ദൈവികമനസ്സ് "പിതാവിന്റെ ഹിതം" എന്ന ആ തോട്ടിയിട്ടു ജഡത്തെ പിടിച്ചുനിർത്തുവാൻ ശ്രമിക്കുകയാണ്. വലിയ ഒരു വടംവലി, ഒരു സമരം തന്റെ ആത്മാവും ജഡവും തമ്മിൽ നടത്തി. ആ സമരത്തിന്റെ ഉഗ്രത ഏതാണ്ടെന്നു മനസ്സിലാക്കാൻ അവിടുത്തെതിരുമേനിയിലേയ്ക്കു നമുക്കൊന്നു നോക്കാം. ഇതാ! സ്വേദകണങ്ങൾകണക്കെ പൊഴിഞ്ഞുവീഴുന്ന രക്തത്തുള്ളികൾ· സമരത്തിന്റെ ഉഗ്രതസിരകളിൽ രക്തസമ്മർദ്ദം വർദ്ധിപ്പിച്ചു. ലോകത്തിനു ഒരു നൂതന കാഴ്ചയാണ്—മനുഷ്യൻ രക്തം വിയർക്കുക എന്നതു്.

ദൈവനീതി, മനുഷ്യപാപങ്ങൾ എന്നീ തിരികല്ലുകളുടെ ഇടയിൽപ്പെട്ടു ഈശോ ഞെരുങ്ങിഞെരുങ്ങുകയാണ്—പിതാവെ! നിവൃത്തിയുണ്ടെങ്കിൽ ഈ കാസാ എന്നിൽ നിന്നു നീങ്ങിപ്പോകട്ടെ—എന്നു്. മഴവില്ലിനഴകും, ചന്ദ്രനു കുളിർമ്മയും നൽകിയവൻ, സന്താനനിര്യാണത്തിൽ ആകുലപ്പെട്ടവൾക്കു് അവളുടെ സന്താനത്തെയുയർപ്പിച്ചു സാന്ത്വനമരുളിയവൻ, കോപിച്ചു ആഴിയിൽ പേടിച്ചു വിരണ്ട പത്രോസിനും കൂട്ടർക്കും കരുത്തേകിയവൻ, വിരൂപനായി പൂഴിയിൽ കിടന്നു പിടയുന്നു; ധൈര്യം കെട്ടവനെപ്പോലെ കേഴുന്നു ആശ്വാസത്തിനായ : ഒരു മണിക്കൂർ എന്നോടു കൂടി ഉണർന്നിരിക്കുവാൻ പാടില്ലയോ? എന്നു്. അവിടുന്നെന്തിനാണീ ക്ലേശങ്ങളുടെ തിക്കലിൽപ്പെട്ടു ഞെരുങ്ങുന്നതു്. അവിടുന്നു മുൻകൂട്ടി കണ്ടു തന്നെ അനുഗമിക്കുന്നവർ ഇത്തരം യാതനകളുടെ കുമ്പാരങ്ങൾ കയറിയിറങ്ങേണ്ടിവരുമെന്നു. അവർ തങ്ങളുടെ സ്വന്തപ്പെട്ടവരാൽ ഒററിക്കൊടുക്കപ്പെടുമെന്നും അവമതിക്കപ്പെടുമെന്നും; വഴിതെററിയ മക്കളെക്കുറിച്ചു് മാതാപിതാക്കൾ ഹൃദയം പൊട്ടിക്കരയുമെന്നു്; മാതാപിതാക്കളുടെ സ്നേഹമററ പ്രവൃത്തികൾ മക്കൾ അനുഭവിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകുമെന്നു; തൊഴിലാളിയുടെ കൃതഘ്നതയും മുതലാളിയുടെ കരുണയില്ലായ്മയും പരസ്പരം സഹിക്കേണ്ടിവരുമെന്നു. ഇവയ്ക്കെല്ലാം മാതൃകയായി അവിടുന്നു സഹിക്കുകയാണ് മുൻകൂട്ടി.

അവിടുത്തെ പക്കലേയ്ക്കു നമുക്കടുത്തു ചെല്ലാം. നമ്മുടെ പാപഭാരത്താൽ ക്ലേശഭരിതമായ അവിടുത്തെ ശിരസ്സ് നമ്മുടെ കരങ്ങളാൽ താങ്ങിയെടുത്തു അനുതാപത്താൽ തുടിക്കുന്ന നമ്മുടെ മാർവ്വിൽ വച്ചിട്ടു് ആശ്വാസത്തിന്റെ വചനങ്ങൾ അവിടുത്തോടു മന്ത്രിക്കാം. നാഥാ, ഇനിമേൽ ഞാൻ പാപം ചെയ്യുകയില്ല. അവിടുത്തെ ഞാൻ ഗാഢമായി സ്നേഹിച്ചുകൊള്ളാം എന്നു്. രക്ഷകനിൽ നിന്നു് നീർച്ചാലുപോലെ പ്രവഹിക്കുന്ന ജീവരക്തം അനേകരുടെ രക്ഷക്കുവേണ്ടി ചിന്തപ്പെടുന്ന രക്ഷയുടെ രക്തം നമ്മുടെ പാപമലിമസമായ ഇരുകരങ്ങൾകൊണ്ടും കോരിയെടുക്കാം. നമ്മുടെ മേൽത്തന്നെയും 'മൂകസഭ'യിൽ മസ്തിഷ്കപീഡിതരുടെയും പീഢകളുടെയും മേലും തളിക്കാം. അതു നമുക്കു രക്ഷ നൽകട്ടെ.

## രണ്ടാം രഹസ്യം

## ഈശോ കൽത്തൂണിൽ കെട്ടി അടിക്കപ്പെടുന്നു

പട്ടാളക്കാരുടെ കൂക്കുവിളികളും അട്ടഹാസവും കൊണ്ടു നിറഞ്ഞ ഒരു രംഗം; ഇതാ ഒരു മനുഷ്യൻ പീലാത്തോസിന്റെ അരമനയുടെ നടുമുററത്തു കൽത്തൂണിൽ കെട്ടപ്പെട്ടിരിക്കുന്നു. ഉന്മത്തരായ പട്ടാളക്കാർ ചാട്ടവാറുകളുമായി ഇതാ വരുന്നു. ആ മനുഷ്യന്റെ നോട്ടം അദ്ദേഹം നിർദ്ദോഷിയാണെന്നും, തന്റെ ശാന്തതയും ഗൗരവവും താൻ ഒരു മഹാനാണെന്നും വിളിച്ചുപറയുന്നുണ്ടു്.

ക്രൂരതയുടെ അവതാരങ്ങളായ ആ നരനായ്ക്കൾ നീതിയുടെ ഈ ആധാരത്തെ നഖശിഖാന്തം അടിച്ചുപൊട്ടിക്കുന്നു. അസഹിഷ്ണുതയുടേയോ വിദ്വേഷത്തിന്റെയോ ഒരു നേരിയ ഛായപോലും ശാന്തകോമളമായ ആ മുഖത്തു് സ്ഫുരിക്കുന്നില്ല. അങ്ങോട്ടടുത്തു ചെന്നു് നമുക്കവിടുത്തോടു ചോദിക്കാം, പ്രഭോ, അങ്ങു് ആരാണ്? എന്താണ് ഈ കഠോരശിക്ഷയ്ക്കർഹമായ തെററു്? അവിടുന്നു് കൂസലെന്ന്യേ ഉത്തരിക്കും. ഞാൻ നീതിയുടെ നിലവിളക്കാണ്, ലോകത്തിന്റെ ജീവനും വെളിച്ചവും വഴിയുമാണ്. ജാതികൾ കാണുവാൻ കൊതിച്ച രക്ഷകനാണ് ഞാൻ. നരകുലത്തെ ഞാൻ സ്നേഹിച്ചു; ശാന്തിയും സമാധാനവും നിറഞ്ഞ സ്ഥലം

# ഭഗീത

(വികാരോജ്ജ്വലമായ ഒരു സംഭവകഥ)

Miss Jenette Isaac M. Sc.

[തുടർച്ച]

നിയമപ്രകാരം ഭഗീത അവരുടേതാണെന്നും അവൾ ഇഷ്ടപ്പെടുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അവൾ അവരെ പിൻതുടരേണ്ടതാണെന്നും പറഞ്ഞുകൊണ്ട് മിസ്സസ് അഗസ്റ്റസ് സ്ഥലം വിട്ടു. അതിനുശേഷം മദർ, ഭഗീതയെ സ്വാന്തനവാക്കുകളാൽ ആശ്വസിപ്പിച്ചു. വരാൻപോകുന്ന ആപത്തുകളെ ഓർത്ത് അവൾ ഞെട്ടി. അടുത്ത ദിവസം മിസ്സസ് അഗസ്റ്റസ് ഒരു സ്നേഹിതനോടുകൂടി മഠത്തിൽ വന്ന് ഭഗീതയെ ഭീഷണിപ്പെടുത്തിനോക്കി. "ഇല്ല" എന്നുള്ള മറുപടി മാത്രമാണ് അവളിൽനിന്നു ലഭിച്ചതു്.

മദർ സുപ്പീരിയറിന് ഭഗീതയുടെ കാര്യം ഒരു കുഴഞ്ഞ പ്രശ്നമായി തീർന്നു. മഠത്തിലെ കപ്ലോനച്ചന്റെ സഹായത്തോടുകൂടി അന്ന് വെനീസ്സിലെ പാത്രിയക്കീസായിരുന്ന കാർഡിനൽ അഗോസ്റ്റിനിയുടെ ഉപദേശം അപേക്ഷിച്ചു. അദ്ദേഹം ഈ കേസ്സ് നേരെ രാജാവിന്റെ പ്രോക്കുറേത്തരെ ഏല്പിച്ചു. ആഫ്രിക്കൻ നിയമം അനുസരിച്ച് ഭഗീത മിസ്സസ് അഗസ്റ്റസിന്റെ അടിമയും അവളുടെ സകല സ്വാതന്ത്ര്യവും അവരിൽ നിക്ഷിപ്തവുമാണ്. പ്രോക്കുറേത്തരുടെ മറുപടി ഭഗീതയെ സംബന്ധിച്ചിടത്തോളം ആശ്വാസപ്രദായകമായിരുന്നു. ഇത്തരത്തിലുള്ള അമാനുഷ്യകമായ ഒരു നിയമം ഇററലിയിൽ ഇല്ലെന്നും അവൾ ഇററലിയിൽ കാലുകുത്തിയ ക്ഷണം മുതൽ അവളുടെ സ്വാതന്ത്ര്യം അവളുടെ കയ്യിലാണെന്നും മിസ്സസ് അഗസ്റ്റസിനു ഭഗീതയുടെമേൽ യാതൊരവകാശവും ഇല്ലെന്നും അദ്ദേഹം പറഞ്ഞു. വിവരങ്ങളെല്ലാം മദർ സുപ്പീരിയറും ഭഗീതയും അറിഞ്ഞു. അവളുടെ നില സുരക്ഷിതമായി. അവർ ദൈവത്തിനു പ്രത്യേകം നന്ദി പറഞ്ഞു.

രണ്ടു ദിവസങ്ങൾക്കുശേഷം മഠത്തിലെ കാഴ്ചമുറിയിൽ ഒരു വലിയ സമ്മേളനം കൂടി. അവിടെയുള്ള വലിയ ക്രൂശിതരൂപത്തിന്റെ താഴെയായി, കാർഡിനൽ, രാജാവിന്റെ പ്രോക്കുറേത്തർ, കപ്ലോനച്ചൻ, മററു വൈദികർ, സിവിൾ അധികാരികൾ, ഇങ്ങനെ അധികാരത്തിൽപ്പെട്ട പലർ ഒരുമിച്ചു സമ്മേളിച്ചു.

---

അവക്കു ഞാൻ വാഗ്ദാനം ചെയ്തു. അതാണ് ഞാൻ ചെയ്ത തെററ് എന്ന്.

വീറു മൂത്ത പട്ടാളക്കാർ രക്ഷകനെ വീശി അടിക്കുകയാണ് തങ്ങളുടെ ക്രൗര്യം കാണിക്കുവാൻ. അവിടുത്തെ പൂവൻമേനിയിൽനിന്ന് ജീവരക്തം തെറിക്കുകയാണ് നാലുപാടും. ക്രുദ്ധരായ പടയാളികൾ ഛേ പറഞ്ഞ് മുഖംചുളിച്ചു പിന്നോക്കം മാറുന്നു. ആ രക്തം തങ്ങളുടെമേൽ വീഴാതിരിക്കാൻ കഷ്ടം! രക്ഷയുടെ ആ തിരുരക്തം ആ കശ്മലഹൃദയർക്കു മാനസാന്തരത്തിനുപകരിച്ചില്ലല്ലോ എന്ന വ്യഥ ഈശോയുടെ ഹൃദയത്തെ ആഴമായി കുത്തിമുറിക്കുന്നുണ്ട്. അവിടുന്ന് ഏകവൃണമായി തീർന്നിരിക്കുന്നു. മനുഷ്യനോ പുഴുവോ എന്നുതാൻ സംശയിക്കപ്പെടുന്നു. അവിടുത്തെ ജീവരക്തം ആ കൽത്തൂണിന്റെ ചുവട്ടിൽ തളംകെട്ടി.

ആ പാവനശോണിതം പീലാത്തോസിന്റെ മുററത്തു ചാലു കീറി. തൂണിൽനിന്ന് അഴിക്കപ്പെട്ട ഈശോ ക്ഷീണാധിക്യത്താൽ ഇതാ ആ രക്തത്തിലേക്കു തളർന്നു വീഴുന്നു. നമുക്കു് നമ്മുടെ നാഥൻ കെട്ടപ്പെട്ട ആ തൂണിന്റെ മറുവശം നില്ക്കാം. അവിടുന്നു സഹിച്ച ആ അടികൾ ഓരോന്നും നമ്മുടെമേലും പതിക്കട്ടെ അവിടുത്തോടുകൂടി നമുക്കും ആ ജീവന്റെ രക്തത്തിലേക്കു വീഴാം. നാം സഹിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ ക്ലേശങ്ങളെല്ലാം അവിടുന്നു സഹിച്ചിട്ടുണ്ട്. അവിടുത്തേക്കു അജ്ഞാതമായ ഒരു ക്ലേശവും നമുക്കില്ല. രക്ഷയുടെ രക്തത്തിൽ നമുക്കു സ്നാനം ചെയ്യാം. രക്തവർണ്ണമായ നമ്മുടെ പാപങ്ങൾ അതിൽ കഴുകപ്പെട്ടിട്ട് നാം വെണ്മഞ്ഞുപോലെ പ്രഭയുള്ളവരായിത്തീരട്ടെ.

(തുടരും)

ഇവരെ കൂടാതെ ഭഗീതയുടെ മിസ്ട്രസ്, അവരുടെ ഒരു സ്നേഹിത, മിന, ആർമിയിലെ ഒരു ഉദ്യോഗസ്ഥൻ മുതലായവരും, ഹാളിന്റെ നടുവിലായി ഭഗീതയും സ്ഥാനം ഉറപ്പിച്ചു. വളരെ വിനീത ആയിട്ടും അതേ സമയം നിശ്ചയദാർഢ്യത്തോടുകൂടിയുമാണ് ഭഗീത നിലകൊണ്ടതു്. ഇടയ്ക്കിടയ്ക്ക് ധൈര്യത്തിനായി അവൾ ക്രൂശിതരൂപത്തിലേയ്ക്ക് നോക്കുന്നുണ്ടായിരുന്നു.

രാജാവിന്റെ പ്രോക്കുറെത്തർ സമ്മേളനം ഉദ്ഘാടനം ചെയ്തു. വളരെ നീണ്ട ഒരു വാദപ്രതിവാദത്തിനുശേഷം ഭഗീതക്ക് പറയുവാനുള്ളതു് പറയുവാൻ ആവശ്യപ്പെട്ടു. "എന്റെ മിസ്ട്രസ്സിനെ ഞാൻ ആത്മാർത്ഥമായി സ്നേഹിക്കുന്നു. മിനായെ ഇനിയും കാണുവാൻ സാധിക്കയില്ലല്ലോ എന്നോർക്കുമ്പോൾ എന്റെ ഹൃദയം തകരുകയാണ്. എന്നാൽ ഞാൻ ഈ സ്ഥലം ഉപേക്ഷിക്കയില്ല. കാരണം ഞാൻ എന്റെ ദൈവത്തെ നഷ്ടപ്പെടുത്തുകയില്ല" ഇത്രയും പറഞ്ഞതിനുശേഷം ഭഗീത പൊട്ടിക്കരഞ്ഞു

ഭഗീതയുടെ നിഷ്കളങ്കതയും നിശ്ചയദാർഢ്യവും എല്ലാവരേയും ആകർഷിച്ചു. രാജാവിന്റെ പ്രോക്കുറെത്തർ സഭയുടെ മദ്ധ്യത്തിൽ എഴുന്നേററുനിന്നു് ഭഗീതയുടെ സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തു. മിസ്സസ് ആഗസ്റ്റസ് സങ്കടവും കോപവുംകൊണ്ടു് കണ്ണുനീർ പൊഴിച്ചു മിനാ ഭഗീതയെ കെട്ടിപ്പിടിച്ചുകരഞ്ഞു. അവളെ വേർപെട്ടുകൊണ്ടുള്ള ജീവിതം ഇരുവർക്കും സഹിക്കാൻ പാടില്ല. മിനായുടെ അമ്മ അവളെ വലിച്ചുമാററിക്കൊണ്ടു് "വേഗം അവൾക്കു ഒരു ചുംബനംകൊടുത്തിട്ടു വരൂ. ഈ നന്ദികെട്ടവളെ ഇനിയും ഒരിക്കലും കാണണ്ട" എന്നു പറഞ്ഞു.

കുറച്ചു നിമിഷങ്ങൾക്കുശേഷം മഠത്തിന്റെ ചാപ്പലിൽ നിശ്ശബ്ദതയിൽ ഏകാകിയായി ഒരു ഹൃദയം —അതെ ഭഗീത—സക്രാരിയുടെ മുൻപിൽ മുട്ടുകുത്തി തോരാതെ കണ്ണുനീർ പൊഴിക്കയാണ്. മിനായുടെ വേർപാടുമൂലമുള്ള കണ്ണുനീർ, അതിലുമുപരിയായി അവളുടെ ആദ്ധ്യാത്മിക വിജയത്തിലുള്ള സന്തോഷ കണ്ണുനീർ.

(തുടരും)

(104-ാം പേജിന്റെ തുടർച്ച)

ന്നവനായ ദൈവം എന്നെ അയയ്ക്കുകയും ഞാൻ പിതാവു മൂലം ജിവിക്കയും ചെയ്യുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഏവനോ, അവനും ഞാൻ മൂലം ജീവിക്കും. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചു മരിച്ചതുപോലെയല്ലാ ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവവിക്കും"(1)

## വിശുദ്ധകുർബാനയുടെ പ്രമുഖസ്ഥാനം

ആത്മജീവിതത്തിൽ പ. കുർബാനയ്ക്കുള്ള സ്ഥാനത്തെപ്പററി വി. തോമസ് അക്വിനാസ് പറഞ്ഞിട്ടുള്ളതു് "നമ്മുടെ രക്ഷയുടെ രഹസ്യം മുഴുവനും ഈ കൂദാശയിൽ അടങ്ങിയിരിക്കുന്നു" എന്നത്രേ.(2) മററ കൂദാശകളെ അപേക്ഷിച്ചു് ഇതിനു് കൂടുതൽ പ്രാധാന്യമുണ്ടു്. "ക്രൂശിതനായ ഈശോയെ ഉൾക്കൊള്ളുന്നതിനാൽ പ. കുർബാന മിശിഹായുടെ പീഡാനുഭവത്തിന്റെ പരിപൂർണ്ണകൂദാശയാകുന്നു"(3). ദിവ്യരക്ഷകന്റെ പീഡാനുഭവമാണ് എല്ലാ കൂദാശകളുടേയും അടിസ്ഥാനമെന്നു് നാം ഓർത്തിരിക്കണം. എന്തെന്നാൽ ആ ദിവ്യബലിയുടെ അനന്തയോഗ്യതകളാണ് കൂദാശകൾവഴി നമുക്കു് വിതരണം ചെയ്യപ്പെടുന്നതു്.

കൂടാതെയും മററകൂദാശകളെല്ലാം പ. കുർബാനയെ ലക്ഷീകരിച്ചു് പ്രവർത്തിക്കുന്നതിനാൽ ഇതിനു് പ്രമുഖസ്ഥാനമുണ്ടെന്നാണ് വിശുദ്ധന്റെ അഭിപ്രായം. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം പാപസങ്കീർത്തനം എന്നിവ പ. കുർബാന സ്വീകരിക്കുന്നതിനു് ആത്മാവിനെ ഒരുക്കുന്നു. വിവാഹം, പൗരോഹിത്യം എന്നീ കൂദാശകൾവഴിയാണ് ദിവ്യബലി അർപ്പിക്കുന്നതിനും കുർബാന എന്ന കൂദാശ ചെയ്യുന്നതിനും അധികാരമുള്ള ആളുകൾ ഉണ്ടാകുന്നതു്. ആജീവനാന്തം ആർജ്ജിച്ചിട്ടുള്ള പുണ്യയോഗ്യതകളും, പ്രത്യേകിച്ചു്, പ. കുർബാനവഴി വളർന്നു വന്നിട്ടുള്ള പ്രസാദവരജീവനും അന്ത്യപോരാട്ടത്തിൽ നഷ്ടപ്പെടാതിരിക്കുന്നതിനു് ആത്മാവിനെ സഹായിക്കുന്നതു് അന്ത്യലേപനമാണ്. അതിനാലത്രേ പ. കുർബാന മറെറല്ലാ കൂദാശകളുടേയും കേന്ദ്രസ്ഥാനം വഹിക്കുന്നതു.

(1) St. John VI 58–59. (2) Summa III 83–4. (3) ib. 75–5 ad 2.

എന്നാൽ പ. കുർബാനയും മററുള്ള കൂദാശകളും കർത്താവിന്റെ ബലിയിൽനിന്ന് ദൈവപ്രസാദവരം ആത്മാവിലേയ്ക്കു പ്രവഹിപ്പിക്കുന്ന നീർച്ചാലുകളായിരിക്കുന്നതിനാൽ, ദിവ്യബലിക്കുള്ള സ്ഥാനം അദ്വിതീയമെന്ന് സ്പഷ്ടം. വി. തോമസ് അക്വിനാസ് പഠിപ്പിക്കുന്നത് ദിവ്യബലിയും ദിവ്യകാരുണ്യവും ആദ്ധ്യാത്മിക ജീവിതത്തിന്റെ ശക്തികേന്ദ്രമെന്നാണ്. ജ്ഞാനസ്നാനം മുതൽ നമ്മുടെ ആന്തരിക വരപ്രസാദജീവൻ പ. കുർബാനയെ ലക്ഷ്യമാക്കി വളരുന്നു. അവിടെയാണ്, കൂദാശകളേപ്പോലെ, നമ്മുടെ എല്ലാ പ്രവൃത്തികളും ചെന്നവസാനിക്കേണ്ടത്. വിശുദ്ധൻ പറയുന്നു: "ജ്ഞാനസ്നാനം ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭവും ഇതരകൂദാശകളുടെ കവാടവുമാകുന്നു; നേരേ മറിച്ച്, വി. കുർബാന അതിന്റെ അവസാനവും മററു കൂദാശകളുടെ ലക്ഷ്യവുമാണ്. എന്തെന്നാൽ മറെറല്ലാ കൂദാശകളുടെയും വിശുദ്ധീകരണപ്രവർത്തനം ഒന്നുകിൽ വി. കുർബാന സ്വീകരിക്കാൻ, അല്ലെങ്കിൽ, അതു കൂദാശ ചെയ്യാൻ ആത്മാവിനെ ഒരുക്കുന്നു"(1).

ക്രിസ്തീയ ജീവിതത്തിന്റെ അന്ത്യം പരിപൂർണ്ണ ദൈവസ്നേഹമാണല്ലോ. ക്രൂശിതനായ ഈശോയോടു പരിപൂർണ്ണസ്നേഹംവഴി യോജിച്ച് ആത്മനാ സാരൂപ്യം പ്രാപിക്കാതെ ഒരുവനും യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിൽ എത്തിച്ചേരുകയില്ല. വി. കുർബാനവഴി ഇതു സാധിക്കുന്നതിനാൽ അതു സ്നേഹത്തിന്റെ കൂദാശ എന്നു വിളിക്കപ്പെടുന്നു. വി. കുർബാന ആഗ്രഹം കൊണ്ടെങ്കിലും സ്വീകരിക്കാതെ നിത്യരക്ഷപോലും ലഭിക്കയില്ലെന്നു പ്രസ്താവിക്കുന്നതിനു വി. തോമസ് അക്വിനാസ് മടിക്കുന്നില്ല(2).

പ. പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ "Mediator Dei" എന്ന വിശ്വലേഖനംമുഖേന ക്രിസ്തീയ ജീവിതത്തിൽ ദിവ്യബലിക്കുള്ള കേന്ദ്രസ്ഥാനത്തേയ്ക്കു കത്തോലിക്കരുടെ ശ്രദ്ധയെ സവിശേഷം ക്ഷണിച്ചിരിക്കുന്നതും ഈയവസരത്തിൽ വക്തവ്യമാണ്. തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നു: "പ്രധാനാചാര്യനായ ഈശോ മിശിഹാ സ്ഥാപിച്ചതും തന്റെ ശുശ്രൂഷകരാൽ തിരുസഭയിൽ ശാശ്വതമായി നവീകരിക്കപ്പെടാൻ അവിടുന്ന് ആവശ്യപ്പെട്ടതുമായ വി. കുർബാനയുടെ രഹസ്യം ക്രിസ്തീയവിശ്വാസത്തിന്റെ പാരമ്യവും കേന്ദ്രവുമാകുന്നു"(3).

അതിനാൽ പാപപങ്കിലമായ നമ്മുടെ ആത്മാവിന്റെ സമൂല പരിവർത്തനം സാധിക്കുന്നതിനും അതിന്റെ ആവശ്യത്തെപ്പററി നമ്മെ സദാ അനുസ്മരിപ്പിക്കുന്നതിനും വി. കുർബാനയെപ്പോലെ ശക്തിയുള്ള യാതൊന്നുമില്ല. ദിവ്യകാരുണ്യബലിയിൽ നടക്കുന്നതു നമ്മുടെ ആത്മജീവിതത്തിന്റെ ഒരു പ്രതിച്ഛായയാകുന്നു. സർവ്വശക്തനായ ദൈവം വൈദികന്റെ സഹായത്തോടുകൂടി വെറും അപ്പവും വീഞ്ഞും ഒരു നിമിഷംകൊണ്ടു മിശിഹായുടെ സജീവശരീരവും രക്തവുമായി പകർത്തുന്നു. എന്നാൽ ഇവയെ ആത്മഭക്ഷണമായി തന്നു നമ്മുടെ നികൃഷ്ടജീവിതത്തെ പ്രായോഗികമായി ക്രിസ്തുവിൽ രൂപഭേദപ്പെടുത്തുന്നതിനു അവിടുന്നു സാധാരണയായി ദീർഘകാലം കാത്തിരിക്കാൻ നിർബന്ധിതനാകുന്നു. ദിവ്യബലിയും ദിവ്യകാരുണ്യവും ക്രിസ്തീയ ജീവിതത്തിൽ വേണ്ടവിധം ഫലവത്താകാത്തതാണിതിന്റെ കാരണം. അതിനാലവ ഓരോന്നും എപ്രകാരമാണു യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രവും നിറവയുമായിരിക്കുന്നതു എന്നു നാമറിഞ്ഞിരിക്കേണ്ടതാകുന്നു.

## ദിവ്യബലിയും ക്രിസ്തീയ ജീവിതവും

ദിവ്യബലി ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രവും വററാത്ത ഉറവയുമാണെന്നു കേൾക്കുമ്പോൾ ഒരു ചോദ്യം സ്വാഭാവികമായി ആരുടെ മനസ്സിലും ഉദിക്കും; എന്തുകൊണ്ടാണു ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും യഥാർത്ഥക്രിസ്തീയ ചൈതന്യം പ്രകടിപ്പിക്കാതെ ജീവിക്കുന്നതു? എന്ന്. കാരണങ്ങൾ പലതുണ്ട്. ചിലർ ഈ അമൂല്യബലിയുടെ വിലയറിയുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ല. ചില പാശ്ചാത്യരാജ്യങ്ങളിൽ 90 ശതമാനം കത്തോലിക്കരും ഞായറാഴ്ച കുർബാനപോലും കാണാത്തവരാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ദിവ്യബലിയെക്കുറിച്ചു ശരിയായ ജ്ഞാനവും ദൃഢമായ വിശ്വാസവുമില്ലാത്ത

---

(1) ib. 73–3; (2) "Hence no salvation without Communionin re vel in voto though in a different way from Baptism" ib. 73 c

(3) cf. Latin Liturgy an obstacle to conversion ? By Joseph Thaliath K. S. G. in Catholic Herald, London, Sept. 5, 1952.

തിനാൽ അതിൽ പങ്കെടുക്കുന്നവരിൽതന്നെ പലരും സജീവമായ ഒരു ഭാഗം വഹിക്കുന്നില്ല. കുറച്ചു പ്രാർത്ഥനകൾ ഉരുവിടുന്നതിൽ കവിഞ്ഞു് കുർബാന കാണുന്നതും സിനിമാ കാണുന്നതും തമ്മിൽ വലിയ അന്തരമില്ലവർക്കു്. തുലോം ചുരുങ്ങിയ ശതമാനം ആളുകൾ മാത്രമേ കുർബാനയിൽ ഫലപ്രദമായി സംബന്ധിക്കുന്നുള്ളു. ക്രിസ്തീയജീവിതത്തിന്റെ നീരുറവയിൽനിന്നു പാനം ചെയ്തിട്ടും കത്തോലിക്കരിൽ പലരുടേയും ജീവിതം ശുഷ്കമായിരിക്കുന്നതിന്റെ കാരണങ്ങളിവയെല്ലാമാണു്. എന്താണു് പ്രതിവിധി? കുർബാന "കണ്ടാലും കേട്ടാലും" പോരാ, അതർപ്പിക്കതന്നെവേണം ഓരോ വിശ്വാസിയും. അർപ്പിച്ചാൽ പോരാ കുർബാനയിൽ നടക്കുന്നതു് സ്വജീവിതത്തിൽ പകർത്തുകയും വേണം: ബലിയർപ്പിക്കുക, ബലിജീവിതം നയിക്കുക.

### 1. ബലിയർപ്പിക്കുക

ദൈവത്തെ പരമസന്തുഷ്ടനാക്കുന്ന ഏകബലി കുർബാനയാകുന്നു. അതു് നമ്മുടെ രക്ഷകനും, പ്രധാനാചാര്യനും സഹോദരനുമായ ക്രിസ്തുവിന്റെ ബലിയായിരിക്കുന്നതിനാൽ, ഓരോ വിശ്വാസിക്കും സഹസമർപ്പകന്റെയും ബലിവസ്തുവിന്റെയും ഭാഗം വഹിക്കാനുണ്ടു്. മററുവാക്കുകളിൽ പറഞ്ഞാൽ നമ്മളും മിശിഹായോടുകൂടി ബലിയർപ്പിക്കയും ബലിവസ്തുവായി അർപ്പിക്കപ്പെടുകയും വേണം.

### മിശിഹായെ മിശിഹായോടുകൂടി അർപ്പിക്കുക

ബലിയർപ്പിക്കുന്നതിനു് ഔദ്യോഗികമായി നിയമിക്കപ്പെട്ടിരിക്കുന്ന പുരോഹിതന്മാർവഴി ഈശോ നിത്യപിതാവിനു് സ്വയം അർപ്പിക്കുമ്പോൾ ഇവരോടുകൂടി ഓരോ വിശ്വാസിയും യോജിക്കണമെന്നു് അവിടുന്നു് നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ക്രിസ്തുവും, വൈദികനും, അത്മായനും ഇതിൽ യഥാക്രമം അർപ്പകരാണു്. എന്നാൽ വി. പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ അത്മായനു് "ആത്മീയബലികൾ സമർപ്പിക്കുന്നതിനുള്ള" (1) മൗതികാചാര്യത്വമല്ലാതെ മറ്റുള്ള പുരോഹിതാധികാരമില്ലെന്നു് പ്രത്യേകം ഓർത്തിരിക്കണം. ദിവ്യബലി പട്ടക്കാരനും വിശ്വാസികളും സഹകരിക്കുന്ന ഒന്നാണെന്നു് അതിലെ പല കർമ്മങ്ങളും ബഹുവചനത്തിൽ ചൊല്ലുന്ന പല പ്രാർത്ഥനകളും സുസ്പഷ്ടമാക്കുന്നു.

കുർബാനയിൽ ഈശോയോടുകൂടി ഈശോയെ അർപ്പിക്കുക എന്നു പറഞ്ഞാൽ ആന്തരിക പ്രകരണങ്ങൾ വഴിയായി ഈശോയുടെ ഉദ്ദേശങ്ങൾ നമ്മുടേതും ആക്കിക്കൊണ്ടു് അവിടുത്തോടു സജീവമാംവിധം സംയോജിക്കണം എന്നു സാരം. ദൈവാരാധന, കൃതജ്ഞത, പരിഹാരം, അപേക്ഷ മുതലായവയിൽ വ്യാപൃതനായിരിക്കുന്നു നമ്മുടെ പ്രധാനാചാര്യൻ. അപ്രകാരം വിശ്വാസികളും ചെയ്യണം. അവർ വി. കുർബാനയിൽ സംബന്ധിക്കേണ്ട വിധത്തെക്കുറിച്ചു് പ. പിതാവു് 12-ാം പീയൂസ് മാർപ്പാപ്പ മേൽ പ്രസ്താവിച്ച വിശ്വലേഖനത്തിൽ നൽകുന്ന നിർദ്ദേശമെന്തെന്നു കേട്ടാലും: "സകല വിശ്വാസികളും അറിഞ്ഞിരിക്കണം ദിവ്യബലിയിൽ സംബന്ധിക്കുന്നതു് തങ്ങളുടെ പരമധർമ്മവും പരമഭാഗ്യവുമാണെന്നു്. അതു ചെയ്യേണ്ടതു് അലസവും അശ്രദ്ധവുമായ ഒരു രീതിയിലോ, പല വിചാരങ്ങളോടുകൂടിയോ അല്ല; പിന്നെയോ "ഈശോ മിശിഹായോടുകൂടി ഇതുതന്നെ നിങ്ങളുടെ ഉള്ളിൽ നിങ്ങളും വിചാരിക്കുവിൻ" എന്നു് വി. ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതനുസരിച്ചു്, അത്യുന്നതാചാര്യനോടു് ആവും വിധം യോജിക്കുന്നതിനു പര്യാപ്തമായ ഭക്തിതീക്ഷ്ണതയോടും ഏകാഗ്രചിത്തതയോടുംകൂടിയാണു്"!

മേൽ പ്രസ്താവിച്ചതിൽനിന്നും ഒരു കാര്യം വിശദമാണു്. വൈദികനോടുകൂടി മിശിഹായെ അർപ്പിക്കാതെ കുർബാന കാണുന്നവൻ അതിന്റെ സ്ഥാപനത്തിൽ ദൈവത്തിനും, തിരുസഭയ്ക്കുമുള്ള പ്രധാന ഉദ്ദേശം എന്തെന്നു ഗ്രഹിക്കുന്നില്ല. സമർപ്പണത്തിന്റെ ഈ ചൈതന്യം കൂടാതെ, മററു പ്രാർത്ഥനകൾ, അല്ല, ദിവ്യപൂജയിലെ പ്രാർത്ഥനകൾതന്നെ ഉരുവിട്ടാലും, ഒരാൾ അതിൽ യഥാർത്ഥമായി പങ്കെടുക്കുന്നു എന്നു പറയാൻ പാടില്ല.

എന്നാൽ മിശിഹാ പ്രധാനാചാര്യൻ മാത്രമല്ല, ബലിവസ്തുവുംകൂടിയാണല്ലോ. അതിനാൽ അവിടുത്തെ മനോഭാവംകൂടി നമ്മൾക്കുണ്ടായിരിക്കണം.

### മിശിഹായോടുകൂടി സ്വയം അർപ്പിക്കുക

ചരിത്രപുരുഷനായ മിശിഹായെ അവിടത്തെ അനന്ത യോഗ്യതകളോടുകൂടി നിത്യപിതാവിനർപ്പി

(1) I Peter II-5.

ച്ചിട്ട് അലസതയുടെ മറയിൽ ജീവിക്കുന്നതിനുള്ള ഒരു പായമല്ല ദിവ്യപൂജ. അപ്രകാരം ലൂഥരും അനുയായികളും ചെയ്യട്ടെ. ദൈവം ബലിവസ്തുവായി ആഗ്രഹിക്കുന്നത് പ. കന്യകയിൽനിന്നു ജനിച്ച ക്രിസ്തുവിനെ മാത്രമല്ല; പ്രത്യുത, നമ്മളും കൂടിച്ചേർന്ന പരിപൂർണ്ണ ക്രിസ്തുവിനെയാണ്. ഈ മൌതിക ക്രിസ്തുവിൻെറ ഭാഗമാണ് നാമോരോരുത്തരും. അതുകൊണ്ടത്രേ അവിടുത്തോടുകൂടി സ്വയം ബലി അർപ്പിക്കുന്നതിനും വിശ്വാസികൾക്കു സാധിക്കുന്നത്.

എന്നാൽ ഓരോ വിശ്വാസിയും സാദ്ധ്യമാകുന്നിടത്തോളം തൻെറ ഭാഗം മിശിഹായുടെ മനോഭാവത്തിലർപ്പിക്കണം. ദിവ്യരക്ഷകൻ ആത്മബലിയർപ്പിക്കുന്നത് എളിമ, ആരാധന, സ്തുതി, സ്തോത്രം മുതലായ സന്മനോഭാവങ്ങളോടുകൂടിയാണ്. ഇവ നമ്മിൽ സംജാതമാക്കണം. അത് ആത്മജീവിതത്തെ പോഷിപ്പിക്കുന്ന ഉൽകൃഷ്ട പ്രാർത്ഥനയായിരിക്കും.

കുർബാനസമയത്ത് പ്രാർത്ഥിക്കണം, ധ്യാനിക്കണം, അപേക്ഷിച്ചാൽ പോരാ. ഹൃദയത്തെ ദൈവത്തിൻപക്കലേയ്ക്കുയർത്തി അവിടുത്തെ ആരാധിക്ക, അവിടുത്തോടു നന്ദി പറയുക, പാപത്തെക്കുറിച്ച് ദുഃഖിക്കുക, അനുഗ്രഹങ്ങൾ യാചിക്കുക ഇതാണ് പ്രാർത്ഥന. ദൈവതാല്പര്യങ്ങളേയും ആത്മരക്ഷയേയും വിസ്മരിച്ച് ഐഹിക നന്മകളെ മാത്രം ചോദിച്ചുകൊണ്ട് കുർബാന കാണുന്നയാളിൻെറ ആത്മാവ് ആദ്ധ്യാത്മികമായി അധികം വളരുകയില്ല. ദൈവത്തോടു ചോദിക്കുന്നതിനെക്കാൾ കൂടുതൽ, കൊടുക്കേണ്ട, കാഴ്ചവയ്ക്കേണ്ട സന്ദർഭമാണ് ദിവ്യബലി.

പണ്ടത്തെപ്പോലെ ദിവ്യപൂജയ്ക്കുള്ള അപ്പവും വീഞ്ഞും വിശ്വാസികൾ ഇന്ന് കാഴ്ചവയ്ക്കേണ്ടതില്ലെങ്കിലും, നിർമ്മലമായ ഒരു ഹൃദയം സമർപ്പിക്കാതെ പൂജയിൽ സംബന്ധിക്കരുത്. അതിൻെറ ആരംഭത്തിൽതന്നെ ബലിചൈതന്യത്താൽ പ്രേരിതരായി ഒരാന്തരിക പ്രകരണം മനസ്സാ ചെയ്തുകൊണ്ട് ദിവ്യകുഞ്ഞാടിനോടുകൂടി സമസ്തവും—സമ്പത്തും, ശരീരവും, ആത്മാവും—പരിപൂർണ്ണമായി നിത്യപിതാവിനു കാഴ്ചവയ്ക്കണം. കുർബാനയുടെ ഇടയ്ക്കു ഈ സമർപ്പണം പലരൂപത്തിലും നവീകരിക്കയും വേണം.

ഇതിൽനിന്ന് ആന്തരിക പക്ഷങ്ങൾ മുഖേന മിശിഹായോടും അവിടുത്തെ ശുശ്രൂഷിയായ വൈദികനോടും യോജിക്കുന്നതനുസരിച്ച് കുർബാന ആത്മാവിനു പ്രയോജകീഭവിക്കുന്നു എന്ന് സ്പഷ്ടം. ഈ യോജിപ്പ് എളുപ്പത്തിൽ കൈവരുത്തുന്നതിനു പല പ്രായോഗിക മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെടുന്നു. തക്സാ ഉപയോഗിക്കുക, വൈദികൻെറ വചനങ്ങൾക്ക് കൂട്ടമായി ഉത്തരം പറയുക, ദിവ്യബലിയുടെ വിവിധ ഭാഗങ്ങൾക്കനുയോജ്യമായ ഗീതങ്ങൾ ആലപിക്കുക, പാട്ടുകുർബാനയ്ക്കു ജനങ്ങളും പാടുക മുതലായവ പൂജയിൽ ഫലപ്രദമായി പങ്കെടുക്കുന്നതിനു വിശ്വാസികളെ സഹായിക്കാതെയിരിക്കുകയില്ല. പൂജയിൽ പുരോഹിതൻ ഉയന്ന സ്വരത്തിൽ ചൊല്ലുന്ന ഭാഗങ്ങൾ മാതൃഭാഷയിലാക്കുന്നതും അഭിലഷണീയമായിരിക്കും. ഏതു ബാഹ്യരീതിയുടേയും ലക്ഷ്യം കുർബാനയിലെ ദിവ്യ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുന്നതിനു സഹായിക്കുകയും, തദ്വാരാ പ്രാർത്ഥനയുടെ, വിശേഷിച്ച് സമർപ്പണത്തിൻെറ ചൈതന്യം പുലർത്തുകയുമായിരിക്കണം.

ദിവ്യ ബലിയിലെ സമർപ്പണം വെറും അധരസേവനമായാൽ പോരാ; ബലി ക്രിസ്തീയ ജീവിതത്തിലെ ഏററവും വലിയ യാഥാർത്ഥ്യമായിരിക്കണം.

## 2. ബലിജീവിതം നയിക്കുക

ഞായറാഴ്ച കുർബാനകഴിഞ്ഞ് പള്ളിയിൽനിന്നിറങ്ങിയാൽ പിന്നെ അടുത്ത ഞായറാഴ്ചവരെ അതുമായി ഒരു ബന്ധവുമില്ലെന്ന മട്ടിലല്ലയോ ഒരു സാധാരണ കത്തോലിക്കൻ പെരുമാറുന്നത്? ജീവിതം ബലിയുടെ ഒരു തനിപ്പകർപ്പായിരിക്കണമെന്നുള്ള കാര്യം അയാൾ മറന്നുപോകുന്നു. തൻമൂലം എത്ര പൂജ കണ്ടാലും ജീവിതപരിവർത്തനം ഉണ്ടാകുന്നില്ല. എപ്രകാരമാണ് ബലിജീവിതം നയിക്കേണ്ടത്?

(1) പൂജയിൽ ചെയ്യുന്ന സമർപ്പണം പൂജാനന്തരവും പുതുക്കുക (2) ദൈവതിരുമനസ്സിനു കീഴ്വഴങ്ങി ജീവിക്കുക, (3) പ്രായശ്ചിത്തങ്ങളും പരിത്യാഗങ്ങളും അനുഷ്ഠിക്കുക.

### (1) പൂജാനന്തരവും സമർപ്പണം പുതുക്കുക

മിശിഹായെ നിരന്തരം നിത്യപിതാവിനർപ്പിക്കുന്ന പതിവ് ഒരു ക്രിസ്ത്യാനിയിൽ രൂഢമൂലമാകണം. അവിടുന്ന് മനുഷ്യർക്കുവേണ്ടി ലോകത്തിൻെറ നാനാഭാഗങ്ങളിലായി ഒരു സെക്കൻറിൽ നാലു പ്രാവശ്യം തന്നെത്തന്നെ നിത്യപിതാവിനർപ്പിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ നിയോഗങ്ങളോടു

ത്മനാ യോജിച്ചുകൊണ്ടു് നമുക്കും ദൈവത്തിന ർപ്പിക്കാം തന്റെ തിരുക്കുമാരന്റെ തിരുശരീരവും രക്തവും; അവയോടുകൂടി നമ്മുടെ പ്രാർത്ഥനകളും സകല പ്രവൃത്തികളും സഹനങ്ങളും; ഇവയെല്ലാം നമ്മുടെ ചെറിയ ബലികളാകുന്നു. ഇതിലേയ്ക്കുള്ള ഒരുദ്ബോധനമല്ലേ നമ്മുടെ ദിവ്യരക്ഷകൻ പൂജാന ന്തരവും സക്രാരിയിൽ നിന്നു് നിതരാം നൽകുന്നതു് ? നിർജ്ജീവ വസ്തുക്കളുടെ സാദൃശ്യത്തിൻകീഴിൽ തന്നെ ത്തന്നെ അതിശയനീയമായ വിധത്തിൽ താഴ്ത്തി സ്വയം ബലിയർപ്പിച്ചുകൊണ്ടു് ദൈവത്തെ മഹത്വ പ്പെടുത്തുകയല്ലാതെ മറെറന്താണവിടുന്നു് ചെയ്യുന്നതു്?

ദൈവത്തിന്റെ മഹത്വീകരണം ഹൃദയംകൊ ണ്ടും അധരംകൊണ്ടും ചെയ്യുന്ന കാര്യവുമിനെ കവിഞ്ഞു് പ്രാവർത്തികമായ ജീവാർപ്പണത്തിലവസാ നിക്കണം. ഇതു് ദൈവതിരുമനസ്സിനോടുള്ള യോജി പ്പിലും പ്രായശ്ചിത്തങ്ങളുടെയും പരിത്യാഗങ്ങളുടെയും അനുഷ്ഠാനത്തിലും അധിഷ്ഠിതമായിരിക്കുന്നു.

## (2) ദൈവ തിരുമനസ്സിനോടുള്ള യോജിപ്പു്.

ദൈവത്തിന്റെ പരമാധികാരത്തോടുള്ള ഭയ ഭക്ത്യാദരവുകളെ പ്രകടിപ്പിക്കാൻ മിശിഹാ ദിവ്യ ബലിയിൽ മരണംവരെ തന്റെ പിതാവിനെ അനു സരിക്കുന്നു; തദനന്തരം ദൈവപരിപാലനയ്ക്കു തന്നെ ത്തന്നെ പരിപൂർണ്ണമായി കൈയ്യാളിക്കയും ചെയ്യുന്നു. അവിടുന്നു ഏതൾത്താരയിലും, ഏതു വൈദികന്റെ കരങ്ങളിലും എഴുന്നെള്ളിവരുന്നു. പാപികളുടെ ആത്മാക്കളിൽ പിശാചിനോടുകൂടി വസിക്കുന്നതിനും ദുഷ്ടന്മാരാൽ ചവിട്ടി മെതിക്കപ്പെടുന്നതിനും, പ്രകൃതി ശക്തികളാൽ നിർമ്മൂലമാക്കപ്പെടുന്നതിനും അവിടുന്നു സമ്മതിക്കുന്നു. ഓരോ ക്രിസ്ത്യാനിയും മിശിഹായോ ടുകൂടി പല പ്രാവശ്യവും ചെയ്യിരിക്കുന്ന സ്വയാർപ്പണ ത്തിന്റെ ആത്മാർത്ഥത പ്രത്യക്ഷപ്പെടുത്തേണ്ടതു് ഇപ്ര കാരം പരിപൂർണ്ണമായി ദൈവതിരുമനസ്സു് നിറവേററി ക്കൊണ്ടും ദൈവപരിപാലനയ്ക്കു വിധേയനായിക്കൊ ണ്ടുമാണു്.

അവൻ എന്തു വിശ്വസിക്കണം, എന്താശി ക്കണം, എന്തു സ്നേഹിക്കണം, എന്തു ചെയ്യണം എന്നു് തിരുസഭ വഴിയായി ദൈവം പഠിപ്പിക്കുന്നു. അവിടുത്തെ ഈ തിരുച്ചിത്തം നിറവേററുകയാണു് ക്രിസ്തീയജീവിതത്തിലെ പ്രഥമ ധർമ്മം. ഒരു ക്രിസ്ത്യാ നിയാകുന്നതിനാവശ്യമുള്ള ഏററവും കുറഞ്ഞ യോഗ്യത മാത്രമേ ഈ കടമയുടെ നിർവഹണത്തിലുള്ളു. അനി യന്ത്രിതമായ സ്വാതന്ത്ര്യേച്ഛയും, അധികാരികളോടുള്ള അവജ്ഞയും, വെറുപ്പും, എതിർപ്പും വർദ്ധിച്ചുവരുന്ന ഇക്കാലത്തു് കത്തോലിക്കർ വഴിതെററാതിരിക്കണമെ ങ്കിൽ, അവരുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ദിവ്യ പൂജയിൽനിന്നു് മിശിഹാ സ്വദൃഷ്ടാന്തംമൂലം പഠിപ്പി ക്കുന്ന അനുസരണാബോധം ആർജ്ജിക്കുന്നതിനു് കൂടു തൽ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ദൈവപരിപാലനയ്ക്കു് പരിച്ഛേദം സ്വയം കൈയ്യാളിക്കുന്നവൻ ബലിജീവിതത്തിൽ ഒരുപടികൂടി മുകളിലേയ്ക്കു കയറുന്നു. ജ്വലിക്കുന്ന വിശ്വാസത്തോടും ഉറപ്പുള്ള പ്രത്യാശയോടും, എരിയുന്ന സ്നേഹത്തോടും കൂടി അയാൾ കുർബാനയിലെ ഈശോയുടെ ബലിജീ വിതത്തെ പിൻചെല്ലുന്നു. ദൈവത്തിന്റെ അനന്ത ജ്ഞാനം ചെയ്യുന്ന ക്രമീകരണങ്ങളെ ചോദ്യംചെയ്യാ തെ, മിശിഹായെപ്പോലെ അവിടുത്തെ പരിപാല നയ്ക്കു് സ്വയം കൈയ്യാളിക്കാൻ അസംഖ്യം അവസര ങ്ങൾ ജീവിതം നൽകുന്നുണ്ടൊരു ക്രിസ്ത്യാനിക്കു്. ദാരിദ്ര്യം, വസ്തുനാശം, ദീനം, അംഗഭംഗം, വിരൂപത, വിരോധാഭാസം, ശത്രുത, പരാജയം, മനോവേദന, അധ്വാനം, അധഃപതനം, ആപത്തു്, മരണം മുതലായ അനിഷ്ടസംഭവങ്ങൾ നിറഞ്ഞതല്ലയോ മനുഷ്യജീവിതം? സുഖസൌകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും, ആധുനിക മനുഷ്യനും അവാച്യമായ വിധത്തിൽ സഹിക്കുന്നി ല്ലയോ? സാർവത്രികമായ സാമ്പത്തികാധഃപതനം അന്താരാഷ്ട്രീയ സ്ഥിതിഗതികളുടെ അനിശ്ചിതാവ സ്ഥ, നിരന്തര യുദ്ധഭീതി മുതലായവ അതിന്റെ ചില കാരണങ്ങളാണു്. എന്നാൽ ഏററം നിർഭാഗ്യമായി രിക്കുന്നതു് മനുഷ്യൻ മൃഗത്തെപ്പോലെ സഹിക്കുന്നു എന്നുള്ളതാണു്. വിശുദ്ധാത്മാക്കളെപ്പോലെ ഏതു സഹനവും ബലിയായി ദൈവത്തിനർപ്പിക്കാനും, തദ്വാരാ, അനവധി സ്വർഗ്ഗീയയോഗ്യതകൾ സമ്പാദി ക്കാനും അവനു സാധിക്കും. പക്ഷെ ഒരു വ്യവസ്ഥ യുണ്ടു്. വിശ്വാസത്തോടും സ്നേഹത്തോടുംകൂടി ബുദ്ധിയും മനസ്സും അവിടുത്തേയ്ക്കു സമർപ്പിച്ചു കീഴട ങ്ങണം.

അനുദിനജീവിതത്തിൽ ഒരു ബലിവസ്തുവായി ജീവിക്ക എന്നുള്ള ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ദൈവവിളി പൂർണ്ണമായി സാക്ഷാൽക്കരിക്കപ്പെടുന്ന

തിനു് മനഃപൂർവം ചെയ്യുന്ന പ്രായശ്ചിത്തപ്രവൃത്തികളും പരിത്യാഗങ്ങളുംകൂടി അത്യന്താപേക്ഷിതമാണു്.

### (3) പ്രായശ്ചിത്തപ്രവൃത്തികളും പരിത്യാഗങ്ങളും

ഈ ഇരുപതാം നൂററാണ്ടിലെ ആളുകൾക്കു് പണ്ടുണ്ടായിരുന്നവരുടെ ശരീരദാർഢ്യമോ ആരോഗ്യമോ ഇല്ല, പ്രായശ്ചിത്തം ചെയ്യുന്നതിനു്. കൂടാതെ ജോലികളും ബദ്ധപ്പാടുകളും വർദ്ധിച്ചുമിരിക്കുന്നു. ഇപ്രകാരമൊക്കെയാണു് തപസ്സു് വെറുക്കുന്നവരുടെ വാദഗതി.

എന്നാലിന്നു് നമ്മുടെ നാട്ടിൻപുറങ്ങളിൽപോലും വെയിലും മഴയുംകൊണ്ടു് മരണപര്യന്തം നിരാഹാര സത്യഗ്രഹം അനുഷ്ഠിക്കാൻ കേവലം അബലകൾ പോലും മുതിരുന്നു! 20-ാം നൂററാണ്ടിൽ പ്രായശ്ചിത്തം ചെയ്യാൻ ആളുകൾക്കു സാധ്യമല്ലന്നോ? വാസ്തവമാണു്. ദൈവത്തിനും ആത്മാവിനുംവേണ്ടി ത്യാഗങ്ങൾ ചെയ്യാനവർക്കറിഞ്ഞുകൂടാ; പിശാചിനും സ്വാർത്ഥത്തിനും വേണ്ടി എന്തുചെയ്യും! കമ്മ്യൂണിസ്റ്റുകളെ കാണുക. ഒരു തീപ്പൊരിപ്രസംഗം മതി എന്തും സഹിക്കാൻ തയ്യാറായിട്ടുള്ള യുവാക്കന്മാരെ ലഭിക്കാൻ.

ക്രിസ്തുവബ്ദത്തിൻെറ ആദ്യശതകങ്ങളിലേപ്പോലെ തന്നെ ഇന്നും മനുഷ്യനു് സഹിക്കുന്നതിനും സ്വയം ത്യജിക്കുന്നതിനും കഴിയും. അവൻെറ ദൃഷ്ടികളെ നേരായ ലക്ഷ്യത്തിലേയ്ക്കും അവൻെറ ശക്തികളെ നേരായ മാർഗ്ഗത്തിലേക്കും തിരിച്ചുവിട്ടാൽ മതി. ആദ്ധ്യാത്മികമൂല്യങ്ങൾക്കു വേണ്ടി അവൻ പരിത്യാഗം അഭ്യസിക്കട്ടെ. ഏതെല്ലാം കാര്യങ്ങളിൽ? ലോകവസ്തുക്കളിലും, ശരീരത്തിലും, ആത്മാവിലും. ഇതിനുള്ള പ്രചോദനമാണു് ദിവ്യബലിയിൽ നിന്നു സംഭരിക്കേണ്ടതു്.

ലോകവസ്തുക്കളെ അമിതമായി ആർജ്ജിച്ചു വയ്ക്കുന്നതു എല്ലാക്കാലത്തും ആത്മരക്ഷയ്ക്കു തടസ്സമായിരുന്നു. ഇന്നതൊരു വലിയ സമുദായദ്രോഹം കൂടിയാകുന്നു. എന്തെന്നാൽ അനേകരെ കഷ്ടാരിഷ്ടതകളുടെ അഗാധഗർത്തത്തിലേക്കു് തള്ളിയിടുന്ന കവർച്ചയുടെ പരോക്ഷരൂപമുണ്ടതിനു്. എന്നാൽ ഒരു ക്രിസ്ത്യാനി മുതൽ കൂട്ടുന്നതിനു് അത്യാഗ്രഹം കാണിക്കാതിരിക്കുന്നതുകൊണ്ടുമാത്രം ത്യാഗചൈതന്യമുള്ളവനാകുന്നില്ല. തനിക്കു മിതമായി ആവശ്യമുള്ളവയിൽനിന്നുകൂടിയും നിസ്സഹായനായ തൻെറ സഹോദരനുവേണ്ടി കുറച്ചു ബലികഴിക്കണം. ധാരാളത്വത്തിൽനിന്നു നൽകിയാൽ ത്യാഗം നാമമാത്രമേയാകയുള്ളു. ഭൗതികവസ്തുബന്ധരാഹിത്യം ഏറെക്കുറെ എല്ലാവർക്കും ആവശ്യമാണു്. ഇതു് യഥാർത്ഥ ക്രിസ്തീയചൈതന്യത്തോടുകൂടിയ ജീവകാരുണ്യപ്രവൃത്തികളും ദാനധർമ്മങ്ങളും മുഖേന പ്രാവർത്തികമാക്കുന്നെങ്കിൽ, ഇന്നത്തെ സാമുദായികസാമ്പത്തികാവശതകൾ താനെ പരിഹരിക്കപ്പെടും; അവയുടെ തണലിൽ തഴച്ചു വളരുന്ന സകല മതവിദ്വേഷപ്രസ്ഥാനങ്ങളും പരാജയപ്പെടും.

ലോകവസ്തുക്കളെ സംബന്ധിച്ചഭ്യസിക്കുന്ന ത്യാഗം ശരീരംകൊണ്ടു മുഴമിപ്പിക്കണം. അതിനെല്ലാവരും പ്രായശ്ചിത്തോപകരണങ്ങൾ ധരിക്കണമെന്നില്ല. അനുദിനജീവിതത്തിലെ അവിഭാജ്യഘടകങ്ങളായ കായക്ലേശങ്ങൾ ദൈവസ്നേഹത്തെപ്രതി കൈവരിക്കുന്നതിനു പുറമെ, എല്ലാവരും അധ്വാനശീലമുള്ളവരായിത്തീരുക എന്നതു് ശരീരംകൊണ്ടു ചെയ്യാവുന്ന ഒരുത്തമ തപസ്സും ഇന്നത്തെ ഒരു വലിയ ആവശ്യവുമാകുന്നു. ക്ഷാമവും ദാരിദ്ര്യവും നീങ്ങണമെങ്കിൽ, അലസരായി സമയം വൃഥാ ചെലവാക്കാതെ ജോലിചെയ്യണം. കൂടുതൽ ഉല്പാദിപ്പിക്കണം. സന്താന നിയന്ത്രണമല്ല പരിഹാരമാർഗ്ഗം. മടിയൻെറയും മറയൻെറയും സ്വാർത്ഥലോലുപൻെറയും കണ്ടുപിടിത്തമാണതു്. ഒരു കുഞ്ഞിനെ ജനിപ്പിക്കാതിരുന്നാൽ ഒരു വായ്ക്കുള്ള ഭക്ഷണം ലാഭിക്കാം; എന്നാൽ ജോലിക്കുള്ള രണ്ടു കരങ്ങൾ രാജ്യത്തിനു നഷ്ടപ്പെടുന്നു. അതു കാണുന്നില്ല ഈവക ഹ്രസ്വദൃഷ്ടികൾ.

ശാരീരിക പ്രായശ്ചിത്തങ്ങളോടുകൂടി ആത്മാവിൻെറ ത്യാഗങ്ങളും ചേർത്തെങ്കിൽ മാത്രമേ ക്രിസ്തീയതാപാനുഷ്ഠാനം പരിപൂർണ്ണമാകയുള്ളു. മനുഷ്യൻ ശരീരവും ആത്മാവും കൂടിയ വ്യക്തിയാണല്ലോ. ആത്മപരിത്യാഗത്തിൻെറ പരിധിയിൽ ബുദ്ധിയും മനസ്സും ഇന്ദ്രിയങ്ങളും ഉൾപ്പെടുന്നു. ഈ ശക്തികളുടെ ദുർവ്വാസനകളനുസരിച്ചുള്ള പ്രവർത്തനങ്ങളാണു് ആത്മാവിനെ പുണ്യപരിപൂർണ്ണതയുടെ മാർഗ്ഗത്തിൽനിന്നും ലക്ഷ്യത്തിൽനിന്നുമകററിനിറുത്തുന്നതു്. ദിവ്യബലിയിൽ സംബന്ധിച്ചശേഷം ഒരു ക്രിസ്ത്യാനിക്കു് ഇവയോടുള്ള നിരന്തരസമരത്തിൽ എപ്പോഴും ഒരു ബലിവസ്തുവായി ജീവിക്കാൻ സാധിക്കും.

# വിശുദ്ധകളുടെ പേരുകൾ വിരളമല്ല

(തുടർച്ച)

(ഫാ. ഫിലിപ്പ് ഒ. സി. ഡി.)

(19) അന്തൊനീനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മെയ് 3. മാക്സിമിയൻ ചക്രവത്തിയുടെ വേദഞെരുക്കകാലത്തു്, കോൺസ്റ്റൻറിനോപ്പിൾ എന്ന പട്ടണത്തിൽവച്ചു രക്തസാക്ഷിമകുടം ചൂടുന്നതിനു ഭാഗ്യമുണ്ടായി.

(20) അനീസിയാ: രക്തസാക്ഷിണി. തിരുനാൾ: ഡിസംബർ 30. തെസ്സലോനിക്കാ എന്ന സ്ഥലത്തുവച്ചു, രക്തസാക്ഷിണിയായി മരിച്ചു.

(21) അപ്പൊള്ളിനാരിസ്: കന്യക. തിരുനാൾ: ജാനുവരി 5. ഈജിപ്തിലാണ് ഈ വിശുദ്ധ ജീവിച്ചതും മരണം പ്രാപിച്ചതും. കൂടുതൽ വിവരങ്ങൾ അറിവില്ല.

(22) അപ്പൊളോണിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഫെബ്രുവരി 9. അലെക്സാന്ത്രിയാ പട്ടണത്തിൽ ഡേഷ്യസ് എന്ന റോമൻ ചക്രവത്തിയുടെ കാലത്തു ജീവിച്ചിരുന്നു. സത്യവേദത്തെ പ്രതി അവൾ പീഡിപ്പിക്കപ്പെടുകയും കന്യാത്വത്തിനെതിരായി പരീക്ഷിക്കപ്പെടുകയും ചെയ്തു. തന്നെ പീഡിപ്പിക്കുന്നതിനു് ഒരുക്കിയിരുന്ന അഗ്നികുണ്ഡത്തിൽ സ്വമനസ്സാലെ എടുത്തുചാടിക്കൊണ്ടു് അവൾ തൻെറ ചാരിത്രശുദ്ധിയേയും സത്യവിശ്വാസത്തേയും ഒരുമിച്ചു സംരക്ഷിച്ചു.

(23) അക്വിലീനാ: രക്തസാക്ഷിണി. തിരുനാൾ: ജൂലൈ 24. ലിഡിയാ പട്ടണത്തിൽ ക്രിസ്റ്റോഫർ എന്ന രക്തസാക്ഷി പ്രസംഗിക്കുമ്പോൾ മാനസാന്തരപ്പെടുകയും തൻെറ കൂട്ടുകാരിയായ നിസേററായോടൊന്നിച്ചു, ശിരച്ഛേദനം വഴിയായി രക്തസാക്ഷിമകുടം സ്വീകരിക്കുകയും ചെയ്തു.

(24) അക്വാഞ്ചലാ: കർമ്മലീത്താ സഭംഗമായ കന്യക. തിരുനാൾ: ഫെബ്രുവരി 13. ഭക്തിപരവും തപശ്ചര്യകൾ നിറഞ്ഞതുമായ ഒരു ജീവിതം നയിച്ചു്, മാന്തുവാ എന്ന സ്ഥലത്തുള്ള കർമ്മലീത്താ മഠത്തിൽ വച്ചു് ജനുവരി 25-ാം തിയതി ഭാഗ്യമരണം പ്രാപിച്ചു. വാഴ്ത്തപ്പെട്ടവൾ എന്ന നിലയിൽ അവൾ കർമ്മലീത്താ സഭയിൽ വണങ്ങപ്പെടുന്നു.

(25) അരിയാന്ന: രക്തസാക്ഷിണി. തിരുനാൾ: സെപ്തംബർ 17. ഫ്രീജിയാ എന്ന സ്ഥലത്തുവച്ചു, ഹാഡ്രീയൻ ചക്രവത്തിയുടെ കാലത്തു രക്തസാക്ഷിണിയായി മരിച്ചു.

(26) അസേല്ലാ: കന്യക. തിരുനാൾ ഡിസംബർ 6. റോമിൽ ജനിച്ചു, ഉപവാസവും പ്രാത്ഥനയും കൊണ്ടു് വിശുദ്ധി പ്രാപിച്ചു, (വാക്കിൻെറ അത്ഥം കുഞ്ഞുപെൺകഴുത എന്നാണ്). എളിമയുള്ള കന്യാസ്ത്രീകൾക്കു പററിയ പേരാണ്.

(27) അസ്റ്റേരിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ആഗസ്ററ് 10. ഇററലിയിൽ ബർഗോം എന്ന സ്ഥലത്തുവച്ചു് രക്തസാക്ഷിമകുടം സമ്പാദിച്ചു.

(28) അത്തനാസിയാ: വിധവ. തിരുനാൾ: ആഗസ്ററ് 14. ഒരു കന്യാസ്ത്രീയായി എജീനാ എന്ന ദ്വീപിൽ ജീവിച്ചിരുന്നു.

(29) ആവുരെയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ജൂലൈ 19. സ്പെയിനിൽ കോർഡുബാ എന്ന സ്ഥലത്തു ജീവിച്ചിരുന്നു. അഡോൾഫ്, ജോൺ എന്ന രണ്ടു രക്തസാക്ഷി സഹോദരന്മാരുടെ സഹോദരിയായിരുന്നെങ്കിലും മഹമ്മദീയരുടെ വേദഞെരുക്കംമൂലം വിശ്വാസത്യാഗം ചെയ്യുന്നതിനിടയായി. എന്നാൽ ഉടനേതന്നെ മനസ്താപപ്പെട്ടു്, രക്തം ചിന്തി രക്തസാക്ഷിമകുടം സ്വീകരിച്ചു.

---

മേൽ പ്രസ്താവിച്ചവയുടെ വെളിച്ചത്തിൽ ഒരു ക്രിസ്ത്യാനിയുടെ ബലിജീവിതം ഏററം ക്ലേശകരമാണെന്നു സമ്മതിച്ചേ തീരു. അതു നയിക്കുന്നതിനവനു് അസാധാരണമായ ദൈവസഹായം ആവശ്യമുണ്ടു്. അതിനുവേണ്ടി നീതിമാനും അനന്തജ്ഞാനിയുമായ ദൈവം കണ്ടുപിടിച്ചിരിക്കുന്ന ശക്തിമത്തായ മാർഗ്ഗമാണ് ദിവ്യകാരുണ്യം. (തുടരും.)

(30) ഔരേലിയാ: രക്തസാക്ഷിണി. തിരുനാൾ: ഡിസമ്പർ 12. വലേറിയൻ ചക്രവർത്തിയുടെ കാലത്തു് റോമിൽവച്ചു് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

(31) ബൽബിനാ: കന്യക. തിരുനാൾ മാർച്ചു് 31. റോമിൽ കന്യകാവ്രതം എടുത്തു് പുണ്യജീവിതം നയിച്ചിരുന്നു.

(32) ബാർബരാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഡിസംബർ 4. നിക്കോമേഡിയാ എന്ന സ്ഥലത്തുവച്ചു്, മാക്സിമിൻ ചക്രവർത്തിയുടെ കാലത്തു് അനേക പീഡകൾ സഹിച്ചു് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

(33) ബാർബെയാ: രക്തസാക്ഷിണി: തിരുനാൾ: ജാനുവരി 29. സിറിയായിൽ എദെസ്സാ എന്ന സ്ഥലത്തുവച്ചു് സ്വ സഹോദരനായ സർബേലിയസിനോടൊന്നിച്ചു് ട്രാജൻ ചക്രവർത്തിയുടെ കാലത്തു് രക്തസാക്ഷിണിയായി മരിച്ചു.

(34) ബസിലിസ്സാ: കന്യക. തിരുനാൾ: ജാനുവരി 9. അന്തിയോക്കിയായിൽ ജീവിച്ചു. പുണ്യവതിയായി ഭാഗ്യമരണം പ്രാപിച്ചു.

(35) ബസില്ലാ: കന്യകയും രക്തസാക്ഷിണിയും തിരുനാൾ: മേയ് 20. റോമിൽ ഗാലിയേനസ് ചക്രവർത്തിയുടെ വേദഞെരുക്കകാലത്തു് രക്തസാക്ഷിമകുടം ചൂടുന്നതിനു ഭാഗ്യമുണ്ടായി.

(36) ബാപ്റ്റ്സാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ആഗസ്റ്റ് 10. പാവുലാ, അഗത്തോനിക്കാ എന്ന രണ്ടു കന്യകകളോടൊന്നിച്ചു് ആഫ്റിക്കയിൽ, കർത്താഗോ എന്ന പട്ടണത്തിൽവച്ചു് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

(37) ബനദിക്താ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഒക്ടോബർ 8. ലാഡൂൺ എന്ന സ്ഥലത്തുവച്ചു് രക്തസാക്ഷിണിയായി മരിക്കാൻ ഭാഗ്യമുണ്ടായി.

(38) ബിബിയാനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഡിസംബർ 2. ജൂലിയൻ ചക്രവർത്തിയുടെ കാലത്തു് റോമിൽവച്ചു് രക്തസാക്ഷിമകുടം ചൂടുന്നതിനു ഭാഗ്യമുണ്ടായി.

(39) ബിർജീത്താ: വിധവ. തിരുനാൾ: ഒക്ടോബർ 8. സ്വീഡനിൽ ജനിച്ച ഈ വിശുദ്ധ അനേകം തീർത്ഥസ്ഥലങ്ങൾ സന്ദർശിച്ചശേഷം ജൂലൈ 23-ാം തീയതി റോമിൽവച്ചു് ഭാഗ്യമരണം പ്രാപിച്ചു. എങ്കിലും തിരുനാൾ ഒക്ടോബർ 8-ാം തീയതിയാണു് ആഘോഷിക്കുന്നതു്.

(40) ബ്ളാൻറാ: രക്തസാക്ഷിണി. തിരുനാൾ: മേയ് 10. അലക്സാണ്ടർ ചക്രവർത്തിയുടെ കാലത്തു് റോമിൽവച്ചു് ക്രിസ്തുനാഥനെപ്രതി രക്തം ചിന്തി മരിച്ചു.

(41) ബ്ളാൻഡീനാ: രക്തസാക്ഷിണി. തിരുനാൾ ജൂൺ 2. ഫ്രാൻസിൽ, ലിൽ എന്ന സ്ഥലത്തുവെച്ചു്, രക്തസാക്ഷിയായി മരണം പ്രാപിച്ചു.

(42) ബൊനോസാ: രക്തസാക്ഷിണി തിരുനാൾ. ജൂലൈ 15. റോമിൽവച്ചു് സത്യവിശ്വാസത്തെപ്രതി രക്തം ചിന്തി മരിച്ചു.

(43) ബോവാ: കന്യക. തിരുനാൾ ഏപ്രിൽ 24. റെയിംസ് എന്ന സ്ഥലത്തു ജീവിച്ചു, പുണ്യപൂർണ്ണതയിലെത്തി, ഭാഗ്യമരണം പ്രാപിച്ചു.

(44) ബ്രിജീഡാ: കന്യക. തിരുനാൾ: ഫെബ്റവരി 1. ഐർലണ്ടിൽ കിലഡാരിയാ എന്ന സ്ഥലത്തു് പുണ്യജീവിതം നയിച്ചു് കർത്താവിൽ നിദ്ര പ്രാപിച്ചു.

(45) സെസീലിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: നവംബർ 22. റോമിൽ ജീവിച്ചു. വലേറിയൻ എന്നുപേരുള്ള ഒരു യുവാവിനെ കല്യാണം കഴിക്കാൻ നിർബന്ധിതയായി. എന്നാൽ തന്നെ സ്പർശിക്കുന്നതിനു് അയാളെ അനുവദിച്ചില്ല. പ്രത്യുത, സ്വ ഭർത്താവിനേയും അയാളുടെ സഹോദരനേയും കത്തോലിക്കാ വിശ്വാസികളും രക്തസാക്ഷികളും ആക്കിത്തീർത്തു. ഒടുവിൽ വിശുദ്ധ സെസീലിയായും അനേക പീഡനങ്ങൾ സഹിച്ചശേഷം ശിരച്ഛേദനംചെയ്യപ്പെട്ടു മരണം പ്രാപിച്ചു.

(46) കാൻഡിഡാ: കന്യകയും രക്തസാക്ഷിണിയും തിരുനാൾ. ആഗസ്റ്റു 29. റോമിൽവച്ചു് ക്രിസ്തുനാഥനെ പ്രതി രക്തം ചിന്തി വേദസാക്ഷിമകുടം സമ്പാദിച്ചു.

(47) കാൻസിയനില്ലാ: രക്തസാക്ഷിണി. തിരുനാൾ. മെയ് 31. ഡയക്ലേഷ്യൻ, മാക്സിമിയൻ എന്നീ ചക്രവർത്തിമാരുടെ കാലത്തു അക്വീലയാ എന്ന സ്ഥലത്തുവച്ചു് രക്തസാക്ഷിണിയായി മരിച്ചു.

(48) കാപ്പിറെറാളീനാ: രക്തസാക്ഷിണി: തിരുനാൾ: ഒക്ടോബർ 27. കപ്പഡോസിയായിൽ

# മരുഭൂമിയിലെ ശബ്ദം

അഥവാ

## സ്നാപകയോഹന്നാൻ

(ഈ. ലൂയിസ്സ റോച്ച്, പി. എച്ച്. എൽ; ബി. ഡി.)

സനാതന സത്യത്തെപ്പററി അവഗാഢം ധ്യാനിച്ചിട്ടുള്ള ആപൂർവം ചിലരിൽ അഗ്രഗണ്യനത്രേ "മരുഭൂമിയിലെ ശബ്ദം" എന്ന അപരനാമത്തോട്ടുകൂടിയ വിശുദ്ധ സ്നാപകയോഹന്നാൻ. ജീവിതത്തിൻെറ പ്രഭാതം മുതൽ അദ്ദേഹം ഏകാഗ്രമനസ്സനായി ചിന്തിക്കുവാൻ തുടങ്ങിയതാണ് പരിശുദ്ധ സത്യം എന്തെന്നും അത് എവ്വിധമിരിക്കുമെന്നും. ജീവിതത്തിൽ ഒരേ ഒരു ചിന്തമാത്രം–സത്യം കണ്ടെത്തൽ (Discovery of truth), മറെറല്ലാം അനുഷംഗികങ്ങൾ (Secondary). സത്യം എന്താണെന്നു മനസ്സിലാക്കിയപ്പോൾ അതിനെപ്പററി പ്രസംഗിക്കുവാൻ അദ്ദേഹം മടിച്ചില്ല. വസ്തുതകൾ നിർഭയം തുറന്നു പറയുവാൻ അദ്ദേഹം അമാന്തിച്ചില്ല. ഭവിഷ്യത്തുകൾ അദ്ദേഹത്തിന്റെ മുൻപിൽ കുളത്തിലെ കുമളകൾപോലെ അനുഭവപ്പെട്ടതേയുള്ള.

സത്യത്തിനു സാക്ഷ്യം നൽകുകയായിരുന്നു അദ്ദേഹത്തിൻെറ ജീവിതോദ്ദേശം. കപടലോകത്തിൽ ആത്മാത്ഥമായി ചിന്തിക്കുന്നവരും തദനുസരണം പ്രവത്തിക്കുന്നവരുമുണ്ടെന്നു് ആ ദിവ്യൻ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയായിരുന്നു അവിടുന്നു ജാതനായതും അമ്മയുടെ ഉദരത്തിൽവച്ചു തന്നെ പവിത്രീകരിക്കപ്പെട്ടതും. സത്യത്തിൻെറ പ്രവാചകനായി ദൈവം മുൻകൂട്ടിക്കണ്ട ധമ്മനിരതനും കമ്മധീരനുമായിരുന്നു സ്നാപകയോഹന്നാൻ.

---

വച്ച് ഡയക്ളേഷ്യൻ ചക്രവത്തിയുടെ കാലത്ത് തൻെറ വേലക്കാരത്തിയായിരുന്ന എഃറാത്തെയിസ് എന്ന സ്ത്രീയോടൊന്നിച്ച് ക്രിസ്തുനാഥനെപ്രതി ജീവൻ സമർപ്പിച്ചു.

(49) കരീനാ, രക്തസാക്ഷിണി. തിരുനാൾ, നവംബർ 7. ജൂലിയൻ ചക്രവത്തിയുടെ കാലത്ത് അൻചിറാ എന്ന സ്ഥലത്തുവച്ച് രക്തം ചിന്തി വിശ്വാസം സംരക്ഷിച്ചു.

(50) കാരിത്താസ്: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ. ആഗസ്റ്റ 1. ഹാഡ്രിയൻ ചക്രവത്തിയുടെ കാലത്ത് റോമിൽവച്ച്, ഫീദെസ് എന്നു പേരുള്ള സഹോദരിയുമൊന്നിച്ച് രക്തസാക്ഷിമകുടം പ്രാപിച്ചു.

(51) കാസ്സിയാ: രക്തസാക്ഷിണി. തിരുനാൾ. ജൂലൈ 20. ഡമാസ്കസ് എന്ന പട്ടണത്തിൽവച്ച് വേറെ പലരോടൊന്നിച്ച് ക്രിസ്തീയവിശ്വാസത്തെപ്രതി സ്വജീവൻ ബലി സമർപ്പിച്ചു.

(52) കത്തറീനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ. നവംബർ 25. അസാധാരണ ബുദ്ധിമതിയായിരുന്നു. അലെക്സാൻഡ്രിയായിൽവച്ച് മാക്സിമിയൻ ചക്രവത്തിയുടെ കാലത്ത് അനേക പീഡകൾ സഹിച്ചു ഭാഗ്യമരണം പ്രാപിച്ചു.

(53) സിയന്നാ കത്തറീനാ, കന്യക. തിരുനാൾ ഏപ്രിൽ 30. സ്വദേശം സിയന്നായായിരുന്നു. ഡൊമിനിക്കൻ സഭയിൽ പ്രവേശിച്ചു. പുണ്യപൂണ്ണതയിൽ എത്തുകയും അനേക അൽഭുതങ്ങൾ പ്രവത്തിക്കുകയും ചെയ്തു. റോമിൽവച്ച് ഏപ്രിൽ 29–ാം തീയതി കത്താവിൽ നിദ്രപ്രാപിച്ചു.

(54) സെലെറീനാ, രക്തസാക്ഷിണി. തിരുനാൾ, ഫെബ്റവരി 3. ആഫ്രിക്കായിൽവച്ച് രക്തസാക്ഷിയായി മരിച്ചു.

(55) കരിത്തീനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ. ഒക്ടോബർ 5. ഡയക്ലേഷ്യൻ ചക്രവത്തിയുടെ കാലത്ത് സത്യവിശ്വാസത്തെ പ്രതി ജീവൻ സമപ്പിച്ചു.

ഒരു മഹൽകൃത്യനിവർഹണത്തിനായി ദൈവം സ്നാപകയോഹന്നാനെ തെരഞ്ഞെടുത്തു. കർത്തവ്യാനുഷ്ഠാനത്തിനു വേണ്ട അനുഗ്രഹം പ്രദാനം ചെയ്യുന്നതിലും ആ പരാശക്തി നിർല്ലോഭമായിത്തന്നെ വർത്തിച്ചു. ജന്മപാപത്തിൽനിന്നും മോചനം നൽകി. എപ്പോൾ? എവിടെവെച്ചു? എവ്വിധം? ജന്മപാപരഹിതയായ കന്യകാമേരിയുടേയും അവരുടെ ഉദരത്തിൽ സ്ഥിതി ചെയ്തിരുന്ന ലോകരക്ഷകന്റേയും യോഗ്യതകളെ പരിഗണിച്ചു് നിർമ്മലനായ കുഞ്ഞാടിനു സാക്ഷ്യം വഹിക്കേണ്ടവൻ ആ കുഞ്ഞാടിന്റെ മാർഗ്ഗം ശരിപ്പെടുത്തേണ്ടവൻ, വീഥി സജ്ജമാക്കേണ്ടവൻ ജനനത്തിനു മുൻപേ തന്നെ പവിത്രീകരിക്കപ്പെട്ടിരിക്കേണ്ടതു ന്യായവും നീതിയും യുക്തവുമായിരുന്നു. ക്രിസ്തുനാഥൻതന്നെ സാക്ഷ്യം നൽകുകയാണു്. "സ്ത്രീജാതരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവരായി ആരുംതന്നെ ഇല്ല." ഇതിൽനിന്നും വിശുദ്ധന്റെ ആത്മാവു് ഒരു മനുഷ്യനു ലഭിക്കാമായിരുന്ന അനുഗ്രഹത്തിന്റെയെല്ലാം കുമ്പാരമായിരുന്നുവെന്നു വിചാരിക്കുന്നതിൽ അപാകതയില്ല.

പുണ്യവാന്മാരിൽ മററാർക്കുംതന്നെ ദൈവം ഈ ആനുകൂല്യം നൽകിയിരുന്നില്ല. ഉദരത്തിൽ വച്ചു പവിത്രീകരിക്കപ്പെട്ട ജനനവേളയിൽ ഒരു നിമിഷംപോലും പിശാചിനടിമയാകാതെ ദൈവസ്നേഹത്തിൽ ഭൂസ്പർശനം ചെയ്യാനുമുള്ള പരമഭാഗ്യം.

ബഹളത്തിലും ഒച്ചപ്പാടിലും നിന്നകന്നു ജീവിക്കണമെന്നതു വിശുദ്ധന്റെ വലിയൊരാഗ്രഹമായിരുന്നു. മനുഷ്യസഹവാസം അദ്ദേഹത്തിനസഹ്യമായിത്തോന്നിയെന്നു ഇതിൽനിന്നും വിവക്ഷിക്കേണ്ടതില്ല. പ്രശാന്തമായൊരന്തരീക്ഷം പാവനചിന്തകൾക്കു കൂടിയേ തീരുവെന്നു അദ്ദേഹം വിധിയെഴുതിയെന്നു മാത്രം. താപസശ്രേഷ്ഠനായി മരുഭൂമിയിൽ അദ്ദേഹം ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. അർദ്ധനഗ്നനായ ഈ മഹർഷി ഒട്ടകത്തോൽകൊണ്ടു നഗ്നത മറച്ചു. കാട്ടുകിഴങ്ങും കാട്ടുതേനും ഭക്ഷണമായി സ്വീകരിച്ചു. ക്ലേശമില്ലാത്തൊരു ജീവിതം. പരാതിയില്ല. പരിഭവമില്ല. ഒരേ ഒരു ചിന്ത. മുൻപനാണെങ്കിലും തന്റെ പിന്നാലെ വരുന്ന സനാതനസത്യത്തിനു സാക്ഷ്യം വഹിക്കുക, ആ പാവനചിന്തയിൽ മാത്രം നിർലീനനായി ജീവിക്കുക. പാടുള്ളടത്തോളം മനുഷ്യഹൃദയങ്ങളെ ദിവ്യസത്യമായ ക്രിസ്തുവിനെ സ്വീകരിക്കുവാനും പുണരുവാനും ഒരുക്കുക. അങ്ങിനെ മനുഷ്യമനസ്സിനെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരത്തെ ഉച്ചാടനം ചെയ്യുക. പ്രകാശത്തിനു ഇരുട്ടിന്റെ മേൽ വിജയം വരുത്തിക്കൊടുക്കുവാൻ പരമാവധി പരിശ്രമിക്കുക തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ ചിന്താശകലങ്ങൾ.

ശരീരം എത്രത്തോളം പീഡനങ്ങൾക്കു വിധേയമായോ അത്രത്തോളം ആ വിശ്വൈകവന്ദ്യനിൽ കുടികൊണ്ടിരുന്ന ചൈതന്യവിശേഷം അരങ്ങത്തു വന്നുകൊണ്ടേയിരുന്നു. യഥാർത്ഥസ്വാതന്ത്ര്യം അദ്ദേഹത്തിനു അനുഭവവേദ്യമായി. സ്വാതന്ത്ര്യത്തിന്റെ പരിശുദ്ധിയെ കാത്തു സൂക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം അക്ഷീണം യത്നിച്ചു.

സ്വാതന്ത്ര്യം ഭയത്തിൽനിന്നും വിമുക്തമാണു്. സത്യത്തിന്റെ ആവിഷ്കരണത്തിനുവേണ്ടി അതു യത്നിക്കുന്നു. വസ്തുതകൾ മുഖം നോക്കാതെ വെട്ടിത്തുറന്നു പറയുന്നതിൽ അതിനൊരു മടിയുമില്ല. തെററു തെറെറന്നും ശരി ശരിയെന്നും ഉച്ചൈസ്തരം ഉൽഘോഷിക്കുക, ഭവിഷ്യത്തുകൾ എന്തുതന്നെയായാലും.

മുപ്പതാമത്തെ വയസ്സിൽ വിശുദ്ധൻ അദ്ദേഹത്തിന്റെ പരസ്യജീവിതം ആരംഭിക്കുകയുണ്ടായി. മരുഭൂമിയിലെ ആ ശബ്ദം പട്ടണങ്ങളിലും ഗ്രാമപ്രദേശത്തും കുടിലിലും കൊട്ടാരത്തിലുമെല്ലാം മാറെറാലിക്കൊള്ളാൻ തുടങ്ങി. ഖിന്നഹൃദയങ്ങൾ ഉത്സാഹഭരിതങ്ങളായി പുതിയൊരു സന്ദേശത്തിന്റെ പ്രവാചകനെ ദർശിക്കാനും ശ്രവിക്കാനും സാധിച്ചതിൽ. പക്ഷെ ഒരു കാര്യം. ആ മനുഷ്യസ്നേഹിയുടെ സ്വരം മൂർച്ചയുള്ള വാൾ മാതിരി പാപികളുടെ നേർക്കു നിപതിക്കുവാൻ തുടങ്ങിയതോടെ ജനങ്ങൾ അമ്പരന്നു. പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപഗതമായി

രിക്കുന്നു. അണലി സന്തതികളെ, ആസന്നമാകുന്ന അമർഷത്തിൽനിന്നു് അകലത്തോട്ടുവിൻ.

മനുഷ്യരുടെ ക്ലേശങ്ങളെ ലഘൂകരിക്കാൻ അദ്ദേഹം ഒരു ഭരണകൂടത്തേയും ആഹ്വാനം ചെയ്തില്ല. ജനങ്ങൾതന്നെയാണു് ജനങ്ങൾതൻ രക്ഷകർ. "രണ്ടു കോട്ടുള്ളവൻ ഒന്നുമില്ലാത്തവനുമായി പങ്കു വയ്ക്കട്ടെ. തിന്നാനും കുടിക്കാനും ധാരാളമുള്ളവൻ അപ്രകാരംതന്നെ ചെയ്യട്ടെ." "The man who has two coats must share with the man who has none and the man who has food to eat must do the like"

നികുതി പിരിക്കുന്നവർ വിശുദ്ധനോടു തങ്ങളുടെ കടമകൾ എന്തൊക്കെയാണെന്നു് ആരായുകയുണ്ടായി. അതിന്നു് അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു. നിശ്ചയിച്ചിട്ടുള്ള തുകയിൽ ഒന്നും കൂട്ടി ഈടാക്കരുതു്. സത്യസന്ധമായും നീതിയുക്തമായും പെരുമാറുക. Be honest and just. Never exact more than your fixed rate. പട്ടാളക്കാർക്കും അറിയണം തങ്ങളുടെ ചുമതലകൾ എന്തെല്ലാമെന്നു്. അദ്ദേഹം പറഞ്ഞു. "ആരുടേയും വസ്തുക്കൾ പിടിച്ചുപറിക്കരുതു്. ആരേയും അകാരണമായി പഴിക്കയുമരുതു്. നിങ്ങൾക്കു കിട്ടുന്ന വേതനംകൊണ്ടു തൃപ്തിപ്പെടുക."

നവീനാശയങ്ങൾ വിശുദ്ധനു നിരവധി അനുയായികളെ ആർജ്ജിച്ചുകൊടുത്തു. ഗുരുകുലം ഉടലെടുത്തു. ഗുരുദേവനും ശിഷ്യഗണങ്ങളും. നിരവധിയാളുകൾ ആ മഹർഷിയിൽ ആകൃഷ്ടരായി. അദ്ദേഹത്തിൻെറ ലളിതജീവിതത്തിലും ഉയന്ന ചിന്തയിലും. ചിലർ ഒരുപടികൂടെ കടന്നു ചിന്തിക്കുവാൻ തുടങ്ങി. ഇദ്ദേഹമായിരിക്കുമോ വരുവാനിരിക്കുന്നവൻ-മിശിഹാ. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ. വല്ലാത്തൊരു സംശയം! മാനസ സരസ്സുകളിലെ ചെറിയ ചലനങ്ങൾപോലും ഗ്രഹിക്കുവാൻ ശേഷിയുള്ള മഹർഷി മറുപടി നൽകി. "ഞാൻ ക്രിസ്തുവല്ല. എന്നേക്കാൾ ബലവാനായവൻ വരുന്നു. വരുവാനിരിക്കുന്നവൻ എന്നേക്കാൾ ബലിഷ്ഠനാകുന്നു. അവൻെറ ചെരുപ്പുകളുടെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ ഉയരണം ഞാൻ താഴണം. ഞാൻ താഴ്ന്നു താണു കീടമായി രൂപാന്തരീഭവിക്കണം. അന്യഥാ പറഞ്ഞാൽ ഞാൻ ഉഷസ്സു് അവൻ പ്രഭാതം. അവൻ വസ്തു ഞാൻ നിഴൽ. അവൻ ജലം ഞാൻ കുമള. അവൻ അകാലികൻ ഞാൻ കാലികൻ. അവൻ യജമാനൻ ഞാൻ ഭൃത്യൻ. അവൻ അയയ്ക്കപ്പെട്ടവൻ ഞാൻ അയയ്ക്കപ്പെട്ടവനുവേണ്ടി അയയ്ക്കപ്പെട്ടവൻ. അവൻ യാഥാർത്ഥ്യം ഞാൻ സ്വപ്നം, അവൻ ശബ്ദം ഞാൻ ധ്വനി; അവൻ സ്രഷ്ടാവു് ഞാൻ സൃഷ്ടി." അതേ, വിശുദ്ധൻ വെറുമൊരു ചിഹ്നമായിരുന്നു. അടയാളം. ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലക (Sign-post). ഈ വസ്തുത സ്നാപക യോഹന്നാൻെറ ശിഷ്യഗണങ്ങൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണു് അവർ അമാന്തിക്കാതെ ക്രിസ്തുവിൻെറ ശിഷ്യഗണത്തിൽ പേരെഴുതാൻ വെമ്പൽ പൂണ്ടതു്.

ക്രിസ്തുനാഥൻ വലിയൊരു പുരുഷാരത്തിൻെറ മദ്ധ്യേ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനായി യോർദ്ദാൻ നദീതീരത്തിലെത്തി. യോഹന്നാൻ പറഞ്ഞു ഇതാ കർത്താവിൻെറ കുഞ്ഞാടു വരുന്നു. കണ്ടാലും ലോകത്തിൻെറ പാപങ്ങൾ ഹനിക്കുന്നവൻ. എനിക്കു പിൻപേയാണു് വന്നതെങ്കിലും എന്നേക്കാളും ആരേയുംകാളും മുൻപനാണിവൻ.

യേശു:—ഞാൻ അവിടത്തെ കരങ്ങളാൽ സ്നാനപ്പെട്ടുവാൻ വന്നവനാണു്.

യോഹന്നാൻ:—നിന്നാൽ സ്നാനപ്പെടേണ്ട ആവശ്യം എനിക്കുണ്ടു്. പിന്നെ നീ എൻെറ അടുക്കൽ വരുന്നുവോ ?

യേശു:—ഇപ്പോൾ ഇതു സമ്മതിക്കുക. ഇപ്രകാരം സകല നീതിയേയും പൂർത്തിയാക്കുന്നതു് നമുക്കു് ഉചിതം ആകുന്നു.

യോഹന്നാൻ:—അങ്ങനെയോ ? എങ്കിൽ അവിടുത്തെ ഇച്ഛപോലെ നടക്കട്ടെ.

സൂര്യോദയമായി. അരുണിമ നീങ്ങി. വെള്ളപ്പാൻകാലത്തെ ദീപ്തി പ്രകാശത്തിനു വഴിമാറിക്കൊടുത്തു. ഇനി മുഖവുരയുടെ അവശ്യമില്ല. ഇതിവൃത്തം എല്ലാവർക്കും അനുഭവവേദ്യമായി. പക്ഷെ വിശുദ്ധന്മാരെല്ലാം അവരുടെ അന്ധകാരത്തിൻെറ വിനാഴികയിലൂടെ കടന്നേ മതിയാവൂ. "ഈ മണിക്കൂർ നിങ്ങളുടേയും അന്ധകാര

# സ്നേഹത്തിന്റെ പരിമളം പരത്തിയ ചെറുസൂനം

(ബ്രദർ പീയൂസ് സി. എസ്സ്. ററി. മൂക്കന്നൂർ)

സ്നേഹം! എത്ര അഭികാമ്യവും മനോജ്ഞവുമായ ചെറു പദം! എത്രയോപേരിൽ എന്തെല്ലാം വികാര വേലിയേററങ്ങളാണ് ഈ രണ്ടക്ഷരങ്ങൾ ഉളവാക്കിയിട്ടുള്ളതു്. ദൈവംതന്നെ ഉന്നതങ്ങളിൽ നിന്നു് കണ്ണുനീരിന്റെ ഈ താഴ്വരയിലേയ്ക്കു ഇറങ്ങി വന്നതു് സ്നേഹം കൊണ്ടല്ലയോ? ഇത്ര മഹത്തായ ഈ സ്നേഹത്തിനു് വേണ്ടി നമ്മുടെ ഇടയിൽ ജീവിച്ച ഒരു ചെറുകന്യക വി. കൊച്ചുത്രേസ്യാ—അവൾ സ്നേഹത്തിന്റെ പാട്ടു പാടി ആ സ്വരങ്ങളിൽ ചിലതു നമുക്കു ശ്രവിക്കാം. അവളുടെ ജീവിതത്തിലേയ്ക്കു ഒന്നു കണ്ണോടിക്കാം.

---

ശക്തികളുടേതുമാകുന്നു'' എന്ന ക്രിസ്തുവിന്റെ വാക്കുകൾ അവ ഉച്ചരിക്കപ്പെട്ടുന്നതിനുമുൻപേ തന്നെ സ്നാപക യോഹന്നാന്റെ ജീവിതത്തിൽ അന്വർത്ഥമാകുന്നു. എങ്കിലും സത്യത്തിനു സാക്ഷ്യം വഹിക്കാൻ ഭൂജാതനായവൻ അനീതിയുടെയും അക്രമത്തിന്റെയും മുൻപിൽ മുട്ടുമടക്കാൻ വിസമ്മതിച്ചു. ഫലമോ? രാജാധികാരവുമായുള്ള ഏററുമുട്ടൽ. രാജാവിൽ പുണ്യവാൻ കളങ്കം കണ്ടെത്തി. അതിനെ അദ്ദേഹം വെളിച്ചത്തു കൊണ്ടുവന്നു. പ്രജകൾ രാജാവിന്റെ ജീവിതത്തിലെ ഇരുണ്ട വശങ്ങൾ രംഗത്തു കൊണ്ടുവരാൻ ഭയന്നു് അങ്ങിനെ സത്യവും ധർമ്മവും നീതിയും എരിപൊരികൊണ്ടിരുന്ന വേളയിൽ ആ പരിശുദ്ധാശയങ്ങൾക്കു അദ്ദേഹം സ്ഥിരപ്രതിഷ്ഠ നൽകി. വെള്ളിയും പൊന്നും ചെലവഴിച്ചുകൊണ്ടല്ല സ്വന്തരക്തം ചിന്തിക്കൊണ്ടു്, ശിരച്ഛേദംമൂലം. അദ്ദേഹം രാജകൊട്ടാരത്തിൽ പ്രവേശിച്ചു ഈവിധം അലറി "It is wrong for thee to take thy brother's wife." സ്വസഹോദരനായ ഫിലിപ്പിന്റെ ഭാര്യ ഹെറോദിയായെ ബലാൽക്കാരമായി വശപ്പെടുത്തിയതു തെററാണു്.

രണ്ടു ശക്തികൾ യുദ്ധക്കളത്തിൽ–രാജാധികാരവും ആദ്ധ്യാത്മികവും, മനുഷ്യനിലെ മൃഗവും മനുഷ്യനും, തിന്മയും നന്മയും, അന്ധകാരവും പ്രകാശവും. വമ്പിച്ചൊരു സമരം നടക്കാൻ പോകുന്നു. രാജാവിനറിയാമായിരുന്നു അദ്ദേഹത്തിന്റെ വിവാഹം അസാധുവും നിയമവിരുദ്ധവുമെന്നു്. അദ്ദേഹത്തിനറിയാമായിരുന്നു ജോൺ ദിവ്യനാണെന്നു്, അദ്ദേഹത്തിന്റെ വാദമുഖങ്ങൾ ശരിയാണെന്നു്, എന്നിട്ടെന്തായി? ഒരു പെണ്ണിനെ പ്രീണിപ്പിക്കുവാൻ ദുർബ്ബലമായൊരു മുഹൂർത്തത്തിൽ അദ്ദേഹം സമ്മതം മൂളി–ശിരച്ഛേദം നിർവഹിക്കുവാൻ, താൻ ജീവിതത്തിൽ ആരാധിച്ചുവന്ന മഹർഷിയെ വധിക്കുവാൻ. അന്ധകാരശക്തിയുടെ കറകലർന്ന മനുഷ്യപ്രകൃതിയുടെ താണ്ഡവനൃത്തമെന്നല്ലാതെ മറെറന്താണിതിനെപ്പററി പറയുക.

തലമുറതലമുറയായി അടിയുറച്ച ആദർശത്തിന്റെ ഈ കഥ ജനതതിയുടെ മുൻപിൽ വന്നുനിൽക്കുന്നു. മഹനീയമാതൃക സത്യത്തെ സ്നേഹിക്കുന്നവർക്കും നീതിയും ധർമ്മവും ഈ ലോകത്തിൽ പുലന്നു കാണാനാഗ്രഹിക്കുന്നവർക്കും. രാജാവിൻ കളങ്കം കണ്ടെത്തിയപ്പോൾ അദ്ദേഹത്തെ പരസ്യമായി ഭത്സിക്കുന്നതിനുപോലും ആ മഹർഷി മടിക്കുകയുണ്ടായില്ല. പ്രകൃതിനിയമങ്ങൾക്കും ഈശ്വരശാസനകൾക്കും മനുഷ്യൻ ആരുതന്നെയായാലും കീഴ്വഴങ്ങിയേ മതിയാവൂ എന്നദ്ദേഹം അനുശാസിച്ചു. അവസാനം, ആ ദിവ്യൻ സ്വജീവൻപോലും വെടിയേണ്ടി വന്നു ആദർശത്തിനുവേണ്ടി. പാവനമായ ആശയങ്ങളുടെ സംസ്ഥാപനാർത്ഥം അനേക നൂററാണ്ടുകളായി ഈ മഹനീയ മാതൃകയുടെ പിന്നിൽ ക്രൈസ്തവ ചൈതന്യമുള്ള ജനത പാഞ്ഞെത്തുന്നതിലെന്താണതിശയം.

# കാർമ്മൽ

1873 ജനുവരി 2–ാം തിയതിയാണു് ഈ സ്നേഹതാരം ഭൂജനനം ചെയ്തതു്; മാർട്ടിന്റേയും സെലിഗ്വറിന്റേയും— അതായിരുന്നു അവളുടെ മാതാപിതാക്കളുടെ പേർ—സ്നേഹം മുഴുവൻ തങ്ങളുടെ ഇളയ സന്താനമായ കൊച്ചുത്രേസ്യയുടെമേൽ വീഴ്ത്തി. അവളുടെ ഹൃദയം സ്നേഹത്താൽ തുടിക്കുന്ന ഒന്നായിരുന്നു. അവൾ അതിന്റെ സകല പക്ഷങ്ങളേയും സ്വർഗ്ഗത്തിലേക്കു തിരിച്ചു. ജീവിതത്തിന്റെ പ്രഭാതത്തിൽ വച്ചുതന്നെ അവൾ പഠിച്ചു ദൈവം സ്നേഹമാകുന്നുവെന്നു്. ആ സ്നേഹത്തിനുവേണ്ടി കൊച്ചുത്രേസ്യാ തന്റെ സ്നേഹംമാററിവച്ചു.

മനുഷ്യനെ ദൈവത്തിൽനിന്നു്, അവന്റെ ആനന്ദവും അന്ത്യവുമാകുന്ന ആ മോഹനപ്രതീകത്തിൽ നിന്നു് അകററുന്നലോകത്തെ അതിന്റെ സകല മായകളോടും കൂടി വലിച്ചെറിഞ്ഞുകൊണ്ടു് 'സ്നേഹത്തിന്റെ തടവുകാരി'യാകുവാൻ അവൾ സന്യാസഭവനത്തിന്റെ കനത്ത ഭിത്തികൾക്കുള്ളിൽ പ്രവേശിച്ചു. ലോകം ഇനിമേൽ അവളുടേതല്ല. അവൾ ലോകത്തിന്റേതുമല്ല. അവൾ പാടി: "ഓ എന്റെ സ്നേഹഭജനമേ! നിന്റെ തിരുമനസ്സ് എന്നിൽ പൂർണ്ണമായി നിറവേററുവാൻ എന്നെ നിനക്കു പൂർണ്ണമായി ഞാൻ കാഴ്ചവയ്ക്കുന്നു" എന്നു്.

അവൾ മനസ്സിലാക്കി സഹോദരനെ സ്നേഹിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നില്ലെന്നു്,— അതുകൊണ്ടു് അവൾ മററുള്ളവരിൽ തന്റെ മണാളനെ മാത്രം ദർശിക്കുവാൻ ഉറച്ചു. ഈ സ്നേഹത്തിന്റെ ലക്ഷ്യം കാണിക്കുവാൻ ഒരവസരം അവൾ കണ്ടുവച്ചു. കോപിഷ്ഠയും ശാഠ്യക്കാരിയും ആരാലും സംതൃപ്തിപ്പെടുത്തുവാൻ സാധിക്കാത്തവളും പ്രായാധിക്യത്താൽ അവശയുമായ ഒരു സഹോദരിയെ ശുശ്രൂഷിക്കുവാൻ കൊച്ചുത്രേസ്യാ അനുവാദം വാങ്ങി. അവൾക്കറിയാം തന്റെ സ്നേഹനാഥന്റെ നേരെയുള്ള സ്നേഹത്തിന്റെ മാററു കാണിക്കുവാനുള്ള അവസരം ഈ പ്രവൃത്തിയിൽ അസുലഭമല്ലെന്നു്. ഈ സ്നേഹത്തിന്റെ 'സെറാഫ'മും ആ സാധുവിന്റെ ശകാരത്തിനു് ആദ്യമാദ്യം ഇരയാകാതിരുന്നില്ല. എന്നാൽ കൊച്ചുത്രേസ്യയ്ക്കു് അധികം ദിവസം വേണ്ടിവന്നില്ല, ആ സാധുവിനു് നിറഞ്ഞ സന്തോഷവും സംതൃപ്തിയും പകർന്നുകൊടുക്കുവാൻ. പലരും ഈ പ്രത്യേക സംഗതിയിൽ അതിശയിച്ചു. അവൾ പറഞ്ഞു: "എനിക്കു, മിശിഹായാണു് ഏല്പിക്കപ്പെട്ടിരുന്നതെങ്കിൽ ഇതിൽ കവിഞ്ഞ ശ്രദ്ധ കാണിക്കുവാൻ സാധിക്കുമായിരുന്നില്ല" എന്നു്. 'നിങ്ങൾ ഈ ചെറിയവനു് ചെയ്യുമ്പോഴെല്ലാം എനിക്കു ചെയ്തു' എന്നുള്ള അവളുടെ മണാളന്റെ വാക്കു കൊച്ചുത്രേസ്യായെ നിരന്തരം ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു.

ബലവാന്മാരെ ലജ്ജിപ്പിക്കുന്ന അവളുടെ ചില വാക്കുകൾ—'ഓ! ഈശോയെ! നരകത്തിൽ അങ്ങു് സ്നേഹിക്കപ്പെടുന്നില്ലല്ലോ. അവിടേയ്ക്കു ചാടിവീണു് അവിടെ അങ്ങയുടെ സ്തോത്രങ്ങൾ പാടുവാൻ എന്റെ ഹൃദയം ത്രസിക്കുന്നു.' അവളുടെ സ്വർഗ്ഗം സ്നേഹമായിരുന്നു.

അവൾ എല്ലാവരിലും ദൈവത്തെ ദർശിച്ചു; അതിനാൽ അവളുടെ സ്നേഹത്തിൽ നിന്നു് ആരും ഒഴിവാക്കപ്പെട്ടില്ല- സ്വസഹോദരനെ ദ്വേഷിക്കുന്ന ആധുനികലോകത്തിനു് ഈ ചെറുകന്യക ഒരു ചോദ്യചിഹ്നമാണ്. ഈ ചെറുപെണ്ണിന്റെ അരൂപി നാമും സമ്പാദിച്ചിരുന്നെങ്കിൽ, നമ്മുടെ സഹോദരങ്ങളിൽ ദൈവത്തെ കണ്ടിരുന്നെങ്കിൽ ലോക പ്രശ്നങ്ങൾ ഇന്നു് ഒരു കീറാമുട്ടിയാകുമായിരുന്നില്ല. കൊച്ചുത്രേസ്യയെ സ്നേഹിച്ച ദൈവം നമ്മെയും അതുപോലെ സ്നേഹിക്കുന്നുണ്ടു്. പിന്നെ എവിടെയാണീ വിടവ്? കൊച്ചുത്രേസ്യാ സ്നേഹിച്ചതുപോലെ നാം ദൈവത്തെ സ്നേഹിക്കുന്നില്ല.

കൊച്ചുത്രേസ്യാ സന്യാസസഭയിൽ പ്രവേശിച്ചിട്ടു് കാലം അധികമായിട്ടില്ല. അവൾക്കു് വയസ്സ് 25 ഇനിയും തികഞ്ഞിട്ടില്ല. എന്നാൽ പ്രകൃതിയാകുന്ന ആ കലാകാരൻ അവളിൽ ചില ചിത്രങ്ങൾ വരച്ചു. ഹൃദയങ്ങളെ കുളിർപ്പിക്കുകയും കരൾ കവരുകയും സുന്ദരഭാവനകളെ ഉണർത്തുകയും ചെയ്യുന്ന അവളുടെ മുഖകമലം ഇന്നു് ആരിലും സങ്കടവും സഹതാപവും മാത്രമേ ജനിപ്പിക്കുകയുള്ളൂ. ക്ഷയരോഗം, അവളുടെ ശരീരവും ആയുസ്സും ഒന്നുപോലെ കരണ്ടുതിന്നാൻ തുടങ്ങി. കട്ടിലാണു് അവളുടെ ഏകാശ്രയം. ജോലി ചെയ്യാനും സമ്പത്തുണ്ടാക്കാനും അവൾ തികച്ചും അപ്രാപ്തയായി. അവൾ ഇതിൽ ആകുലപ്പെട്ടോ? ഇല്ല. ആ സ്നേഹഗായിക ഇവിടെയും സ്നേഹത്തിന്റെ പാട്ടുപാടി—ഇതു് എന്റെ ദൈവത്തിന്റെ സ്നേഹചിത്തമാണെന്നു്. അവൾ തുടർന്നു. മുള്ളു (സഹനം)

# കത്തോലിക്കാലോകം

(F. C.)

1. *ഫാത്തിമാ*. 1960–ൽ ഫാത്തിമായിലെ മാതാവിന്റെ ദേവാലയം സന്ദർശിച്ചവരുടെ സംഖ്യ ഒന്നരക്കോടിയിൽപരമാണ്. ഇവർ 46 രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. ഫാത്തിമായിലെ ബസ്ലിക്കായിലും വിവിധ ആശ്രമങ്ങളിലും മഠങ്ങളിലും സെമിനാരികളിലും അർപ്പിക്കപ്പെട്ട ദിവ്യബലികൾ 30,000, ദിവ്യകാരുണ്യസ്വീകരണം 500,000. 82 ധ്യാനമന്ദിരങ്ങളിലായി 8000-ൽ പരം ആളുകൾ സംബന്ധിച്ചിട്ടുണ്ട്.

2. *മ്യൂനിക്ക്*. മ്യൂനിക്ക് ദിവ്യകാരുണ്യകോൺഗ്രസ്സിൽ ഉപയോഗിച്ച ആയിരക്കണക്കിനുള്ള തിരുവസ്ത്രങ്ങളും അൽത്താരവിരികളും, കാസാ മുതലായ തിരുപ്പാത്രങ്ങളും മാർപ്പാപ്പാ തിരുമേനിക്കു സമ്മാനിച്ചിരിക്കുന്നു. അവയെല്ലാം വിവിധ മിഷ്യൻകേന്ദ്രങ്ങൾക്കായി തിരുമനസ്സുകൊണ്ട് നൽകുന്നതാണ്.

---

കളുടെ മൂർച്ച കൂടുമ്പോൾ എന്റെ പാട്ടിന്റെ മാധുരി വർദ്ധിക്കുമെന്ന്. പ്രകൃതി നിഷ്ഠുരണം നമ്മിൽ താണ്ഡവനൃത്തം നടത്തുമ്പോൾ, ആദത്തിന്റെ പാപത്തിന്റെ അവശ്യമായ ക്ലേശങ്ങൾ നാം സഹിക്കുമ്പോൾ ഒരു കാശിനു വിലയില്ലാത്ത ഓട്ടപ്പെട്ട മൺപാത്രംപോലെ നാം നമ്മുടെ സ്വന്തപ്പെട്ടവരാൽ അവഗണിക്കപ്പെട്ടമ്പോൾ നമുക്കും ആ വാനംപാടിയോടു കൂടി പാടാം—ഇതു എന്റെ ദൈവത്തിന്റെ സ്നേഹചിത്തമാകുന്നു, ഞാൻ ഇതിനെ സ്നേഹിക്കുന്നു മിശിഹാക്കുവേണ്ടി—എന്ന്.

സമ്പന്നരിൽ സമ്പന്നനും ശക്തരിൽ ശക്തനുമായ ദൈവം നമ്മുടെ പ്രവൃത്തിയുടെ വലിപ്പവും നാം സഹിച്ച ക്ലേശത്തിന്റെ കാഠിന്യവുമല്ല നോക്കുന്നതു്, എന്തെന്നാൽ വൻകാര്യങ്ങൾ, അവിടത്തേക്കു സാധിക്കണമെങ്കിൽ അതുല്യശക്തരായ വാനവർ അഹമഹമികയാ അവിടുത്തെ സന്നിധിയിൽ നില്ക്കുന്നുണ്ടു്; പിന്നെയോ നമ്മുടെ സ്നേഹമാണ് അങ്ങുന്ന് ആവശ്യപ്പെടുന്നതു്. നമ്മുടെ പ്രവൃത്തികൾ അവിടുത്തെ നേരെയുള്ള സ്നേഹത്താൽ പ്രേരിതമായാൽ നാം അങ്ങേക്കു സംപ്രീതരാണ്.

ദൈവസ്നേഹത്തിന്റെ പടികൾ കയറാൻ ശ്രമിക്കുകയും വഴുതി വീഴുകയും ചെയ്യുന്നവർക്കു അവളൊരു വിളക്കാണ്, ആലംബമാണ്. കൊച്ചുത്രേസ്യാ പറയുകയാണ്: നിങ്ങൾ വലുതാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ ചെറുതാകുക. അധികം വലുതാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ അധികം ചെറുതാകുക എന്ന്. കട്ടിലും, കഷായവും മാത്രം ആശ്രയമായ കൊച്ചുത്രേസ്യാ എങ്ങനെ ഇത്ര ഉന്നതമായ നിലയിലേക്കുയർന്നു? അതിന്റെ മാർഗ്ഗം സ്നേഹം ഒന്നുമാത്രം. സഹനത്തിന്റെ ചൂളയിൽ സ്നേഹാഗ്നിയാൽ കത്തിയെരിയുന്ന ഈ സ്നേഹത്തിന്റെ പാട്ടുകാരി, ഒരു ദിവസം മറെറാരു സഹോദരിയുടെ ഔദാര്യത്തിൽ ആശ്രയിച്ച് മുററത്തുകൂടെ മന്ദംമന്ദം നടക്കുകയായിരുന്നു. ഒരാൾ ചോദിച്ചു, സോദരീ ഇത്ര ക്ലേശിച്ചുനടക്കുന്നതു് എന്തിനാണ്? ഇതായിരുന്നു അവളുടെ മറുപടി. അതാണ് അവളെ വലിയവളും എല്ലാവർക്കും ഒരു വഴിവിളക്കും എല്ലാററിനും ഉപരിയായി ആധുനികലോകത്തിലെ ഏററം വലിയ വിശുദ്ധയും ആക്കിത്തീർത്തതു്. 'ഞാൻ ഈശോയെപ്രതി ഇതു ചെയ്യുന്നു. വിദൂരസ്ഥിതമായ മിഷ്യൻരാജ്യങ്ങളിൽ മിശിഹായ്ക്കുവേണ്ടി വേല ചെയ്യുന്ന മിഷ്യനറിയുടെ പാദങ്ങൾക്കു ശക്തി കിട്ടുവാൻ എന്റെ ഓരോ അടികളും ഈശോയ്ക്കു് കാഴ്ച വക്കുന്നു' എന്ന്. അതെ, സ്നേഹത്തോടുകൂടിയ സഹനമാണ് ആത്മാക്കളെ വിലക്കു വാങ്ങുന്നതു്.

ലോകത്തിന്ന്, അവൾ കാണിച്ചുകൊടുത്ത കുറുക്കുവഴി ഇതാണ്. സുഖത്തിലും ദുഃഖത്തിലും രാവും പകലും ഈശോയെ സ്നേഹിക്കുക. ഇങ്ങനെ നാം ദൈവത്തിങ്കലേക്കു അടുക്കുമ്പോൾ കണ്ണുനീരിന്റെ ഈ താഴ്വരയിൽ നാം ആനന്ദം കണ്ടെത്തും. "സ്നേഹം പ്രതിസ്നേഹത്താൽമാത്രമേ വീട്ടുകയുള്ളൂ എന്ന ചിന്താശകലം നമുക്കായി വിട്ടിട്ട് അംബരത്തിനപ്പുറത്തുള്ള ആ സ്നേഹനികേതനത്തിലേയ്ക്കു ആ സ്നേഹത്തിന്റെ ചെറുസൂനം, ആ വാനംപാടി 1897 സെപ്റ്റംബർ 30_ാംനു പറന്നു പോയി. സ്നേഹത്തിന്റെ അനേകം ബലിവസ്തുക്കൾ, ഇനിയും മുളയെടുക്കുവാൻ വി.കൊച്ചുത്രേസ്യ ഇടയാക്കട്ടെ.

3. *ക്യൂബ.* ഫിഡൽകാസ്റ്റ്രോയുടെ ഗവമ്മെൻറ ക്യൂബയിലെ കത്തോലിക്കാ സ്കൂളുകളെല്ലാം ബലമായി പിടിച്ചെടുത്തിരിക്കുന്നു. അവിടെ ആകെ 350 കത്തോലിക്കാ വിദ്യാസ്ഥാപനങ്ങളും 75000 വിദ്യാർത്ഥികളുമാണുള്ളതു്.

4. *ഹംഗറി.* ഒൻപതു വൈദികരുൾപ്പെടെ 12 കത്തോലിക്കരെ നാടകീയമായ ഒരു വിചാരണയ്ക്കു ശേഷം ജയിലിലിട്ടടച്ചുകൊണ്ടു് ഹംഗറിയിൽ കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടു് കത്തോലിക്കാസഭാമർദ്ദനം പുനരാരംഭിച്ചിരിക്കുന്നു.

5. *പീലാത്തോസ്.* ഇസ്രായേൽ രാജ്യത്തു മെഡിററേനിയൻ തീരത്തുള്ള ചെസറയ എന്ന സ്ഥലത്തുവച്ചു്, പീലാത്തോസിൻെറ നാമം ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു കല്ലു് കണ്ടെടുത്തിരിക്കുന്നു.

6. *ട്രാപ്പിസ്ററ്സ്.* 18 കൊല്ലം മുമ്പു് U. S. A.-യിൽ 3 ട്രാപ്പിസ്റ്റ് ആശ്രമങ്ങളും 150 സന്യാസികളുമാണുണ്ടായിരുന്നതു്. ഇന്നു് ആശ്രമങ്ങളുടെ സംഖ്യ 12; സന്യാസികൾ 1200.

7. *വത്തിക്കാൻ.* "ഒബ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻ ദിനപ്പത്രത്തിൻെറ ശതാബ്ദജൂബിലി പ്രമാണിച്ചു് പ്രസ്തുത പത്രത്തിൻെറ 64 പേജുള്ള ഒരു ലക്കം 7 ഭാഷകളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ പത്രത്തിൻെറ 5 കോപ്പികൾ പ്രതിദിനം മോസ്കോയിലേക്കു് അയച്ചുകൊണ്ടാണിരിക്കുന്നതു്. അവിടത്തെ വിവിധ ഗ്രന്ഥശാലകളിലേക്കുവേണ്ടി.

8. ജപ്പാനിലെ 26 വേദസാക്ഷികളുടെ-(6 ഫ്രാൻസിസ്കൻ സന്യാസികൾ, 3 ഈശോസഭാംഗങ്ങൾ 17 ജപ്പാൻകാരായ അൽമേനികൾ) മരണത്തിൻെറ ശതാബ്ദജൂബിലി ആഘോഷിക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കയാണു്.

9. ലോകജനസംഖ്യ (1961-ൽ)
2741000,000

ക്രൈസ്തവർ:—

| | |
|---|---|
| കത്തോലിക്കർ | 509,000,000 |
| പ്രോട്ടസ്റ്റൻറകാർ | 256,000,000 |
| ഓർത്തഡോക്സ്സഭക്കാർ | 200,000,000 |
| ആകെ | 965,000,000 |

അക്രൈസ്തവർ:—

| | |
|---|---|
| കൺഫ്യൂസിനിസ്റ്റ്സ് | 392,000,000 |
| മുസ്ലീങ്ങൾ | 365,000,000 |
| ഹിന്ദുക്കൾ | 320,000,000 |
| ബുദ്ധമതക്കാർ | 300,000,000 |
| ആനിമിസ്റ്റ്സ് | 292,000,000 |
| നിരീശ്വരന്മാർ | 95,000,000 |
| യഹൂദർ | 12,000,000 |
| ആകെ | 1776,000,000 |

| ആകെ കത്തോലിക്കർ | ആകെ ജനസംഖ്യയുടെ |
|---|---|
| 509,000,000 | = 18.5 % |
| ഏഷ്യ | = 2.7 % |
| യൂറോപ്പ് | = 41 % |
| അമേരിക്ക | = 54 % |
| ആഫ്രിക്ക | = 9.4 % |
| ഓഷ്യാനാ | = 20.9 % |

10. മിഷനറിമാർ. ലോകത്തിൽ ആകെയുള്ള മിഷനറി മെത്രാന്മാർ 476. അവരിൽ 109 പേർ ഇടവക വൈദികരിൽപ്പെട്ടവരും 367 പേർ വിവിധ സന്യാസ സഭകളുടെ അംഗങ്ങളുമാണു്. അവയിൽ ചിലതു ചുവടെ ചേർക്കുന്നു. ഹോളിഗോസ്റ്റ് ഫാദേഴ്സ് 30, വൈററ് ഫാദേഴ്സ് 28, കപ്പൂച്ചിൻസ് 25, ഒ. എം. ഐ. 23, ജസ്വിററ്സ് 23, ഫ്രാൻസിസ്കൻസ് 19, ദൈവവചനസഭ 12, തിരുഹൃദയസഭ 12, ഡൊമിനിക്കൻസഭ 10, സലേഷ്യൻസ് 10, കർമ്മലീത്തർ 6.

---

ബൽജിയം, അയർലണ്ടു്, ഇററലി എന്നീരാജ്യങ്ങളിൽ ഉപരി പഠനം നടത്തിയതിൻെറശേഷം റവ. ഫാ. ആൻറണി ഒ. സി. ഡി. (പള്ളിച്ചിറ) റവ. ഫാ. സക്കറി (പേഴക്കാട്ടു-ചേന്നാട്ടു്) എന്നിവർ 1961 സെപ്തംബർ 14-ാം തിയതി സസുഖം തിരിച്ചെത്തിയിരിക്കുന്നു. റവ. ഫാ. ആൻറണിക്കു് തത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം ലഭിച്ചിട്ടുണ്ടു്.

---

"തൻെറ ചിന്തകളെ കരുപിടിപ്പിക്കുന്നതിനു് മനുഷ്യൻ എത്രകണ്ട് ശ്രമിക്കുമോ അത്രക്കു് അവൻെറ ചിന്തകൾ അവനെ കരുപിടിപ്പിക്കും."

# പോപ്പുരാജൻ നീണാൾ വിജയിക്കട്ടെ!

(Rt. Rev. Mgr. P. Kackacherry Ph. D., D. D.)



23-ാം യോഹന്നാൻ മാർപ്പാപ്പ തിരുസഭാദ്ധ്യക്ഷസ്ഥാനത്തേക്കാരോഹണം ചെയ്തിട്ട് മൂന്നുവർഷം തികയുവാൻപോവുകയാണ്. ഒക്ടോബർ 29-ാംനു-യാണല്ലോ ഈ ആണ്ടത്തെ പാപ്പാദിനം. ഇത്രയും ഹ്രസ്വമായ കാലയളവിൽ സ്വന്തം ആദ്ധ്യാത്മ മക്കളുടെയെന്നല്ല, ഇതര ക്രൈസ്തവസഭാംഗങ്ങളുടേയും, പൊതുലോകത്തിന്റെതന്നെയും ആത്മാർത്ഥവും അഗാധവുമായ സ്നേഹബഹുമാനാദരങ്ങൾ ഇത്രയും സുലഭമായി സമാർജ്ജിക്കുവാനുള്ള നിസ്തുലഭാഗ്യം മററാർക്കെങ്കിലും കൈവന്നിട്ടുണ്ടോയെന്നു സംശയിക്കണം. ഛിദ്രസഭകളുടേയും പതിതസമൂഹങ്ങളുടേയും പ്രമാണികൾ ആധുനികപാപ്പായുടെ പേരിൽ തങ്ങൾക്കുള്ള അന്യാദൃശവും അകൈതവവുമായ മതിപ്പും മമതയും ഇതിനോടകം പരസ്യമായി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. കത്തോലിക്കാസഭയും വിഭിന്ന ക്രൈസ്തവസഭാവിഭാഗങ്ങളും തമ്മിൽ യുഗയുഗാന്തരങ്ങളായി നിലനിന്നുപോന്ന അകൽച്ചയും സംശയമനോഭാവവും അത്ഭുതാവഹമാം വിധം ത്വരിതഗതിയിൽ ദൂരീകരിക്കപ്പെട്ടുവരുന്നതുപോലെ തോന്നുന്നു. പ്രോട്ടസ്റ്റാന്റുമതവിപ്ലവാനന്തരം ഇദംപ്രഥമമായിട്ടാണല്ലോ, ആംഗ്ലിക്കൻ സഭയുടെ പരമാദ്ധ്യക്ഷനായ കാൻറർബറി ആർച്ചുബിഷപ്പ് റോമാ മാർപ്പാപ്പായെ കുറച്ചുമുമ്പു സന്ദർശിച്ചതു്. അദ്ദേഹത്തിന്റെ പിൻഗാമിയായ ഡോ. റാംസെയും പ. പിതാവുമായി സുഹൃൽബന്ധം പുലർത്തുന്നതിൽ അതീവോൽസുകനാണ്.

2-ാം വത്തിക്കാൻ സൂനഹദോസ് വിളംബരത്തെ പ്രോട്ടസ്റ്റാന്റ് സഭാധികാരികളും, ഛിദ്രസഭാദ്ധ്യക്ഷന്മാരും കൗതുകാവഹമാം വിധം പ്രതീക്ഷാനിർഭരമായ പ്രത്യാശകളോടും, ഊഹാതീതമായ അഭിനന്ദനാദരവുകളോടും കൂടിയാണു സ്വാഗതം ചെയ്തതു്. "റേരം നൊവാരം" എന്ന വിശ്വലേഖനത്തിന്റെ 70-ാം വാർഷിക സ്മാരകമായി പ്രസിദ്ധം ചെയ്യപ്പെട്ട "അമ്മയും അദ്ധ്യാപികയും" എന്ന തിരുവെഴുത്തു വിളംബരമാണ് യോഹന്നാൻപാപ്പായുടെ ഒടുവിലത്തെ ചാക്രികസന്ദേശം. സാമൂഹ്യനീതിയെപററിയുള്ള തിരുസഭയുടെ സിദ്ധാന്തങ്ങളേയും നിലപാടിനേയും വിശദീകരിക്കുന്ന പ്രസ്തുത വിശ്വലേഖനത്തെപ്പററി പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഇക്കഴിഞ്ഞ ലോകസഭാസമ്മേളനത്തിൽ ഹാർദ്ദമായ ആദരവോടും അഭിനന്ദനത്തോടുംകൂടി ചെയ്ത പരാമർശം പത്രപംക്തികളിൽ നാം വായിച്ചതാണല്ലോ.

ഇത്രയും പറഞ്ഞതു ഇക്കൊല്ലത്തെ പാപ്പാദിനാഘോഷത്തിനുള്ള പൂർവാധികമായ പ്രാധാന്യവും പ്രസക്തിയും സൂചിപ്പിക്കുവാൻ വേണ്ടിയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനെക്കുറിച്ചുള്ള ഭാസുരമായ സുപ്രതീക്ഷകൾ മൊട്ടിട്ടുനിൽക്കുന്ന ഒരന്തരീക്ഷത്തിലാണ് ഈ സുദിനാചരണം നടക്കുക. ഈ സാഹചര്യവിശേഷവും പ്രസ്തുതമഹോത്സവത്തിനു പണ്ടെങ്ങുമുണ്ടായിട്ടില്ലാത്ത വിധം സമാകർഷകവും സുമധുരവുമായൊരു പരിവേഷം ചാർത്താതിരിക്കുകയില്ല. പോരെങ്കിൽ യോഹന്നാൻ പപ്പായുടെ 80-ാം ജന്മദിനാഘോഷവും കൂടി സമ്മേളിക്കുമ്പോൾ ഇത്തവണത്തെ പാപ്പാദിനാഘോഷത്തെ ഇരട്ടി മധുരമാക്കിത്തീർക്കും. നവംബർ 25-നു-യാണല്ലോ അവിടത്തെ പിറന്നാൾ.

ജീവിച്ചിരിക്കുമ്പോൾ തന്നെ "ഐതിഹ്യപരിവേഷ" മണിയുവാനിടവരിക ലോകവാസികളിൽ നന്നാച്ചുരുക്കംപേർക്കുമാത്രം അനുഭവവേദ്യമാകുന്ന ഒരു മഹാഭാഗ്യമാണതു്. ഇപ്പോഴത്തെ മാർപ്പാപ്പാ അത്തരം അംഗുലീപരിമിതരിൽ അഗ്രണിയായി തീർന്നിരിക്കുന്നു.

(തുടരും)

# പുതിയ പുസ്തകങ്ങൾ

1. ആദ്ധ്യാത്മികഗീത—by സിസ്റ്റർ മേരി ബനീഞ്ഞാ, സി. ഡി. (രണ്ടാംപതിപ്പ്, 1960) വശങ്ങൾ 68; പ്രസാധകർ: എച്ച്. എസ്. ലീഗ്, ആലുവാ നോർത്ത് P. O.

കത്തോലിക്കാസഭയിലെ ഏക മൌതിക ദൈവശാസ്ത്രമല്പാനായ കുരിശിൻെറ വി. യോഹന്നാൻ സ്പാനിഷ്ഭാഷയിൽ രചിച്ച അതിഗഹനമായ ഒരു കാവ്യത്തിൻെറ ഭാഷാവിവർത്തനമാണിതു്. തികഞ്ഞ കവിതാവാസനയും ഏറെക്കുറെ സ്നേഹാത്മകമായ ദൈവാഭിമുഖധ്യാനശീലവും ഒത്തിണങ്ങിയ ഒരാത്മാവിനു മാത്രമേ മേൽ പറഞ്ഞ മിസ്റ്റിക്ക്ഗാനം ആശയവൈകല്യം കൂടാതെ തന്മയത്വത്തോടുകൂടി ഭാഷാന്തരം ചെയ്യുന്നതിന് സാധിക്കുകയുള്ളു. ആ സ്തുത്യർഹമായ കൃത്യമാണു കർമ്മെലസന്താനം എന്ന നിലയിൽ ഞങ്ങളുടെ അഭിമാന ഭാജനമായ പ്രിയ സിസ്റ്റർ ബനീഞ്ഞാ നിർവ്വഹിച്ചിട്ടുള്ളതു്. ഈ ബഹുമാന്യ കവയിത്രിയും അവരെ തൽകൃത്യത്തിനു പ്രോത്സാഹിപ്പിക്കുകയും, പ്രൗഢമായ ഒരാമുഖോപന്യാസവും പദ്യവ്യാഖ്യാനങ്ങളും എഴുതിക്കൊടുത്തു സഹായിക്കുകയുംചെയ്ത റവ. ഫാ. ഫിലിപ്പ് ഒ. സി. ഡി. യും കൈരളിക്കെന്നും അവിസ്മരണീയരായിരിക്കും. (F. E.)

2. അഞ്ചുതരം കമ്മ്യൂണിസ്റ്ററുകൾ — രചയിതാക്കൾ: വി. എൽ. തോമസ്, പി.സി. ജോസഫ് വശങ്ങൾ 55; 1960, പ്രസാധകർ: എച്ച്. എസ്. ലീഗ് ആലുവാ നോർത്ത് P. O. വില 40 ന. പ.

ഈ അഞ്ചുതരം കമ്മ്യൂണിസ്റ്റുകൾ ആരെന്നോ? തനികമ്മ്യൂണിസ്റ്റുകൾ, ഇടപ്രമാണികൾ, കമ്മ്യൂണിസ്റ്റു കലാകാരന്മാർ, സാമ്പത്തികജീവികൾ. സാധുതൊഴിലാളികൾ ഇവരാണ്. പൊതുജനങ്ങളുടെ വിശ്വാസം ഏറെക്കുറെ ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള കോൺഗ്രസ്സിൻെറ അണികളിൽ നുഴഞ്ഞു കയറി അതിനെ നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ എപ്രകാരം രഹസ്യത്തിൽ പരിശ്രമിക്കുന്നെന്നു് അവരുടെ കുതന്ത്രങ്ങൾ നേരിട്ടറിഞ്ഞിട്ടുള്ളവർ വിവരിക്കുന്നതു് വായിക്കുക. (F. E.)

3. കോരൻെറ കാള (ഖണ്ഡകാവ്യം) ഗ്രന്ഥകർത്താവ്: കെ. എം. മുട്ടുചിറ, വശങ്ങൾ 6, 1961. വില 15 ന. പൈ. പ്രസാധകൻ ഗ്രന്ഥകർത്താവുതന്നെ.

യജമാനനായ കോരനെ ധിക്കരിച്ച് സ്വതന്ത്രനായ കാളക്കുറ്റനും അനുയായികളും ഭക്ഷ്യപ്രശ്നനിവാരണാർത്ഥം സ്വീകരിച്ച ജീവിതചര്യയും അനന്തരഫലങ്ങളുമാണ് ഈ കാവ്യകൃതിയുടെ ഇതിവൃത്തം. കവിയുടെ അസാധാരണമായ ഭാവനാശക്തി ഇതിൽ തെളിഞ്ഞുകാണാം. മൃഗലോകം മാനവലോകത്തിനു് ഉത്തമപാഠം നൽകുന്നു എന്ന ആശയം ഈ കവിതയിൽ വ്യക്തമാക്കിയിരിക്കുന്നു. കവിതയിലെ "സിംബോളിസം" കാവ്യമേന്മ വർദ്ധിപ്പിക്കുന്നുണ്ടു്. യുവകവിക്കു വിജയാശംസകൾ നേർന്നുകൊള്ളുന്നു. (P. P.)

## ഈ ലക്കത്തിൽ


1. ചിരപ്രതീക്ഷിതമായ ഒരു ജൂബിലിവർഷം ... ... ... 97
2. സന്യാസ സാമൂഹ്യജീവിതം (P. L.) ... ... ... 98
3. സമാധാനമാർഗ്ഗം (ഫാ. യൌനാൻ, ഒ. ഐ. സി.) ... ... ... 100
4. ആവിലാ നഗരത്തിൻെറ അമ്പരപ്പ് (ഫാ. ഫിലിപ്പ്, ഒ. സി. ഡി) ... ... 102
5. ക്രിസ്തീയജീവിതത്തിൻെറ രണ്ടു നീരുറവകൾ (ഫാ എലിസേവൂസ്, ഒ. സി. ഡി.) ... ... 104
6. ഇനി എങ്ങനെ ? (P. X.) ... ... ... ... 105
7. സമുദായജീവിതം (വിവർത്തകൻ: പി. എസ്സ് ജോസ്, പുത്തൻതോപ്പ്) ... ... 109
8. കൊന്തയും ചിന്തയും (തുടർച്ച) (ബ്രദർ പീയൂസ്, സി. എസ്സ്, ററി.) ... 110
9. ഭഗീത (തുടർച്ച) (മിസ്സ് ജനററ് ഐസക്ക് M. Sc.) ... ... ... 112
10. വിശുദ്ധകളുടെ പേരുകൾ വിരളമല്ല (തുടർച്ച) (ഫാദർ ഫിലിപ്പ് ഒ. സി. ഡി.) ... ... 119
11. മരുഭൂമിയിലെ ശബ്ദം (ഈ. ലൂയിസ്സ് റോച്ച്, പി. എച്ച്. എൽ; ബി. ഡി.) ... ... 121
12. സ്നേഹത്തിൻെറ പരിമളം പരത്തിയ ചെറുസൂനം (ബ്രദർ പീയൂസ്, സി. എസ്സ്. ററി. മൂക്കന്നൂർ ... 124
13. കത്തോലിക്കാലോകം (F. C.) — ... ... ... 126
14. പോപ്പുരാജൻ നിണാൾ വിജയിക്കട്ടെ (Rt. Rev. Mgr. P. Kackacherry, Ph. D., D. D.) ... 128
15. പുതിയ പുസ്തകങ്ങൾ (കവർ 3)

Lic. No. 581 **CARMEL** Telephone No. 2286

വിദേശത്തു നിന്നും വരുത്തിയ മനോഹരങ്ങളായ ക്രിസ്തുമസ് കാർഡുകൾ, പടങ്ങൾ,
കൊന്തകൾ, കലണ്ടറുകൾ, കാശുരൂപങ്ങൾ, ലോക്കററ്സ് മുതലായ ഭക്ത
സാധനങ്ങൾക്കു ഞങ്ങളെ സമീപിക്കുക.

വിലവിവരപ്പട്ടിക ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കും.
കച്ചവടക്കാർക്കും മൊത്തമായി വാങ്ങുന്നവർക്കും നല്ല കമ്മീഷൻ.

**കാർമ്മൽ ബുക്ക് സ്റ്റാൾ**
തിരുവനന്തപുരം—1.

---

# കാർമ്മെൽ സന്യാസാർത്ഥി മന്ദിരം

## എറണാകുളം

കർമ്മെലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ പ്രവേശിച്ച് പ്രാർത്ഥനാ പരവും ത്യാഗസംപൂർണ്ണവും മരിയാനുഗതവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അനുസരണം ആവശ്യപ്പെടുന്ന ബാഹ്യജോലികളും ചെയ്യുന്നതിനാഗ്രഹിക്കുന്ന നിയോഗശുദ്ധരും, ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫൈനൽ & കോളേജു വിദ്യാർത്ഥികൾ നേരത്തെ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുവിൻ.

**viii, ix** സ്റ്റാൻഡാർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director, Carmel Mandir,
St. Teresa's Carmelite Monastery,
Banerji Road, Ernakulam-1.

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-1.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മെലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1 രൂ.50 ന.പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ച്:- മാനേജർ, „കാർമ്മൽ", സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

---

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors for the Proprietors: Discalced Carmelite Fathers of the Province of Malabar.